KOTTAYAM PUBLIC LIBRARY

Call No. 200.2 Acc. No. 11385

Author: കുമാരൻ നായർ. പി. എം

Title: [illegible]

902

ഭാരതകഥാപാത്രമാല—9

# ഭീഷ്മർ

M 200·2
Kum-B

# BHEESHMAR

By

P. M. KUMARAN NAIR

Publishers:

P. K. BROTHERS,

CALICUT.

Price: Re. 1.00

# ഭീഷ്മർ

ഗ്രന്ഥകർത്താ:

പി. എം. കുമാരൻനായർ

പ്രസാധകന്മാർ:

പി. കെ. ബ്രദേർസ്,

കോഴിക്കോട്

വില: 1 ക.

NATIONAL BOOK STALL
SPCS
LTD.

ഒന്നാംപതിപ്പ് 1960
കോപ്പി 1000

പകർപ്പവകാശം:
പ്രസാധകന്മാർക്ക്

അച്ചടി:

ആസാദ് പ്രിന്റേഴ്സ്, കൊല്ലം.

# വിഷയവിവരം


| | | |
|---|---|---|
| | | പേജ് |
| 1. | ഗംഗാപുത്രൻ | 7 |
| 2. | പിതാവിന്റെ ചികിത്സ | 15 |
| 3. | ഭീഷ്മപ്രതിജ്ഞ | 22 |
| 4. | വംശരക്ഷാപ്രശ്നം | 30 |
| 5. | യുവാവിന്റെ ദൃഷ്ടിയിൽ | 37 |
| 6. | ദുര്യോധനന് ഉപദേശം | 47 |
| 7. | സേനാപതിയായ ഭീഷ്മർ | 53 |
| 8. | യുധിഷ്ഠിരനെ അനുഗ്രഹിക്കുന്നു | 59 |
| 9. | കുരുക്ഷേത്രത്തിലെ പത്താമത്തെ ദിവസം | 65 |
| 10. | ശരശയ്യയിൽ. | 72 |

# ഗംഗാപുത്രൻ

"ദേവീ! അല്പം ക്ഷമിക്കൂ."

ഗംഗ മന്ദമന്ദം ഒഴുകുകയാണ്. നാലുഭാഗത്തും അന്ധകാരം വ്യാപിച്ചിരിക്കുന്നു. തീരപ്രദേശത്തുള്ള വൃക്ഷങ്ങൾ മന്ദമന്ദം ചലിക്കുന്നുണ്ട്. ദൂരത്തുനിന്ന് ഇടയ്ക്കിടെ കുറുക്കന്മാരുടെ ഓരിയിടൽശബ്ദം കേട്ടിരുന്നു. നദിയുടെ മറുകരയ്ക്ക് നീണ്ടുകിടക്കുന്ന മണൽപ്രദേശമുണ്ട്.

ഗംഗാതീരത്തുള്ള രാജധാനിയിൽനിന്ന് ഒരു സ്ത്രീ ഓടിവരുന്നതായി കണ്ടു. വെള്ളത്തനിറത്തിലുള്ള ശരീരം. മുടി കെട്ടഴിഞ്ഞു് മാറത്തു ചിന്നിച്ചിതറിക്കിടപ്പുണ്ട്. അവൾ അതിശീഘ്രം നടന്നിരുന്നു. കൈയിൽ പ്രസവിച്ച് അധികം കഴിയാത്ത ഒരു കുട്ടിയുണ്ട്.

അവൾ തീരത്തെത്തി. കുട്ടിയെ ഒരു തുണിയിൽ പൊതിഞ്ഞു താഴെ വെച്ചു മുടി നേരെയാക്കി കെട്ടി. സാരികൊണ്ടു തറവുടുത്തു. കുട്ടിയെ എടുക്കുവാൻവേണ്ടി കുനിഞ്ഞ ഉടനെ പിൻഭാഗത്തുനിന്ന് ഒരു ശബ്ദം കേട്ടു:

"ദേവീ! അല്പം ക്ഷമിക്കൂ."

വൈദ്യുതപ്രവാഹമേററതുപോലെ ആ സ്ത്രീ ഒന്നു ഞെട്ടി. പെട്ടെന്നു പിന്നാക്കം തിരിഞ്ഞുനിന്നു പറഞ്ഞു:—

"ശന്തനുമഹാരാജാവേ! അങ്ങ് എന്തിനിങ്ങോട്ടു വന്നു?"

ശന്തനു ദൃഢസ്വരത്തിൽ പറഞ്ഞു:—"ദേവീ! ഈ കുട്ടിയെ കൊല്ലുവാൻ ഞാൻ ഒരിക്കലും അനുവദിക്കുന്നതല്ല."

ഗംഗാദേവി:—മഹാരാജാവേ! അങ്ങനെയാകട്ടെ. ഇതാ അങ്ങയുടെ പുത്രനെ എടുത്തുകൊള്ളൂ. എന്നാൽ ഇനിമേലിൽ നാം തമ്മിലൊന്നിച്ചുള്ള ജീവിതം സാദ്ധ്യമല്ല

ശന്തനു:—ദേവീ! ഈ കുട്ടി നമ്മുടെ എട്ടാമത്തെ സന്താനമാണ്. മററ് ഏഴു പുത്രന്മാരെയും ദേവി ജലത്തിനു നല്കി. ഇതെല്ലാം ഞാൻ മൂകനായി നോക്കിക്കൊണ്ടിരുന്നു. സ്വന്തം പുത്രന്മാരെ വേർപെടുത്തിക്കൊണ്ടു പോകുമ്പോൾ എൻെറ മനസ്സിനുണ്ടാവുന്ന വേദനയെപ്പററി ഭവതിക്കു വല്ലതും അറിയുമോ? ഇന്ന് എട്ടാമത്തെ ഈ പുത്രനേയും ഭവതി ഒഴുക്കുവാൻ പോകയായിരുന്നു. അതു് എനിക്കു സഹിപ്പാൻ സാധിച്ചില്ല. ജീവിതത്തിൽ ഏററവും പ്രിയപ്പെട്ട പുത്രനുവേണ്ടി ഇത്രയും ചെയ്യുന്നതു് ഒരു കുററമാണോ?

ഗംഗാദേവി:—മഹാരാജാവേ! അങ്ങനെ നോക്കിയാൽ അങ്ങ് ഇതുവരെ യാതൊന്നും പറയാതിരുന്നതു് തെററായിരുന്നു. ഇന്നാണ് നിങ്ങൾ കർത്തവ്യം നിർവ്വഹിക്കുന്നതു്.

ശന്തനു:—അപ്പോൾ നമ്മുടെ ഒരുമിച്ചുള്ള ജീവിതം ഇന്നു മുതൽ അവസാനിക്കുകയാണ് എന്നുപറഞ്ഞു ഭവതി എന്നെ ദുഃഖിതനാക്കിത്തീർക്കുന്നതെന്തിനു്?

ഗംഗാദേവി:—മഹാരാജാവേ! ഞാൻ പറഞ്ഞതു് അങ്ങേയ്ക്കു മനസ്സിലായില്ല. വിവാഹത്തിനു മുമ്പു്, ഞാൻ എന്തുതന്നെ ചെയ്താലും അതിനെ തടസ്സപ്പെടുത്തുക

യില്ലെന്നു് അങ്ങയെക്കൊണ്ടു സത്യംചെയ്യിച്ചിട്ടുണ്ടു്. അപ്രകാരം അങ്ങു് എന്നോടു് യാതൊന്നും പറയുകയും ചെയ്തിരുന്നില്ല. ഇതു ശരിയല്ലേ?

ശന്തനു:—അതെ, അതായിരുന്നു ഭവതിയുടെ നിബന്ധന. എന്നാൽ ഭവതിയെപ്പോലുള്ള ഒരു ധർമ്മപത്നി സ്വന്തം പുത്രന്മാരെ കൊല്ലുമെന്നും അതു കണ്ടിട്ടു് എനിക്കു മൂകനായി ഇരിക്കേണ്ടിവരുമെന്നും ഞാൻ സ്വപ്നത്തിൽപോലും ആലോചിച്ചിട്ടുണ്ടായിരുന്നില്ല. ഇതിനെപ്പററി ഞാൻ മുൻകൂട്ടി അറിഞ്ഞിരുന്നുവെങ്കിൽ വാക്കുതരുന്നതിനു മുമ്പു് പത്തു തവണ ആലോചിക്കുമായിരുന്നു.

ഗംഗാദേവി:—മഹാരാജാവേ! ഇതെല്ലാം ഇപ്പോഠം മാത്രമല്ലേ പറയാൻ തുടങ്ങിയതു്? അന്നു് അങ്ങു് എന്നിൽ മോഹിതനായിരുന്നു. അതിനാൽ വാക്കുകൊടുത്താലുണ്ടാകുന്ന ഭവിഷ്യത്തുകളെപ്പററി അങ്ങു് സങ്കല്പിച്ചിരുന്നതേയില്ല. എന്നാൽ എനിക്കു് അങ്ങേ് വാക്കു തന്നതാണു്. അതുപ്രകാരം നടക്കുകതന്നെവേണം. മേലിലെങ്കിലും വാക്കുകൊടുക്കുമ്പോഠം നല്ലപോലെ ആലോചിക്കുകയും വേണം.

ശന്തനു അക്ഷമനായി പറഞ്ഞു:—"ഇതുവരെ ഞാൻ വായ് തുറന്നിരുന്നില്ല. ഇന്നു് അല്പം പറഞ്ഞപ്പോഴേയ്ക്കും ഒരുമിച്ചുള്ള ജീവിതം അവസാനിക്കുകയായി. ഭവതിയെ ഞാൻ അന്ധമായി സ്നേഹിക്കുന്നതുകൊണ്ടു് എന്നെ ഭീഷണിപ്പെടുത്തുവാൻവേണ്ടിയാണോ ഇങ്ങനെ പറയുന്നതു്?"

ഗംഗാദേവി:—തീച്ചയായും അല്ല. മഹാരാജാവേ! ഞാൻ എത്ര കഠോരയായാലും ഒരു സ്ത്രീതന്നെയാണല്ലോ. ഞങ്ങളുടെ ഹൃദയം എത്രമാത്രം കോമളമായതാണെന്നു കഠോരഹൃദയന്മാരായ പുരുഷന്മാക്കു് അറിയു

വാൻ കഴിയുകയില്ല. അറിയുകയുമില്ല. മഹാരാജാവേ! എട്ടാമത്തെ പുത്രനുവേണ്ടിയാണ് അങ്ങ് അധീരനായിത്തീന്നതു്. എന്നാൽ എൻെറ ഏഴു പുത്രന്മാരെയും ഞാൻ ജലത്തിലൊഴുക്കി. അപ്പോൾ എൻെറ—അവരുടെ അമ്മയുടെ—മനസ്സിൽ എത്ര മാത്രം പീഡയുണ്ടായിരിക്കണം? അങ്ങ് എപ്പോഴെങ്കിലും അതിനെപ്പററി ചിന്തിച്ചിട്ടുണ്ടോ? മഹാരാജാവേ! ഞാൻ ദേവപുത്രിയാണ്. ദേവവംശത്തിൽ ബാലകന്മാർ എത്രമാത്രം വിലപ്പെട്ടവരാണെന്ന് അങ്ങേയ്ക്കു് അറിഞ്ഞുകൂടാ. ആര്യന്മാരായ നിങ്ങൾക്ക് കുട്ടികളുടെ പ്രാധാന്യമെന്തെന്ന് ഇനി ആദ്യം പഠിക്കണം. എന്നാൽ അങ്ങ് ഞാൻ പറയുന്നതു് വിശ്വസിക്കണം. ഏതോ ഒരു ദിവ്യപ്രേരണയ്ക്കു വശംവദയായിട്ടാണ് ഞാൻ എൻെറ ഏഴു മക്കളേയും ജലത്തിൽ ഒഴുക്കിക്കളഞ്ഞതു്. അതേ ദിവ്യപ്രേരണയാണ് എന്നെ അങ്ങയുമായുള്ള വിവാഹബന്ധത്തിൽ അകപ്പെടുത്തിയതും. അതുകൊണ്ടുതന്നെയാണ് ഇന്ന് താങ്കളുമായുള്ള ബന്ധം വേർപെടുത്തുന്നതും.

ശന്തനു:—ദേവീ! എന്താണ് പറയുന്നതു്? ഭവതിയെക്കൂടാതെ എനിക്കെങ്ങനെ ജീവിച്ചിരിക്കുവാൻ സാധിക്കും? ഭവതിയുടെ അനുവാദമുണ്ടെങ്കിൽ ഞാൻ പറഞ്ഞതു് മടക്കിയെടുക്കാം. ഈ പുത്രൻെറ കാര്യത്തിലും ഭവതിക്കിഷ്ടമുള്ളതുപോലെ പ്രവത്തിക്കാം. എന്നാൽ എന്നെ ഇത്തരത്തിൽ ഉപേക്ഷിക്കരുതു്.

ഗംഗാദേവി ഗംഭീരസ്വരത്തിൽ മറുപടി നൽകി:—"മഹാരാജാവേ! അങ്ങ് ഇങ്ങനെ പരിഭ്രമിക്കരുതു്. ഞാൻ ഗംഗയാണ്. ആ കാണുന്ന മഞ്ഞുമലയിൽനിന്നു ഞാൻ ജനിച്ചു. അവിടെ മനുഷ്യജീവികൾ ഉണ്ടായിരു

ന്നില്ല. അന്നുതൊട്ട് ഞാൻ ഈ പ്രദേശങ്ങളിലെല്ലാം സഞ്ചരിച്ചുവരികയാണ്. ഇന്ന് അങ്ങ നില്ക്കുന്ന സ്ഥലവും ഹസ്തിനപുരം നില്ക്കുന്ന സ്ഥലവും മററും ഒരുകാലത്ത് സമുദ്രത്തിന്നടിയിലായിരുന്നു. പിന്നീട് സമുദ്രം അവിടെനിന്നു മാറി. എന്നാൽ അവിടെയെല്ലാം ആഴമുള്ള കുഴികളായിത്തീർന്നിരുന്നു. അച്ഛൻെറ മടിയിൽനിന്ന് ഞാൻ നിരങ്ങിനിരങ്ങി ആ വലിയ ഗർത്തത്തിൽ ചെന്നുവീണു. വളരെ കൊല്ലങ്ങളോളം അതിൽനിന്നു കരകയറുവാൻ കഴിഞ്ഞില്ല. അച്ഛൻെറ വീട്ടിൽനിന്ന് മണ്ണു കൊണ്ടുവന്നിട്ട് കാലക്രമേണ ആ കുഴികൾ തൂക്കപ്പെട്ടു. അങ്ങനെ ഞാൻ പുറത്തുകടന്നു. എത്രയോ കാലംമുമ്പു കഴിഞ്ഞ സംഭവമാണിത്. വളരെ കാലത്തിനുശേഷം ഇവിടെ മനുഷ്യർ എത്തി. വളരെ ആളുകൾ വരികയും പോകയുംചെയ്തു. അവരുടെ ചരിത്രമാസകലം ഞാൻ സംഗ്രഹിച്ചുവെച്ചിട്ടുണ്ട്. അതു മനസ്സിലാക്കുവാൻ കഴിവുള്ളവർ ഉണ്ടായാൽ എല്ലാം അറിയാൻ കഴിയും. മഹാരാജാവേ! അങ്ങ് എന്താണ് കണ്ണടച്ചിരിക്കുന്നത്?"

ശന്തനു:—ഭവതി പറയുന്നതു കേട്ടുകൊണ്ടിരിക്കുകയാണ്. നിൎത്തണ്ട. തുടൎന്നുകൊള്ളൂ. ഞാൻ വളരെയധികം ശ്രദ്ധിക്കുന്നുണ്ട്.

ഗംഗാദേവി:—മഹാരാജാവേ! ഞങ്ങൾ എല്ലാ സഹോദരിമാരും ഈ ശ്വേതപൎവ്വതത്തിൽനിന്നാണ് ജനിച്ചത്. ഇവിടെ കാണുന്ന സിദ്ധന്മാരും മഹൎഷിമാരും ജ്ഞാനികളും പണ്ഡിതന്മാരുമെല്ലാം ഞങ്ങളുടെ പ്രഭാവം കൊണ്ട് അങ്ങനെയായിത്തീൎന്നവരാണ്. ആൎയ്യാവൎത്തത്തിൻെറ മാതാവിനെപ്പോലെയാണ് ഞാൻ. പക്ഷേ, ഞാൻ നിത്യകന്യകയുമാണ്. കോടിക്കണക്കിൽ മനുഷ്യജീവികൾ എൻെറ തീരത്ത് ജീവിക്കുകയും മരിക്കുകയും ചെയ്തിട്ടുണ്ട്. ആയിരക്കണ

ക്കിൽ മഹാരാജാക്കന്മാരുടെ രഥങ്ങൾ ഇപ്രദേശത്തു കൂടി പോകുകയും ഛിന്നഭിന്നമായിത്തീരുകയും ചെയ്തിട്ടുണ്ട്. ലക്ഷോപലക്ഷം സൈന്യങ്ങൾ ഇപ്രദേശത്തുകൂടി സഞ്ചരിക്കുകയും മണ്ണോടു ചേരുകയും ചെയ്തിട്ടുണ്ട്. കാലത്തിൻെറ ഉദരത്തിൽ അവരെല്ലാം താണുപോയി. ഞാൻ ഒരു കന്യകയായി ഇന്നും നിലകൊള്ളുന്നു. എന്നും നിലകൊള്ളുകയും ചെയ്യും. മഹാരാജാവേ! അങ്ങയുടെ ഈ പുത്രൻ എൻെറ വീര്യം ഈ പ്രദേശങ്ങളിലെല്ലാം വ്യാപിപ്പിക്കുമെന്നു തീർച്ച. ഇവനെ സ്വീകരിച്ചാലും. മകനേ! പോകൂ, ചിരംജീവിയായി വർത്തിക്കൂ.

ഇത്രയും പറഞ്ഞു് ഗംഗാദേവി പുത്രനെ കൈയിലെടുത്തു് രാജാവിൻെറനേക്കു നീട്ടി. ശാന്തനു പറഞ്ഞു:— "ദേവീ! ഭവതിയുടെ മാഹാത്മ്യം ഞാൻ അറിഞ്ഞിരുന്നില്ല. കേവലം വിഷയാസക്തനായി മാത്രമാണു് ഞാൻ ഭവതിയെ വീക്ഷിച്ചതു്. അതിനു് എനിക്കു മാപ്പുതരൂ. ഭവതി ആര്യാവർത്തത്തിൻെറ മാതാവാണു്. ഈ പുത്രനെ നോക്കി വളർത്തേണ്ട ഭാരം ഭവതിതന്നെ ഏറെറടുക്കണം. ഭവതിയുടെ അമൃതം കുടിച്ചു് എൻെറ ഈ പുത്രൻ ദേശത്തെ പ്രകാശമാനമാക്കിത്തീർക്കട്ടെ."

ഗംഗാദേവി:—ശരി, അങ്ങനെ ചെയ്യാം. മഹാരാജാവേ! ഇവനെ ദേവവ്രതനെന്നു വിളിച്ചാൽ മതി. ഇവനെ വളർത്തിക്കൊണ്ടുവന്നു് ഞാൻ അങ്ങയെ ഏല്പിക്കാം. അങ്ങു് രാജധാനിയിലേയ്ക്കു പൊയ്ക്കൊൾക.

ശന്തനു:—എന്നാൽ ഗംഗേ! ഭവതിയെക്കൂടാതെ ശൂന്യമായ ആ കൊട്ടാരത്തിലേയ്ക്കു് ഞാൻ എങ്ങനെയാണു പോകേണ്ടതു്? എൻെറ ഒരു തെററിനെപ്പോലും പൊറുക്കുവാൻ ഭവതിയ്ക്കു സാധിക്കുകയില്ലേ?

ഗംഗാദേവി:—മഹാരാജാവേ! തെറേറാ ശരിയോ അല്ല ഇവിടുത്തെ പ്രശ്നം. വാക്ക പാലിച്ചുകഴിഞ്ഞു. നമ്മൾ ഇത്രകാലംവരെ ഒന്നായി ജീവിച്ചു. എന്നിട്ടും ആഗ്രഹം അവസാനിച്ചിട്ടില്ലെങ്കിൽ അതിനെ ജയിക്കുവാൻ മറെറന്തെങ്കിലും മാർഗ്ഗം കണ്ടുപിടിക്കണം. മഹാരാജാവേ! വ്യസനിക്കരുതു്. സന്തോഷത്തോടുകൂടി പോകൂ.

ശന്തനു:—എൻെറ വിധിപോലെ വരട്ടെ. ദേവീ! ശന്തനുവിൻെറ നമസ്കാരം സ്വീകരിച്ചാലും. ദീർഘമായ നമ്മുടെ ഒന്നിച്ചുള്ള ജീവിതം അവസാനിക്കുകയാണു്. ഞാൻ പോകട്ടെ. ഇത്രകാലം ഭവതിയെ മനസ്സിലാക്കാൻ കഴിയാത്തതിന്നുള്ള ഒരു പ്രായശ്ചിത്തമാണിതു്.

ഗംഗാദേവി:—മഹാരാജാവേ! അങ്ങയുടെ ദാസിയാണു് ഞാൻ. അങ്ങയുടെ പാദപാംസുക്കളെ ശിരസ്സിലണിഞ്ഞുകൊണ്ടു് ജീവിക്കുന്നതാണു് എനിക്ക മുക്തിദായകമായിട്ടുള്ളതു്. എന്നാൽ ഒരു കാര്യം പറവാനാഗ്രഹിക്കുന്നു.

ശന്തനു:—പറഞ്ഞുകൊള്ളൂ. അതിനെന്താണു് വിരോധം?

ഗംഗാദേവി:—മഹാരാജാവേ! ആളുകൾ വിവാഹം നടത്തുമ്പോൾ വലിയവലിയ കാര്യങ്ങളെല്ലാം പറയാറു് പതിവാണു്. പക്ഷെ, വിഷയസുഖത്തിനാണു് അവരിൽ മിക്കവരും വിവാഹം നടത്തുന്നതു്. അങ്ങയും അതേ ഉദ്ദേശത്തോടെയാണു വിവാഹം ചെയ്തതു്. എന്നാൽ അല്പംചിലർ ഭാഗ്യവശാൽ വിവാഹബന്ധത്തിൽ അകപ്പെടാതെ അവശേഷിക്കുന്നു. അവർ വിഷയസുഖത്തിൽ തൃപ്തരാവാതെ അങ്ങുമിങ്ങും അലഞ്ഞുനടക്കുന്നു. അങ്ങയ്ക്കും ആ സ്ഥിതി വന്നുചേരാ

തിരിപ്പാൻ ഞാൻ ഈശ്വരനോടു പ്രാർത്ഥിക്കുന്നു. അങ്ങയുടെ മനസ്സിൽ അത്തരമൊരു വാസന ഉണ്ടാവാതിരിക്കാൻ വളരെ സൂക്ഷിച്ചിരിക്കുകയും അങ്ങനെ ഉണ്ടാവുമ്പോൾ എന്നോടൊന്നിച്ചു കഴിച്ചുകൂട്ടിയ കാലങ്ങളെക്കുറിച്ച് ഓർത്ത് മനസ്സിനെ സന്തോഷിപ്പിക്കുകയും ചെയ്യണം. എൻെറ സ്മാരകമെന്ന നിലയ്ക്ക് ഈ പുത്രൻ അങ്ങയുടെ ഒന്നിച്ചുണ്ടായിരിക്കും. ഇത്രയുംകാലം അങ്ങയുടെ ഒന്നിച്ചു ജീവിച്ച ഞാൻ ഇതു കൂടി ആവശ്യപ്പെടുന്നില്ലെങ്കിൽ എൻെറ ആത്മാവിനു ശാന്തി ലഭിക്കുകയില്ല. അതുകൊണ്ടാണ് ഈ ചെറിയ ഒരാവശ്യത്തെ അങ്ങയുടെ മുമ്പാകെ വെയ്ക്കുന്നതു്.

ശന്തനു:—ഭവതി എന്താണ് ആവശ്യപ്പെട്ടിട്ടുള്ളതു്? ഞാൻ ചെയ്യേണ്ടതായ കാര്യം ഭവതി മുൻകൂട്ടി പറഞ്ഞുതന്നു എന്നു മാത്രമല്ലേ ഉള്ളു. ശന്തനു ഇനി മററാരേയും കണ്ണുവെയ്ക്കുകയില്ല.

ഗംഗാദേവി:—മഹാരാജാവേ! എനിക്കു വിടതരിക.

ഇത്രയും പറഞ്ഞപ്പോഴേയ്ക്കും ഒരു വലിയ തിര പ്രത്യക്ഷപ്പെടുകയും അതു കരയ്ക്കണഞ്ഞു് ഗംഗാദേവിയേയും ദേവവ്രതനേയുംകൊണ്ടു് തിരിച്ചുപോകുകയും ചെയ്തു.

ശന്തനു കരയിൽ ഇതെല്ലാം നോക്കിക്കൊണ്ടു നിന്നു.

# പിതാവിന്റെ ചികിത്സ

ദേവവ്രതൻ പറഞ്ഞു:—"അച്ഛന്റെ രോഗത്തെപ്പററി എനിക്ക് ദിവസംപ്രതി ഉൽക്കണ്ഠ കൂടിക്കൂടിവരികയാണ്. താങ്കൾ വല്ല അന്വേഷണവും നടത്തിയോ?"

മന്ത്രി:—കുമാരാ! താങ്കൾ പറഞ്ഞതുപോലെയെല്ലാം ഞാൻ പ്രവത്തിച്ചുനോക്കി.

ദേവവ്രതൻ:—രോഗമെന്താണെന്ന് കണ്ടുപിടിച്ചുവോ? രോഗം കണ്ടുപിടിച്ചതിനുശേഷം മാത്രമല്ലേ ചികിത്സിക്കുവാൻ കഴിയുകയുള്ളു!

മന്ത്രി:—കുമാരാ! രോഗമെന്താണെന്ന് എനിക്കു നല്ലപോലെ മനസ്സിലായിട്ടുണ്ട്. പക്ഷേ, അതു പറഞ്ഞാൽ കുറച്ചുനേരത്തേയ്ക്കു താങ്കാം വിശ്വസിക്കുകയില്ല.

ദേവവ്രതൻ:—മന്ത്രീ! വൈദ്യൻ ശാസ്ത്രീയമായി പരിശോധനനടത്തി നിർണ്ണയിച്ചിട്ടുള്ള ഒരു കാര്യം എനിക്കെങ്ങനെ നിഷേധിക്കുവാൻ കഴിയും?

മന്ത്രി:—സമുദായത്തിൽ പരമ്പരയായി നിലനിന്നുവരുന്ന ബന്ധങ്ങൾനിമിത്തം മനസ്സ് ഒരു പ്രത്യേകതരത്തിൽ, ഒരു പ്രത്യേകബന്ധുവിനെക്കുറിച്ചു ചിന്തിക്കുവാൻ നമ്മെ അനുവദിക്കാറില്ല. മഹാരാജാവിന്റെ മനസ്സ് ഒരു മുക്കുവന്റെ മകളിൽ അനുരക്തമായിത്തീർന്നിരിയ്ക്കുകയാണ്. ഈ വസ്തുത താങ്കൾ സമ്മതിക്കുമോ എന്ന് എനിക്കറിഞ്ഞുകൂടാ!

ദേവവ്രതൻ:—ശന്തനുമഹാരാജാവിന്റെ കാര്യത്തിൽ അങ്ങനെയൊന്ന് ഒരിക്കലും സംഭവ്യമല്ല.

മന്ത്രി:—രാജകുമാരാ! അതാണ് ഞാൻ പറഞ്ഞതു്. എന്നാൽ മനുഷ്യഹൃദയത്തിൽ ഒളിഞ്ഞിരിക്കുന്ന

വികാരങ്ങളെ ആക്കാണ് കണ്ടുപിടിയ്ക്കുവാൻ സാധിക്കുക? അവയിൽ ഏതെല്ലാം വികാരങ്ങൾ എപ്പോഴെല്ലാം മനുഷ്യനെ ആക്രമിച്ചു കീഴടക്കുമെന്നും പ്രവചിക്കുക സാദ്ധ്യമല്ല.

ദേവവ്രതൻ:—എന്നാൽ വൈദ്യൻ ഇതറിഞ്ഞതെങ്ങനെയാണു്?

മന്ത്രി:—കേൾക്കൂ. പത്തുദിവസം തുടർച്ചയായി വൈദ്യൻ മഹാരാജാവു് ഉറങ്ങുന്ന അവസരത്തിൽ അദ്ദേഹത്തെ സൂക്ഷ്മമായി നിരീക്ഷിച്ചുവന്നു. അദ്ദേഹം സ്വപ്നത്തിൽ പറയുന്നതെല്ലാം അയാൾ കേട്ടിരുന്നു. അദ്ദേഹത്തിന്റെ ചേഷ്ടകളെല്ലാം കാണുകയുംചെയ്തു. പകൽസമയത്തു് മഹാരാജാവുമായി പല രാജ്യങ്ങളെക്കുറിച്ചും അയാൾ സംസാരിക്കാറുണ്ടു്. അദ്ദേഹത്തിന്റെ അംഗരക്ഷകന്മാരോടു് പലപ്രകാരത്തിലുള്ള ചോദ്യങ്ങൾ ആയാൾ ചോദിച്ചുനോക്കി. ഒടുവിൽ ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ തന്റെ തീരുമാനം ആയാൾ എന്നെ അറിയിക്കുകയും ചെയ്തു.

ദേവവ്രതൻ:—എന്നാൽ മഹാരാജാവു് എന്നോടു് ഇതിനെപ്പററി പറയാതിരിക്കുന്നതു് എന്താണു്?

മന്ത്രി:—എങ്ങനെയാണു് അദ്ദേഹം പറയുക? ലോകനിന്ദയെ ഭയപ്പെടണമല്ലോ. അതുകൊണ്ടാണു മനുഷ്യൻ മനസ്സിലുള്ള കാര്യങ്ങൾ മുഴുവൻ തുറന്നുപറയാതിരിക്കുന്നതു്. എന്നാൽ കാര്യം ഇതുകൊണ്ടും അവസാനിക്കുന്നില്ല. മഹാരാജാവു് ആ കന്യകയെ ആവശ്യപ്പെട്ടിരുന്നു എന്നുകൂടി ഞാൻ മനസ്സിലാക്കുന്നു.

ദേവവ്രതൻ:—എന്നിട്ടെന്തുണ്ടായി?

മന്ത്രി:—എന്നാൽ കന്യകയുടെ പിതാവു് സമ്മതിച്ചില്ല.

ദേവവ്രതൻ:—തൻെറ മകൾ ഒരു രാജ്ഞിയാവുന്നതു് മുക്കുവനു സമ്മതമില്ലെന്നോ?

മന്ത്രി:—ഇല്ലായിരിക്കാം, അതു് ആയാളുടെ ഇഷ്ടമല്ലേ? തൻെറ കന്യകയിൽ മഹാരാജാവിനുണ്ടാകുന്ന സന്താനത്തെ ഹസ്തിനപുരിയിലെ രാജാവാക്കി വാഴിക്കുമെന്നു് ഉറപ്പുകൊടുത്താൽ മാത്രമേ വിവാഹം നടത്തുകയുള്ളുവെന്നു് മുക്കുവൻ ശഠിച്ചുപറഞ്ഞുവെന്നാണു് കേൾക്കുന്നതു്.

ദേവവ്രതൻ:—മത്സ്യംപിടിച്ചു വിററു ജീവിക്കുന്നവക്കപോലും ഇങ്ങനെയൊരു ആഗ്രഹം വന്നുകണ്ടതിലാണു് അത്ഭുതം തോന്നുന്നതു്. ആകട്ടെ, മഹാരാജാവു് എന്തു മറുപടി പറഞ്ഞു?

മന്ത്രി:—എന്തു പറയാനാണു്? അദ്ദേഹം ആലോചിക്കുവാൻ തുടങ്ങി. ഗംഗാദേവിയുള്ള കാലത്തു് അദ്ദേഹം ആരുടെയുംനേക്കു് തലപൊന്തിച്ചുനോക്കീട്ടില്ല. ഇതു് താങ്കൾക്കറിഞ്ഞുകൂടാ. അന്നു ദേവിയുടെ ചൊൽപ്പടിയിലായിരുന്നു. മറെറാരാളുടെനേക്കു് കണ്ണുവെയ്ക്കുവാൻ മഹാരാജാവിനു ധൈര്യമുണ്ടായിരുന്നില്ല. ഇന്നു് ദേവിയില്ല. അദ്ദേഹത്തെ നിയന്ത്രിക്കുവാൻ തന്നിമിത്തം ആളുമില്ല. അതിനുംപുറമേ താങ്കളാണു് സിംഹാസനത്തിൻെറ അവകാശി. ആ സ്ഥിതിക്കു് മഹാരാജാവു് മുക്കുവനു് എങ്ങനെ വാക്കുകൊടുക്കും? എന്നാലും ആ സ്ത്രീയിലുള്ള മോഹം അദ്ദേഹത്തിൻെറ മനസ്സിൽനിന്നു പോകുന്നതുമില്ല. അതുകൊണ്ടാണു് വ്യസനിക്കുന്നതു്. നഗരം മുഴുവൻ ഇക്കാര്യത്തെപ്പററിയുള്ള സംസാരമാണു്. വാദ്ധക്യകാലത്തു് മഹാരാജാവിനു് എന്താണു് ഇങ്ങനെ തോന്നാൻ എന്നു സവ്വരും പരസ്യമായി ചോദിക്കുവാൻ തുടങ്ങിയിരിക്കുന്നു.

ദേവവ്രതൻ:—മന്ത്രീ! ഒരുഭാഗത്തു സിംഹാസനത്തിനുള്ള എന്റെ അവകാശമാണ്. മറുഭാഗത്ത് മഹാരാജാവിന്റെ ഹൃദയം കവൎന്ന മുക്കുവകന്യകയുമാണ്. ഈ രണ്ടു കാൎയ്യങ്ങളുംതമ്മിൽ അദ്ദേഹത്തിന്റെ ഹൃദയത്തിൽവെച്ച് ഒരു വടംവലി നടക്കുന്നു അദ്ദേഹത്തിന്റെ രോഗകാരണം അതുതന്നെയാണ്. ധൎമ്മാനുകൂലമായ ഒരു രോഗമല്ല ഇത്. പക്ഷെ, സമുദായത്തിലെ ധൎമ്മാധൎമ്മങ്ങളെക്കുറിച്ചു വിവേചനം ചെയ്യുവാൻ കാമവികാരത്തിനു സാദ്ധ്യമല്ല. മന്ത്രീ! മഹാരാജാവിനെ ഈ രോഗത്തിൽനിന്നു മോചിപ്പിക്കുവാൻ താങ്കൾ എന്തെങ്കിലും ഉപായം കണ്ടിട്ടുണ്ടോ?

മന്ത്രി:—ഉണ്ട്. മഹാരാജാവിനു വേണ്ട ഉപദേശം നല്കുന്നതിനു ഇന്നു ആരുംതന്നെയില്ല. അതുകൊണ്ട് പ്രസ്തുത കന്യകയെക്കുറിച്ചുള്ള വിചാരം തീരെ ഉപേക്ഷിക്കണമെന്ന് അദ്ദേഹത്തോടു പറയണം.

ദേവവ്രതൻ:—അതുകൊണ്ടു അദ്ദേഹത്തിനു സുഖംകിട്ടുമെന്നു കരുതുന്നുണ്ടോ? കാമവികാരത്തിന്റെ ചങ്ങലക്കെട്ടിൽനിന്ന് ആരെങ്കിലും ഇങ്ങനെ മോചനം പ്രാപിച്ചിട്ടുണ്ടോ?

മന്ത്രി:—പിന്നെ എന്തുചെയ്യാൻ കഴിയും? പറയുന്നതു കേൾക്കാത്തപക്ഷം ദുഃഖിച്ചിരിക്കട്ടെ എന്നു കരുതുകയല്ലാതെ നിവൃത്തിയില്ല.

ദേവവ്രതൻ: അദ്ദേഹത്തിനു തന്റെ ആഗ്രഹം ഉപേക്ഷിക്കുവാനോ എന്നോടു വല്ലതും പറയുവാനോ സാദ്ധ്യമല്ല എന്നാൽ മന്ത്രീ! മഹാരാജാവിനെ ഈ രോഗത്തിൽനിന്നു രക്ഷിക്കുവാൻ എന്നെക്കൊണ്ടു സാധിക്കുമെന്നു തോന്നുന്നു. ഞാൻ അതു ചെയ്യുകതന്നെ വേണം എന്റെ കൎത്തവ്യമാണതു്.

മന്ത്രി:—എങ്ങനെയാണു് താങ്കൾ അദ്ദേഹത്തെ രക്ഷിക്കുക?

ദേവവ്രതൻ:—ഹസ്തിനപുരിയിലെ സിംഹാസനത്തിനു് എനിക്കുള്ള അവകാശത്തെ ഞാൻ സ്വയം ഉപേക്ഷിച്ചിട്ടു്.

മന്ത്രി:—കുമാരാ! താങ്കൾ എന്താണു പറയുന്നതു്? മഹാരാജാവിൻെറ വിഷയാസക്തിയെ പ്രോത്സാഹിപ്പിക്കുകയാണു താങ്കൾ ചെയ്യുന്നതു്. അദ്ദേഹം വലിയ ആളായതുകൊണ്ടു് ആരും ഒന്നും പറയുവാൻ നിവൃത്തിയില്ല. ഒരു സാധാരണക്കാരനാണു് ഇങ്ങനെ ചെയ്യുന്നതെങ്കിൽ ജനങ്ങൾ അയാളെ നിന്ദിക്കും. താങ്കൾ ഇതിനുവേണ്ടി സിംഹാസനമുപേക്ഷിക്കുന്നതെന്തിനാണു്?

ദേവവ്രതൻ:—മന്ത്രീ! അങ്ങനെ വിചാരിക്കുന്നതു ശരിയല്ല. അച്ഛൻെറ ജീവനോ ഹസ്തിനപുരിയിലെ സിംഹാസനത്തിനോ ഏതിനാണു കൂടുതൽ പ്രാധാന്യം എന്നുള്ളതാണു് എൻെറ മുമ്പിലുള്ള പ്രശ്നം. അച്ഛനെ രക്ഷിക്കുവാൻ എനിക്കു കഴിയുമെങ്കിൽ ഹസ്തിനപുരിയിലെ സിംഹാസനം ഉപേക്ഷിക്കേണ്ടതു് എൻെറ കർത്തവ്യമാണു്.

മന്ത്രി:—കുമാരാ! താങ്കൾ യുവരാജാവാണു്. ഒരു സാധാരണമനുഷ്യനായിരുന്നുവെങ്കിൽ ഞാൻ താങ്കളുടെ ഇംഗിതത്തിനു് ഒരിക്കലും തടസ്സംപറയുമായിരുന്നില്ല. എന്നാൽ താങ്കളുടെ കാര്യം വ്യക്തിപരമായ ഒരു പ്രശ്നമല്ല. താങ്കൾ സിംഹാസനത്തെ ത്യജിക്കുന്നതു് ഹസ്തിനപുരിയിലെ പ്രജകളെ മുഴുവനും ബാധിക്കുന്ന ഒരു കാര്യമാണു്. അച്ഛൻെറ വിഷയാസക്തിയെ തൃപ്തിപ്പെടുത്തുവാൻവേണ്ടി അങ്ങു് സിംഹാസനമുപേക്ഷിച്ചു് അതിനെ മററാർക്കു്

ഏല്പിച്ചുകൊടുക്കുകയാണെങ്കിൽ അതു് ലോകക്ഷേമത്തെ മുൻനിർത്തി നോക്കുമ്പോൾ ധർമ്മമാണെന്നു് എനിക്കു തോന്നുന്നില്ല.

ദേവവ്രതൻ:—മന്ത്രീ! താങ്കൾ പറയുന്നതു ശരിയല്ല. പ്രജാസേവനം ചെയ്യാൻ ആഗ്രഹിക്കുന്ന ഒരാൾക്കു് സിംഹാസനത്തിന്റെ ആവശ്യമില്ല. ആയാൾ പ്രജകളുടെ ഹൃദയത്തിൽ തനിക്കു പുതിയ സിംഹാസനം പ്രതിഷ്ഠിച്ചുകൊള്ളും. സിംഹാസനാരോഹണം ചെയ്യുന്നതുകൊണ്ടുമാത്രം ലോകക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുവാൻ കഴിയുമെന്നു കരുതുന്നതു് വെറുതെയാണു്. ഞാൻ സിംഹാസനാവകാശം ഉപേക്ഷിക്കുന്നുണ്ടെങ്കിലും ജനസേവനംചെയ്യാനുള്ള അവകാശത്തെ ത്യജിക്കുന്നില്ല. മാത്രമല്ല, പ്രജകളെ കൂടുതൽ സേവിക്കുവാൻ നല്ലതു സിംഹാസനവുമായി ബന്ധമില്ലാതിരിക്കുകയാണു്. എന്റെ വിധി അങ്ങനെയല്ലെന്നു് ആർ കണ്ടു? ഇന്നു് അച്ഛന്റെ രോഗശാന്തിക്കുവേണ്ടി സിംഹാസനമുപേക്ഷിക്കതെന്നെ വേണം. അതാണു് എനിക്കു ധർമ്മസംഗതമായിത്തോന്നുന്നതു്.

മന്ത്രി:—കുമാരാ! അങ്ങയുടെ അഭിപ്രായത്തോടു് ഞാൻ യോജിക്കുന്നില്ല. അങ്ങയുടെ അവകാശത്തെ തട്ടിപ്പറിച്ചു് ആ കന്യകയെ മഹാരാജാവു് വിവാഹം ചെയ്യുന്നതായാൽ അതു് അദ്ദേഹത്തിനു ശോഭനീയമാണോ? പിതൃഭക്തിയാൽ പ്രേരിതനായിട്ടാണു് അങ്ങു് അങ്ങനെ ചെയ്യുന്നതു് എന്നതു ശരിതന്നെ. ഇതുകൊണ്ടു മഹാരാജാവിന്റെ കണ്ണു തുറക്കുമെന്നു് താങ്കൾ പ്രതീക്ഷിയ്ക്കുന്നുണ്ടോ?

ദേവവ്രതൻ:—മഹാരാജാവിന്റെയും ലോകത്തിന്റെയും കണ്ണുകൾ തുറക്കുന്നതാണെങ്കിൽ ഇതുകൊണ്ടു് തുറ

ന്നുകൊള്ളും. എന്നാൽ കണ്ണു തുറന്നാലും ശരി ഇല്ലെങ്കിലും ശരി, എനിക്കു ധൎമ്മമാണെന്നു തോന്നുന്നതു് ഞാൻ ചെയ്യുകതന്നെവേണം. ഇക്കാര്യത്തിൽ ഞാൻ തന്നെ മുക്കുവനെ സമീപിച്ചു് കന്യകയെ ആവശ്യപ്പെടണമെന്നാണു കരുതുന്നതു്. എൻെറ നിശ്ചയത്തെക്കുറിച്ചു് ആയാളോടു പറഞ്ഞാൽ ആയാൾക്കു് ഒരിക്കലും സംശയമുണ്ടാവുകയില്ലല്ലോ.

മന്ത്രി:—എന്നാൽ മഹാരാജാവിനെ ഈ വിവരം മുൻകൂട്ടി അറിയിക്കുന്നതു് ആവശ്യമാണു്. എൻെറ അഭിപ്രായം, അദ്ദേഹം ഇതിന്നു് ഒരിക്കലും സമ്മതിക്കുകയില്ലെന്നാണു്.

ദേവവ്രതൻ:—സിംഹാസനമുപേക്ഷിക്കുകയാണെന്നു് വീമ്പുപറയുകയും എന്നാൽ യഥാൎത്ഥത്തിൽ അധികാരം കൈവിടുന്നതിന്നു് ആഗ്രഹിക്കാതിരിക്കുകയും ചെയ്യുകയാണു് എൻെറ ഉദ്ദേശമെങ്കിൽ ഈ വിവരം മുൻകൂട്ടി മഹാരാജാവിനെ ധരിപ്പിക്കുന്നതു് ആവശ്യമാണു്. പക്ഷേ, മഹാരാജാവിൻെറ രോഗശാന്തിക്കുവേണ്ടി പ്രവൎത്തിക്കുകയാണു് എൻെറ ആവശ്യം. അതിനാൽ ഞാൻ നേരേ മുക്കുവൻെറ അടുക്കലേയ്ക്കാണു പോകുന്നതു്. അവിടെച്ചെന്നു് ഞാൻ കന്യകയെ ആവശ്യപ്പെടും. താങ്കളും എൻെറ ഒന്നിച്ചു വരണം.

മന്ത്രി:—അങ്ങയുടെ ഇഷ്ടംപോലെയാകട്ടെ.

ദേവവ്രതൻ:—ഞാൻ ഇപ്പോൾ വരാം. താങ്കൾ ഇവിടെ ഇരിക്കണം. നമുക്കു് ഒന്നിച്ചുപോകാം.

മന്ത്രി ആശ്ചര്യചകിതനും ചിന്താകുലനുമായി രാജകുമാരനെ നോക്കിക്കൊണ്ടു നിന്നു.

# ഭീഷ്മപ്രതിജ്ഞ

മുക്കുവൻ തൊഴുതുകൊണ്ടു ചോദിച്ചു:—"രാജകുമാരാ! ആജ്ഞാപിച്ചാലും!"

ദേവവ്രതൻ:—സ്നേഹിതാ! ഞാൻ ആജ്ഞാപിക്കാൻവേണ്ടി വന്നതല്ല. ആജ്ഞ അനുസരിക്കാൻ വന്നതാണ്. ഞാൻ വന്നതിൻെറ ഉദ്ദേശം ഒരപേക്ഷ, നിങ്ങൾക്കു മനസ്സിലായിരിക്കണം. എൻെറ അച്ഛനു വേണ്ടി നിങ്ങളുടെ കന്യകയെ ആവശ്യപ്പെടുവാനാണ് ഞാൻ വന്നിട്ടുള്ളത്.

മുക്കുവൻ അല്പമൊന്നു ഞെളിഞ്ഞുകൊണ്ടു പറഞ്ഞു:—"കുമാരാ! ഞങ്ങളുടെ പെൺകുട്ടികളെല്ലാം രാജധാനിയിൽ ചെന്ന് എങ്ങനെയാണു താമസിക്കുക? പുല്ലുമേഞ്ഞ ഈ കുടിലും കീറിപ്പാറിയ വസ്ത്രങ്ങളും ഈ തോണിയുമാണ് ഞങ്ങൾക്കു യോജിക്കുന്നത്. രാവും പകലും ഞങ്ങളെ സംരക്ഷിച്ചുവരുന്നത് ഈ ഗംഗാമാതാവാണ്. ഞങ്ങളുടെ കുട്ടികൾ നദീതീരത്തിലുള്ള സ്വാതന്ത്ര്യാന്തരീക്ഷത്തിലാണ് വളൎന്നുവന്നിട്ടുള്ളത്. അതുകൊണ്ട് രാജധാനിയിൽ പോയാൽ അവർ വാടിക്കരിഞ്ഞുപോകും."

മന്ത്രി അക്ഷമനായി ഇടയ്ക്കുകയറി പറഞ്ഞു:—"എടോ സാധു! നീ പറയുന്നതു കേൾക്കുമ്പോൾ അത്ഭുതം തോന്നുകയാണ്. മഹാലക്ഷ്മി തിലകം തൊടുവിക്കാൻ വേണ്ടി ഒരാളുടെ അടുത്തു ചെന്നപ്പോൾ ആയാൾ മുഖം കഴുകുവാൻ പോകുകയുണ്ടായത്രെ. അതുപോലെയാണിത്. ഹസ്തിനപുരിയിലെ യുവരാജാവ് നിന്നോട് ഒരപേക്ഷയുമായി വന്നിരിക്കുകയാണിപ്പോൾ. നല്ലപോലെ ആലോചിച്ചു നീ മറുപടി നല്കണം. നിൻെറ മകൾ ഹസ്തിനപുരിയിലെ രാജ്ഞിയാവും. അതു നീ മനസ്സിലാക്കീട്ടുണ്ടോ?"

മുക്കവൻ:—മന്ത്രിയങ്ങുന്നേ! ക്ഷമിക്കണം. ഞങ്ങൾ അദ്ധ്വാനിച്ചു ജീവിക്കുന്നവരാണ്. ഈ ജീവിതത്തിൽ നിന്നു ലഭിക്കുന്ന സുഖം രാജധാനിയിലെ ജീവിതത്തിൽനിന്നു ലഭിക്കുകയില്ല. ഇന്നു ഞാനും എന്റെ ഭാര്യയും മകളും തോണി തുഴയുന്നു, സമ്പാദിക്കുന്നു, ഭക്ഷണം കഴിക്കുന്നു. അടുത്തുതന്നെ ദീപസ്തംഭമുണ്ട്. അതിന്മേൽ വെച്ച വിളക്ക് ഞാൻ കത്തിക്കാറുണ്ട്. ഈ പെൺകുട്ടിയും കത്തിക്കാറുണ്ട്. ചിലപ്പോൾ ഗംഗാമാതാവ് കോപിക്കുകയും ഭയങ്കരരൂപം കൈക്കൊള്ളുകയും ചെയ്യുന്നു. അപ്പോൾ ഞങ്ങളുടെ തോണി ആകാശവും പാതാളവും കാണും. ഞങ്ങൾ അപ്പോൾ കരയിലിരുന്നു വളരെ ദുഃഖിക്കും. നിർഭാഗ്യവശാൽ ഞങ്ങളിൽ ആരെങ്കിലും ഗംഗയിൽ മുങ്ങി മരിക്കുകയാണെങ്കിൽ ഞങ്ങൾ ദുഃഖിച്ചുകൊണ്ട് അങ്ങനെ നാൾ കഴിക്കും. എന്നാൽ സുഖത്തിലും ദുഃഖത്തിലും ഞങ്ങൾ ഒന്നിച്ചു പങ്കുകൊള്ളുന്നു. എല്ലാവരും ഒന്നിച്ചു പ്രവൃത്തിയെടുക്കുന്നു. ഒന്നിച്ചു ഭക്ഷണം കഴിക്കുന്നു. ഒപ്പം ജീവിക്കുന്നു. ക്ലേശങ്ങളും ഞങ്ങൾ ഒരുമിച്ചനുഭവിക്കുകയാണ്. സ്വന്തം അദ്ധ്വാനഫലംകൊണ്ടു ജീവിക്കുന്നവർക്കുള്ള സുഖം രാജധാനിയിൽ ലഭിക്കുന്നതല്ല. കുമാരാ! ക്ഷമിക്കണം. നദീതീരത്തു നിവസിക്കുന്ന കാട്ടന്മാരായ ഞങ്ങൾക്ക് നേരെ സംസാരിക്കാൻപോലും അറിഞ്ഞുകൂടാ. എന്നാൽ എന്റെ മകളെ രാജാവിനു വിവാഹംചെയ്തുകൊടുത്താൽ അവളുടെ കൈയ്യും കാലിനും മൈലാഞ്ചിയിട്ടു സുഖമായി ഇരുന്നുമെന്നു പറയുന്നു. പക്ഷേ, എന്റെ മകളുടെ കൈയ് തുഴ പിടിച്ച് തുടുത്തുപോകാറുണ്ട്. ആ തുടുപ്പ് മൈലാഞ്ചിയുടെ തുടുപ്പിനേക്കാൾ എത്ര ഭംഗിയേറിയതാണ്! രാജധാനിയിലെ ഊഞ്ഞാലിൽ എന്റെ മകൾ

ആട്ടമായിരിക്കാം. എന്നാൽ ഗംഗാമാതാവിന്റെ മാർത്തടത്തിൽ ഓളംവെട്ടുമ്പോഴ് ആ ഓളങ്ങളുടെ മുകളിൽ ഇരുന്നു് ആടുന്നതുപോലെയുള്ള സുഖം അവർക്കു മററെവിടെ കിട്ടും? ഞങ്ങൾ മൂന്നുപേരും ഈ പുൽമാടത്തിൽ താളും തകരയും വെച്ചുതിന്നിട്ടാണു് ജീവിക്കുന്നതെങ്കിലും അതിനുള്ള ഒരു സുഖം രാജധാനിയിലെ ചതുർവിഭവങ്ങളുള്ള ഭക്ഷണം വയർനിറയെ കഴിക്കുന്നതുകൊണ്ടു് ലഭിക്കുകയില്ല. അതുകൊണ്ടു് മന്ത്രിയങ്ങുന്നേ! എന്റെ മകളെ നിത്യദുഃഖത്തിലേയ്ക്കു പിടിച്ചുതള്ളുവാൻ എനിക്കു മനസ്സുവരുന്നില്ല. അതുകൊണ്ടു് മറേറതെങ്കിലുമൊരു കുടുംബത്തിൽനിന്നു് മഹാരാജാവിനു് ഒരു കന്യകയെ അന്വേഷിക്കുന്നതാണു നല്ലതു്. എന്റെ മകൾ രാജധാനിയിൽ പോയാൽ വാടിക്കരിഞ്ഞുപോകും.

മന്ത്രി:—കുമാരാ! കൂടുതൽ കുഴപ്പമാവുകയാണു ചെയ്തതു്. അങ്ങു് എത്രമാത്രം വിഷമിക്കുന്നുവോ അത്രകണ്ടു് മുക്കുവന്റെ ദുഃസാമർത്ഥ്യം കൂടിവരികയാണു് ചെയ്യുന്നതു്.

മന്ത്രി പിന്നീടു് മുക്കുവനോടു പറഞ്ഞു:—"സ്നേഹിതാ! നീ പറയുന്നതു കേട്ടാൽ ഞങ്ങളാരും നിങ്ങളുടെ ജീവിതത്തെപ്പററി യാതൊന്നും അറിയാത്തവരാണെന്നു് തോന്നിപ്പോകും. രാവും പകലും തോണിതുഴഞ്ഞു് പ്രാണൻ പോകാറാവുന്നുണ്ടു്. എന്നിട്ടും സുഖത്തേയും ആനന്ദത്തേയുംപററിയാണു് പ്രസംഗിക്കുന്നതു്. കന്യകയെ തരാൻ നിനക്കിഷ്ടമില്ലായിരുന്നുവെങ്കിൽ 'എന്റെ പൌത്രനെ രാജാവാക്കി വാഴിക്കാമെന്നു് പ്രതിജ്ഞചെയ്താൽമാത്രമേ മകളെ ഞാൻ തരികയുള്ളൂ' എന്നു നീ പറഞ്ഞതു്

No. 11

എന്തിനുവേണ്ടിയായിരുന്നു? ഇന്ന് ഒരു വലിയ ബുദ്ധിമാനെപ്പോലെ സംസാരിക്കുവാൻ തുടങ്ങിയിരിക്കുന്നുവല്ലോ!"

മുക്കുവൻ:—എൻെറ ആഗ്രഹം ഒരുപ്രകാരത്തിലും മഹാരാജാവിന് എൻെറ മകളെ കൊടുക്കുവാൻ പാടില്ലെന്നായിരുന്നു. ലോകത്തിൽ പലപ്പോഴും ദരിദ്രന്മാർ ധനികരുമായി ബന്ധത്തിലേപ്പെട്ടിട്ടുണ്ട്. അതിൽനിന്ന് അവർ നല്ല പാഠങ്ങൾ പഠിച്ചിട്ടുമുണ്ട്. എന്നാൽ മന്ത്രിയങ്ങുന്നേ, ഞാനെന്തു ചെയ്യട്ടെ! എൻെറ മകൾക്കു മഹാരാജാവിനെ വിവാഹംചെയ്യണമെന്ന് ആഗ്രഹം ജനിച്ചിരിക്കുന്നു. ഞാൻ അവളോടു വളരെ ഗുണദോഷിച്ചുനോക്കി. പക്ഷെ, ഫലമുണ്ടായില്ല. അതുകൊണ്ട് എനിക്കു നിവൃത്തിയില്ലാതെ വന്നിരിക്കുന്നു.

മന്ത്രി:—എന്നാൽ കുമാരൻെറ അപേക്ഷയെ സ്വീകരിച്ച് കന്യകയെ മഹാരാജാവിനു വിവാഹംചെയ്തുകൊടുക്കണം.

മുക്കുവൻ:—പക്ഷേ......മന്ത്രിയങ്ങുന്നേ! ഞാൻ കുറച്ചെല്ലാം ലോകം കണ്ടിട്ടുള്ള ഒരാളാണ്. വളരെവളരെ കഷ്ടപ്പെട്ടിട്ടാണ് ഈ കുട്ടിയെ വളർത്തിയുണ്ടാക്കിയതു്. അവളെ രാജധാനിയിലേയ്ക്കു തള്ളിവിട്ടാൽ മേലിൽ ഇന്നിന്നതൊക്കെയാണു സംഭവിക്കുക എന്ന് എനിക്കറിയാം. രാജാവിൻെറ കണ്ണിനു പറവുന്നേടത്തോളം കാലം അവൾക്ക് രാജ്ഞിയായി വാഴാം. അതു കഴിഞ്ഞാൽപിന്നെ അന്തഃപുരത്തിൻെറ ഒരു മൂലയിൽ ജീവിക്കുന്ന ഒരു ദരിദ്രസ്ത്രീയായി രൂപാന്തരപ്പെടും. അങ്ങനെ അവളുടെ ജീവിതം ഒന്നിനും കൊള്ളാതെ നശിച്ചുപോകുകയുംചെയ്യും. അതുകൊണ്ട് എൻെറ മകളെ മഹാരാജാവിനു വിവാഹം ചെയ്തുകൊടുക്കുന്നതു് ഒരു നിബന്ധനയിന്മേൽ ആയി

രിക്കും. അതായത്, അവളിൽ ഉണ്ടാകുന്ന പുത്രന്ന് സിംഹാസനാധികാരം നല്കണം. അത്രയേ വേണ്ടു.

മന്ത്രി:—അതുകൊണ്ടെന്താണ് ഗുണം? നിൻെറ പൌത്രന്ന് രാജാവാകുവാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അവൻ ഒടുവിൽ തോണി തുഴയുവാൻ തുടങ്ങുകയും അങ്ങനെ കൂടുതൽ ആനന്ദമനുഭവിയ്ക്കുകയും ചെയ്യുകയല്ലേ ഉണ്ടാവുക?

മുക്കുവൻ:—ഞാൻ അങ്ങനെയാണ് വിചാരിക്കുന്നത്. എന്നാൽ എൻെറ മകൾ അങ്ങനെ വിചാരിക്കുന്നില്ല. മകൻ സിംഹാസനത്തിന്ന് അവകാശിയാണെങ്കിൽ രാജ്ഞിയുടെ കാര്യം സുരക്ഷിതമായി. വിവാഹിതജീവിതത്തിൽ ഉണ്ടാകുന്ന കുറവുകൾ രാജമാതാവായിത്തീരുമ്പോൾ നികത്തുന്നതിനുള്ള അവസരം ലഭിയ്ക്കും. എൻെറ മകളോട്ട് ഇന്നു മഹാരാജാവിന്ന് ഒരു ഭ്രമം തോന്നുന്നുണ്ട്. അത് അവളുടെ സൌന്ദര്യത്തിൽ മാത്രമാണ്. ഒരച്ഛൻ എന്ന നിലയ്ക്ക് അവളുടെ ഭാവിയെപ്പററിയും എനിയ്ക്കു ചിന്തിക്കേണ്ടതുണ്ട്.

മന്ത്രി:—അപ്പോൾ നിൻെറ ആവശ്യം രാജകുമാരനായ ദേവവ്രതന്നു പകരം നിൻെറ പൌത്രൻ സിംഹാസനത്തിൻെറ അവകാശിയായിത്തീരണമെന്നുള്ളതാണ്. എന്നാൽ, നീ അങ്ങനെ ചെയ്താൽ ഈ രാജകുമാരനോട്ടു ചെയ്യുന്ന ഒരു വലിയ അനീതിയായിരിയ്ക്കുകയില്ലേ അത്?

മുക്കുവൻ:—അതിനെന്താണ് സംശയം? എനിക്കു സാധിക്കുമായിരുന്നുവെങ്കിൽ അന്യായമെന്നു തോന്നുന്ന യാതൊരാവശ്യവും ഞാൻ പുറപ്പെടുവിക്കുമായിരുന്നില്ല. നിങ്ങളെല്ലാം മഹാരാജാവിൻെറ ഉപദേഷ്ടാക്കളാണ്. ഇത്തരം അനീതികളെ തടയേണ്ടത് നിങ്ങ

ളുടെ ചുമതലയാണ്. എനിക്കു തോന്നുന്നതു് മഹാരാജാവിൻെറയും എൻെറ മകളുടെയും ബുദ്ധിയ്ക്കു് എന്തോ കാര്യമായ ചില തകരാറുകൾ പററീട്ടുണ്ടെന്നാണ്.

ദേവവ്രതൻ ഇടയ്ക്കുകയറി പറഞ്ഞു:—"മന്ത്രീ! അനാവശ്യമായ കാര്യങ്ങളെക്കുറിച്ച് സംസാരിക്കേണ്ട. മഹാരാജാവ് ഈ മുക്കവൻെറ പുത്രിയെ വിവാഹംചെയ്യണമെന്നു് ഞാൻ സ്വയം ആഗ്രഹിക്കുന്നു. സ്നേഹിതാ! നിങ്ങൾ ഉന്നയിച്ച നിബന്ധനതികളും നീതിയുക്തമായിട്ടുള്ളതാണ്. മഹാരാജാവ് ഇന്നു പീഡിതനാണ്. അദ്ദേഹത്തെ രക്ഷിക്കേണ്ടതു് എൻെറ ചുമതലയാണ്. അതിനു് ഒരു മാർഗ്ഗം മാത്രമേ കാണുന്നുള്ളു. ഹസ്തിനപുരിയിലെ സിംഹാസനത്തെ ഞാൻ ഉപേക്ഷിക്കണം. അതല്ലേ വേണ്ടതു്?"

മുക്കവൻ:—കുമാരാ! ഞാൻ അതു് പറയുന്നില്ല. താങ്കൾ സുഖമായി രാജ്യഭാരം ചെയ്തുകൊള്ളണം.

ദേവവ്രതൻ:—നിങ്ങൾ അതു പറയുന്നില്ലായിരിക്കാം. പക്ഷെ, എൻെറ അഭിപ്രായമാണ് ഞാൻ പറയുന്നതു്. മന്ത്രീ! കേൾക്കു; ആര്യാവർത്തത്തിലെ പതിതപാവനിയായ ഈ ഗംഗാമാതാവിൻെറ തീരത്തിൽ നിന്നുകൊണ്ടു് ദേവവ്രതൻ പ്രതിജ്ഞചെയ്യുന്നു; ഹസ്തിനപുരിയിലെ സിംഹാസനത്തിനുള്ള എൻെറ അധികാരത്തെ ഞാൻ ഇതാ ത്യജിച്ചിരിക്കുന്നു. മുക്കവരേ! മതിയോ? ഇനി നിങ്ങളുടെ മകളെ മഹാരാജാവിനു് വിവാഹംചെയ്തു കൊടുത്തുകൂടെ?

മുക്കവൻ:—രാജകുമാരാ! താങ്കളുടെ പ്രതിജ്ഞയെല്ലാം ശരി തന്നെ. പക്ഷേ, അതുകൊണ്ടുമാത്രം ഞാൻ തൃപ്തിപ്പെടുന്നില്ല.

മന്ത്രി കോപിഷ്ഠനായി പറഞ്ഞു:—"നിന്നെപ്പോലെ ഇത്ര മഠയനായി വേറെ വല്ലവരും ഉണ്ടോ എന്ന് സംശയമാണ്."

മുക്കുവൻ:—രാജാക്കന്മാർക്കെല്ലാം എന്നെപ്പോലുള്ളവർ മഠയരാണെന്നു തോന്നും. എന്നാൽ വെള്ളച്ചുമരുകളുടെയും ശ്വേതവസ്ത്രങ്ങളുടെയും ഇടയിൽ ഒളിഞ്ഞിരിക്കുന്നവരാണ് മഠയന്മാർ. അല്ലാതെ പുൽമാടങ്ങളിൽ ലങ്കോട്ടിയുടുത്തുകൊണ്ടു് കഴിഞ്ഞുകൂടുന്നവരല്ല. ഈ വസ്തുത ലോകം നല്ലപോലെ മനസ്സിലാക്കിട്ടുണ്ടു്.

ദേവവ്രതൻ:—മന്ത്രീ! അങ്ങനെയൊന്നും പറയരുത്. സ്നേഹിതാ! നിങ്ങൾ സംതൃപ്തനായിട്ടില്ലെന്നു പറഞ്ഞതു് എന്തുകൊണ്ടാണ്?

മുക്കുവൻ:—താങ്കൾ പ്രതിജ്ഞ നിറവേററുമെന്ന് എനിക്കു പൂർണ്ണമായ വിശ്വാസമുണ്ടു്. സിംഹാസനത്തിനു നേരെ നോക്കുകപോലും ചെയ്യുകയുമില്ല. എന്നാൽ താങ്കളുടെ പുത്രന്മാർ അങ്ങനെ ചെയ്തുകൊള്ളണമെന്നില്ല. അവർ യാതൊരു പ്രതിജ്ഞയും ചെയ്തിട്ടില്ലല്ലോ. അതിനാൽ സിംഹാസനത്തിനുവേണ്ടി അവർ പോരാട്ടമെന്നുള്ളതു സ്വാഭാവികമാണ്. അപ്പോൾ എന്റെ പൌത്രൻ നിസ്സഹായനായിത്തീരും. എന്തുതന്നെയായാലും അവൻ ഒരു മുക്കുവന്റെ പൌത്രനാണല്ലോ. ക്ഷത്രിയന്മാർ മുഴുവനും താങ്കളുടെ പുത്രന്റെ ഭാഗത്തു നില്ക്കും. അങ്ങനെ താങ്കൾ പ്രതിജ്ഞ നിറവേററുന്നതായാൽപോലും എന്റെ മകൾക്കും അവളുടെ പുത്രനും ദുഃഖിതരായിത്തന്നെ ജീവിക്കേണ്ടിവരും.

അത്ഭുതപരതന്ത്രനായ മന്ത്രി പറഞ്ഞു:—"ഇവൻ ഒരു വലിയ രാജതന്ത്രജ്ഞനാണെന്നു തോന്നുന്നുവല്ലോ. ഇവനെ മഹാരാജാവിന്റെ വിദേശവകുപ്പിലെ മന്ത്രി

യായി നിശ്ചയിക്കേണ്ടതാണ്. കുമാരാ! ഈ മുക്കവൻ അതിർത്തിവിട്ടു സംസാരിക്കുവാൻ തുടങ്ങിയിരിക്കുന്നു.”

ഇതിനിടയിൽ രാജകുമാരൻ കണ്ണുമടച്ച് അല്പസമയം ധ്യാനമഗ്നനായി നിലകൊള്ളുന്നതു കണ്ടു. ജീവിതത്തിലെ ചെറുതും വലുതുമായ അനേകം സംഭവങ്ങൾ അദ്ദേഹത്തിൻെറ മുമ്പിലേയ്ക്കു വന്നു. ഹസ്തിനപുരിയിലെ സിംഹാസനം, ഭാവിയിലുള്ള ഗൃഹസ്ഥജീവിതം, സന്താനം, കാമപൂർത്തി എന്നിങ്ങനെയുള്ള സർവ്വപ്രശ്നങ്ങളും ഓരോന്നോരോന്നായി മനസ്സിൽ ഉദയംചെയ്തുകൊണ്ടിരിക്കുകയും അദൃശ്യമായിത്തീരുകയുംചെയ്തു. പിതാവിൻെറ രക്ഷയെ കുറിച്ചുള്ള മഹത്തായ ചിന്ത ബാക്കിയുള്ള എല്ലാററിനേയും തട്ടിനീക്കി മനസ്സിൽ സ്ഥാനംപിടിച്ചു. ഒടുവിൽ അദ്ദേഹം മുക്കവനെ നോക്കി ഇപ്രകാരം പറഞ്ഞു:—“സ്നേഹിതാ! ഞാൻ നല്ലപോലെ ആലോചിച്ചു. സിംഹാസനാധികാരത്തെ ഞാൻ ത്യജിച്ചുകഴിഞ്ഞു. എന്നാൽ എൻെറ പുത്രന്മാരെക്കുറിച്ചാണ് നിങ്ങൾക്കു ഭയമുള്ളതു്. അതിനാൽ മന്ത്രീ! ഗംഗാമാതാവേ! ആര്യാവർത്തത്തിലെ ദേവന്മാരേ! കുരുകുലത്തിലെ പൂർവ്വജന്മാരേ! കേൾക്കുക. ഞാൻ സ്വയം സന്താനങ്ങളെ ഉല്പാദിപ്പിക്കുകയാകട്ടെ, വിവാഹജീവിതത്തിൽ പ്രവേശിക്കുകയാകട്ടെ ചെയ്യുകയില്ലെന്ന് ദേവവ്രതനായ ഞാൻ ഇതാ പ്രതിജ്ഞചെയ്യുന്നു. മുക്കവരേ, മതിയോ? ഇനി നിങ്ങൾക്ക് വല്ല ആശങ്കയുമുണ്ടോ?”

മന്ത്രിയും മുക്കവനും രാജകുമാരൻെറ പ്രതിജ്ഞ കേട്ട് സ്തബ്ധരായിപ്പോയി. മുക്കവൻെറ മകൾക്കും അതിയായ ആശ്ചര്യമുണ്ടായി. അന്തരീക്ഷം മുഴുവൻ ശബ്ദായമാനമായി. വിദൂരത്ത് പൊന്തിക്കൊണ്ടിരിക്കുന്ന ഗംഗയുടെ അലകളുടെ മദ്ധ്യത്തിൽനിന്ന് സുവ്യക്തമായ ഒരു ശബ്ദം കേട്ടു: “ഈ പ്രതിജ്ഞ അത്യധികം ഭീഷ്മമാണ്. ഇങ്ങനെയുള്ള ഒരു പ്രതിജ്ഞ ചെയ്യുന്ന ആളും ഭീഷ്മനാണ്.”

അന്നുമുതൽക്കു ദേവവ്രതൻ ഭീഷ്മനായി മാറി.

# വംശരക്ഷാപ്രശ്നം

ശന്തനുമഹാരാജാവ് മുക്കുവകന്യകയെ വിവാഹം ചെയ്തു. കന്യകയുടെ പേർ മത്സ്യഗന്ധ എന്നായിരുന്നു. വിവാഹത്തിനുശേഷം സത്യവതി എന്ന പേർ വിളിച്ചുതുടങ്ങി. ശന്തനുമഹാരാജാവിന്ന് സത്യവതിയിൽ രണ്ടു പുത്രന്മാരുണ്ടായി. കുറേക്കാലം കഴിഞ്ഞപ്പോൾ ശന്തനുമഹാരാജാവ് ഇഹലോകവാസം വെടിഞ്ഞു. പിന്നീട് സത്യവതിയുടെ പുത്രൻ ഹസ്തിനപുരിയിലെ സിംഹാസനത്തിന്മേലിരുന്നു. ജ്യേഷ്ഠനായ ഭീഷ്മർ ഈ സഹോദരന്മാൎക്ക് രണ്ടു രാജകന്യകമാരെ അപഹരിച്ചു കൊണ്ടുവന്നു കൊടുത്തു. അങ്ങനെ അവരുടെ വിവാഹവും നടന്നു.

എന്നാൽ സത്യവതിയുടെ രണ്ടു പുത്രന്മാരും ചെറുപ്പത്തിൽതന്നെ കാലഗതി പ്രാപിച്ചു. അങ്ങനെ അവരുടെ ഭാര്യമാർ വിധവകളായിത്തീൎന്നു. സത്യവതീരാജ്ഞിക്ക് അപാരമായ ദുഃഖമുണ്ടായി. രണ്ടു പുത്രന്മാൎക്കും സന്താനമുണ്ടായിരുന്നില്ല. അതുകൊണ്ട് ഹസ്തിനപുരിയിലെ സിംഹാസനം സത്യവതിയുടെ മുമ്പിൽ ഒരു പ്രശ്നമായിത്തീൎന്നു. അത് അവൎക്ക് കഠിനമായ മനോവേദനയുണ്ടാക്കി.

പുത്രന്മാരുടെ അനന്തരക്രിയകളെല്ലാം ചെയ്തുതീൎത്തതിനുശേഷം സത്യവതി രാജധാനിയിൽ ഇരിക്കുകയായിരുന്നു. ഒരുദിവസം ഭീഷ്മർ അവരുടെ അടുത്തുചെന്നു. അദ്ദേഹം ചോദിച്ചു:— "അമ്മേ, എന്താണിങ്ങനെ ഇരിക്കുന്നതു ?"

സത്യവതി അല്പം സങ്കടത്തോടുകൂടി പറഞ്ഞു:— "ഭീഷ്മാ! നിന്നെ ഒന്നു കാണണമെന്നു് വിചാരിച്ചിരിക്കുകയായിരുന്നു ഞാൻ."

ഭീഷ്മർ:—എന്തുവേണമെന്നു് ആജ്ഞാപിക്കണം?

സത്യവതി:—ഞാൻ പറഞ്ഞതിനെപ്പററി നീ ആലോചിക്കുകയുണ്ടായോ?

ഭീഷ്മർ:—അതിൽ ആലോചിക്കുവാൻ യാതൊന്നുംതന്നെയില്ല. ഗംഗാമാതാവിൻെറ തീരത്തു നിന്നുകൊണ്ടു് ഞാൻ ചെയ്ത പ്രതിജ്ഞയെ അണുപോലും ലംഘിക്കുവാൻ ഞാൻ ഒരുക്കമില്ല.

സത്യവതി:—എന്നാൽ ഭീഷ്മാ! വംശം മുഴുവനും നശിക്കുന്നതു കണ്ടിട്ടുപോലും നീ നിൻെറ വാശി വിടാത്തതെന്താണു്?

ഭീഷ്മർ:—അമ്മേ! അങ്ങനെ പറയരുതു്. ഇതൊരു വാശിയല്ല. ഞാൻ ചെയ്ത പ്രതിജ്ഞയെ പരിശുദ്ധിയോടുകൂടി പാലിക്കുവാൻ ശ്രമിക്കുന്നതിനെ നിങ്ങൾ വാശിയാണെന്നു പറയുകയാണെങ്കിൽ എനിക്കതിൽ ഒന്നുംതന്നെ പറയുവാനില്ല.

സത്യവതി:—ഗംഗാപുത്രനായ ഭീഷ്മാ! അന്നു് അങ്ങനെയെല്ലാം വന്നു സംഭവിച്ചു എന്നു കരുതിയാൽമതി. എനിക്കു് അന്നു ചെറുപ്പമായിരുന്നു. ഗംഗാപുത്രനിൽ എത്രമാത്രം ഔദാര്യവും മാഹാത്മ്യവും ഉണ്ടെന്നു് അന്നെനിക്കറിയുവാൻ കഴിഞ്ഞില്ല. മഹാരാജാവിൻെറ ബുദ്ധിയും തീരെ ഭ്രമിച്ചുപോയിരുന്നു. അത്തരത്തിലുള്ള ഒരു പരിതഃസ്ഥിതിയിലാണു് എൻെറ പിതാവു് നിന്നെക്കൊണ്ടു് പ്രതിജ്ഞ ചെയ്യിച്ചതു്.

ഭീഷ്മർ:—അമ്മേ! അതൊരു പ്രതിജ്ഞയായിരുന്നു. അതിനെ യഥാവിധി പാലിക്കേണ്ടതു് നമ്മുടെ ചുമതലയാണു്. എന്നെ വെറുതെ നിർബ്ബന്ധിക്കരുതു്. നേരേമറിച്ചു് ഞാൻ എൻെറ പ്രതിജ്ഞ ലംഘിക്കു

വാൻ മുതിരുകയാണെങ്കിൽ അതിൽനിന്ന് എന്നെ പിൻതിരിപ്പിയ്ക്കുകയാണ് നിങ്ങൾ ചെയ്യേണ്ടതു്. പ്രതിജ്ഞാഭംഗം ചെയ്യുന്ന കുലത്തിൻെറ നാശം പ്രത്യക്ഷമല്ലെങ്കിലും അതീവ ഭയങ്കരമാണ്. അതു കൊണ്ട് അമ്മേ! വേറേ ഏതെങ്കിലും മാർഗ്ഗമാരായുന്നതാണ് നല്ലതു്.

സത്യവതി:—നിൻെറ ദൃഢനിശ്ചയം അതാണെങ്കിൽ പിന്നെ ഒരേയൊരു മാർഗ്ഗമേ ബാക്കിയുള്ളൂ. നിയോഗത്തിൻെറ മാർഗ്ഗമാണതു്.

ഭീഷ്മർ:—അമ്മയ്ക്കു് ശരിയായി തോന്നുന്നതു് ചെയ്യാവുന്നതാണ്.

സത്യവതി:—ഭീഷ്മാ! ഇങ്ങനെ മറുപടിപറയുന്നതു് ശരിയല്ല. എനിക്കു ശരിയാണെന്നു തോന്നുന്ന പ്രശ്നമേ ഉത്ഭവിക്കുന്നില്ല. നമ്മൾക്കു രണ്ടുപേർക്കും ശരിയാണെന്നു തോന്നണം. ഞാൻ ഇപ്പോഴെല്ലാം നിൻെറ അഭിപ്രായമനുസരിച്ചാണു നടക്കുന്നതു്. ഭീഷ്മാ! ഇത്രയും കാലത്തിനുള്ളിൽ ഞാൻ നിന്നെ കാണുകയും മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. നിന്നെ എനിയ്ക്കു പരിപൂർണ്ണവിശ്വാസമാണ്. ഈ രാജ്യത്തിൻെറ സാരഥ്യം വഹിക്കുന്നതു് ഇപ്പോൾ നീയാണ്. സിംഹാസനത്തിൻെറ കാര്യത്തിൽ എന്തുവേണമെന്നു പറയൂ. സിംഹാസനാരോഹണം ചെയ്യിക്കുന്നതിനും വംശപാരമ്പര്യത്തെ നിലനിർത്തുന്നതിനും പുത്രൻ കൂടിയേ കഴിയൂ.

ഭീഷ്മർ:—നിയോഗമെന്നതിൻെറ താല്പര്യം ഒരന്യപുരുഷൻ ബന്ധുക്കളായ സ്ത്രീകളിൽ സന്താനോല്പാദനം നടത്തുക എന്നതാണ്. നിങ്ങളുടെ വിഷമതകളെപ്പററി എനിക്കറിയാം. എന്നാൽ നിയോഗത്തിൻെറ കാര്യമാണ് എനിക്കു മനസ്സിലാകാത്തതു്.

സത്യവതി:—നിനക്കതുകൊണ്ട് എന്താണ തരക്കേട്? നമ്മുടെ സമുദായത്തിൽ നിയോഗസമ്പ്രദായം സർവ്വ സാധാരണമാണ്.

ഭീഷ്മർ:—അമ്മേ! സമുദായത്തിൽ അത്ത് സർവ്വസാധാരണ മാണെന്ന് എനിക്കും അറിയാം. എന്നാൽ മാന്യ മായ ഒന്നല്ല അത്. ഇന്ന് ആര്യന്മാരുടെ ഇടയിൽ ഈ കാടൻസമ്പ്രദായത്തെ വെറുക്കുന്നവരായി പലരു മുണ്ട്.

സത്യവതി:—എന്നാൽ ഭീഷ്മാ! നിയോഗത്തിനു ശാസ്ത്രാനു മതികൂടി ലഭിച്ചിട്ടുണ്ട്. അതുകൂടാതെ വംശരക്ഷയ്ക്ക് മററു മാർഗ്ഗങ്ങളൊന്നും കാണുന്നില്ല.

ഭീഷ്മർ:—അതെനിയ്ക്കറിയാം. എന്നാൽ ഇന്നുള്ളത്ര വെറു പ്പ് അതിനോട് നമുക്കു മുമ്പുണ്ടായിരുന്നില്ല. ആര്യ ന്മാരുടെ ഇടയിൽ വിവാഹംതന്നെ നടപ്പില്ലാതിരു ന്ന കാലത്ത് സ്ത്രീപുരുഷന്മാർ സ്വച്ഛന്ദം വിഹരി ച്ചിരുന്നു ഒരിയ്ക്കൽ ഒരു ഋഷിയുടെ ആശ്രമത്തിൽ വച്ച് ഒരു സംഭവം നടക്കുകയുണ്ടായി. ഋഷിയും പത്നിയും പുത്രനുംകൂടി ഇരിയ്ക്കുന്ന അവസരത്തിൽ മറെറാരു ഋഷി അവിടെ വന്നുകയറി ആയാൾ ഋഷിപത്നിയുടെ കൈയുംപിടിച്ച് അവിടെനിന്നു പോയി.

സത്യവതി:—എന്ത്? പിന്നെ എന്തു സംഭവിച്ചു?

ഭീഷ്മർ:—ഋഷി അതിനെക്കുറിച്ചു യാതൊന്നും പറഞ്ഞി ല്ല. എന്നാൽ പുത്രന് ഇത്ത് ഒട്ടും രസിച്ചില്ല. അയാരം വല്ലാതെ ക്ഷോഭിച്ചു.

സത്യവതി:—എന്നിട്ടെന്തുണ്ടായി?

ഭീഷ്മർ:—ഋഷി ആയാളെ സമാധാനിപ്പിച്ചുകൊണ്ട് ആര്യന്മാരുടെ ഇടയിലുള്ള സമ്പ്രദായത്തെപ്പററി

പറഞ്ഞുകൊടുത്തു. അതുകേട്ട് പുത്രൻ പറഞ്ഞു:—"അച്ഛാ! ആര്യന്മാരായ നമ്മുടെ ഇടയിൽ ഈ ഏർപ്പാട് ഇതുവരെ നിലനിന്നുപോരുന്നുണ്ടെങ്കിലും ഇനിമുതൽ അവസാനിക്കണം. ആര്യന്മാരായ സ്ത്രീപുരുഷന്മാർ വിവാഹബന്ധത്തിൽ ഏർപ്പെട്ട് ആത്മനിയന്ത്രണം ശീലിക്കണം." അന്നുമുതല്ക്കാണ് ആര്യന്മാരുടെയിടയിൽ വിവാഹം തുടങ്ങിയത്.

സത്യവതി:—മുമ്പ് അങ്ങനെയായിരുന്നുവെന്ന് എങ്ങനെയാണു നമ്മൾ ഊഹിക്കുക?

ഭീഷ്മർ:—അങ്ങനെതന്നെയായിരുന്നു. എന്നിട്ടും ആരും തന്നെ അതിനെ എതിർത്തില്ല. കാലം മാറിവന്നതോടുകൂടി അതിന് എതിർപ്പുകൾ ഉണ്ടാവാൻ തുടങ്ങി. ഋഷിപുത്രൻ ആ എതിർപ്പിനെ വ്യക്തമായി പ്രകടിപ്പിച്ചു. നിയോഗത്തിന്റെ കാര്യവും ഇപ്രകാരംതന്നെയാണ്. നടപ്പുള്ള ഒരു സമ്പ്രദായമാണത്. എന്നാൽ എത്രമാത്രം ദുഷിച്ച ഒന്നാണതു് എന്നതിനെക്കുറിച്ച് നമുക്കറിവില്ല. പക്ഷെ, സ്ത്രീപുരുഷബന്ധത്തിന്റെ പരിശുദ്ധിയെ ഉയർത്തുവാൻവേണ്ടി പ്രയത്നിക്കുന്നവർ പ്രസ്തുത സമ്പ്രദായത്തെ നിന്ദിക്കും. മാത്രമല്ല, കുറച്ചുകാലത്തിനുള്ളിൽ അതു തീരെ നാമാവശേഷമായിത്തീരുകയും ചെയ്യും.

സത്യവതി:—നാമാവശേഷമായിത്തീരുകയാണെങ്കിൽ അന്ന് അതിനെക്കുറിച്ചു സംസാരിക്കാം. ഇന്നു ശന്തനുമഹാരാജാവിന്റെ വംശം നിലനിർത്തുക എന്നതാണ് പ്രശ്നം. ഭീഷ്മാ! ഇക്കാര്യത്തിൽ നിനക്കു വ്യക്തിപരമായ പല അഭിപ്രായങ്ങളും ഉണ്ടായിരിക്കാം. അതിനെപ്പററി ഞാൻ ശ്രദ്ധിക്കുന്നില്ല. നിന്റെ സഹായം ഇക്കാര്യത്തിൽ അത്യന്താപേക്ഷിതമാണെന്നു മാത്രം പറയുന്നു.

ഭീഷ്മർ:—എന്നാൽ നിങ്ങൾ എന്താണു ചെയ്യുവാൻ വിചാരിക്കുന്നതു്?

സത്യവതി:—ഭീഷ്മാ! നിന്നെ ഞാൻ എൻെറ സ്വന്തം മകനെപ്പോലെ കരുതി ഒരു രഹസ്യം പറയുവാൻ പോകയാണു്. പറഞ്ഞോട്ടേ?

ഭീഷ്മർ:—തീച്ചയായും പറയണം.

സത്യവതി:—എൻെറ പേരിൽ നിനക്കു തെററിദ്ധാരണയൊന്നുമുണ്ടാവില്ലല്ലോ?

ഭീഷ്മർ:—ഇത്രകാലം പരിചയിച്ചിട്ടും എൻെറ പേരിൽ വിശ്വാസമില്ലെങ്കിൽ പിന്നെ പറഞ്ഞിട്ടു കാര്യമില്ല.

സത്യവതി:—വളരെക്കാലംമുമ്പു നടന്ന ഒരു കഥയാണു്. ഒരിക്കൽ ഞാൻ ഗംഗയിൽ തോണി തുഴഞ്ഞുകൊണ്ടിരിക്കുമ്പോൾ പരാശരമഹർഷിയുമായി സംയോഗത്തിനിടവന്നു. അതിൽ എനിക്കു് ഒരു പുത്രൻ ജനിക്കുകയും ചെയ്തു.

ഭീഷ്മർ:—ആ പുത്രൻ ഇന്നു് എവിടെയാണു്?

സത്യവതി:—ആയാൾ ഇന്നു് വേദവ്യാസനെന്ന പേരിൽ പ്രസിദ്ധനായിത്തീന്നിരിക്കുന്നു.

ഭീഷ്മർ:—ഭഗവാൻ വേദവ്യാസൻ നിങ്ങളുടെ പുത്രനാണോ? അങ്ങനെയൊരു പുത്രൻെറ അമ്മയായ നിങ്ങൾ മഹാഭാഗ്യവതിതന്നെ.

സത്യവതി:—ഈ പുത്രനെ നിയോഗത്തിനായി വിളിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഭീഷ്മർ ആശ്ചര്യപൂർവ്വം ചോദിച്ചു:—"വ്യാസഭഗവാനെയോ? അമ്മേ, നിങ്ങൾ എന്തെല്ലാമാണു പറയുന്നതു്?"

സത്യവതി:—ഭീഷ്മാ! ഇതിൽ ഒട്ടുംതന്നെ സംശയം വേണ്ട. പോകുമ്പോൾ ആയാൾ എന്നോടു പറഞ്ഞിരുന്നു. അതുകൊണ്ടു നിശ്ചയമായും വരും.

ഭീഷ്മർ:—അദ്ദേഹം വരുമെന്നും നിങ്ങൾ പറയുന്നതു് അനുസരിക്കുമെന്നും ഞാൻ വിചാരിക്കുന്നില്ല ആധുനികലോകത്തിലെ നവീനചിന്തകന്മാരിൽ അദ്ദേഹം അടിപിതീയനാണു്. ആ സ്ഥിതിക്കു് ഇക്കാര്യം എങ്ങനെ ശരിപ്പെടും? എന്നാൽ അമ്മയുടെ കല്പന യായതുകൊണ്ടു് നിരസിക്കുവാൻ നിവൃത്തില്ലാതെ ഒരുപക്ഷെ അനുസരിക്കുമായിരിക്കാം.

സത്യവതി:—അതുതന്നെയാണു് യഥാർത്ഥം. നിങ്ങളെല്ലാവരും ഒരുപോലെ മക്കടമുഷ്ടിക്കാരാണു്. ഒരിക്കൽ ഒന്നു പിടിച്ചാൽപിന്നെ അതിനെ വിടുകയേ ചെയ്യില്ല. എന്നാൽ അമ്മയുടെ നിലയ്ക്കു് ഞാൻ ആവശ്യപ്പെട്ടും. നിൻെറ പ്രതിജ്ഞയ്ക്കു കാരണവും ഞാൻ തന്നെയായിരുന്നുവല്ലോ. അതുകൊണ്ടു് ആവശ്യപ്പെടുവാൻ മടിയുണ്ടുതാനും. എന്നാൽ വ്യാസനോടു് ഇക്കാര്യം ശക്തിയായി ഞാൻ പറയും. ആയാൾ ആദ്യത്തിൽ എത്രതന്നെ എതിത്താലും ഒടുവിൽ സമ്മതിക്കുമെന്നു് എനിക്കുറപ്പുണ്ടു്.

ഭീഷ്മർ:—എന്നാൽ അദ്ദേഹത്തെ വിളിക്കണം. സിംഹാസനാരോഹണം ചെയ്യുന്നതിന്നു് ഒരു പുത്രൻ നിശ്ചയമായും ആവശ്യമാണല്ലൊ. അപ്പോൾ ഇത്തരം മാഗ്ഗങ്ങളെക്കുറിച്ചും ചിന്തിക്കാതിരിപ്പാൻ നിവ്വാഹമില്ല.

സത്യവതി:—അതുതന്നെയാണു ഞാനും പറയുന്നതു്. ഒരു കാര്യം ചെയ്വാൻ നിശ്ചയിച്ചുകഴിഞ്ഞാൽപിന്നെ അതു പൂണ്ണമനസ്സോടുകൂടി ചെയ്യണം. വ്യാസനെ ഉടൻതന്നെ വരുത്തുവാൻ വേണ്ട ഏപ്പാടു ഞാൻ

ചെയ്യണം. അംബികയോടും അംബാലികയോടും ഈ വത്തമാനം പറയുകയും ചെയ്യാം. എനിക്ക് നിൻെറ അഭിപ്രായമറിയണം. അവർ എന്തു പറയുന്നു എന്നും അറിയണം. മഹാരാജാവിൻെറ വംശത്തെ നിലനിത്തുക എന്ന ഒരു ഭാരിച്ച ചുമതലയാണു നിവ്വഹിക്കുവാനുള്ളത്.

ഭീഷ്മർ:—അമ്മേ! ഇപ്പോഴ് ഞാൻ പോകട്ടെ.

സത്യവതി:—അങ്ങനെതന്നെ. വ്യാസൻ വന്നാൽ ഞാൻ നിനക്കറിവുതരുന്നതാണ്.

ഇത്രയും പറഞ്ഞു് സത്യവതി പുത്രവധുക്കളുടെ മുറിയിലേയ്ക്കു പോയി. ഭീഷ്മർ രാജധാനിയിലേയ്ക്കും തിരിച്ചു.

# യുവാവിൻെറ ദൃഷ്ടിയിൽ

വികണ്ണൻ ദുര്യോധനൻെറ അനുജനായിരുന്നു. ചൂതുകളിക്കുന്ന സഭയിൽവെച്ചു് കൗരവന്മാർ ചെയ്ത അധമ്മത്തെ സഹോദരന്മാരെല്ലാം നിശ്ശബ്ദമായി നോക്കിക്കൊണ്ടിരുന്ന അവസരത്തിൽ വികണ്ണൻ മാത്രമാണ് അതിനെതിരായി ശബ്ദമുയത്തുകയും തൻെറ പ്രതിഷേധം പ്രകടിപ്പിക്കുന്നതിനു സഭവിട്ടു് ഇറങ്ങിപ്പോരികയും ചെയ്തതു്.

ദ്യൂതസഭയിൽവെച്ചുനടന്ന സംഭവം കഴിഞ്ഞതിൻെറ പിറേറദിവസം വികണ്ണൻ ഭീഷ്മപിതാമഹൻെറ വസതിയിലേയ്ക്കു ചെന്നു. പിതാമഹൻ നിത്യകൃത്യങ്ങളെല്ലാം കഴിഞ്ഞു് തോട്ടത്തിൽ ഉലാത്തിക്കൊണ്ടിരിക്കുകയായിരുന്നു. അപ്പോഴാണ് വികണ്ണനെ കണ്ടതു്. അദ്ദേഹം ചോദിച്ചു:—“വികണ്ണാ! ഈ സമയത്തു് എന്താണ് ഇങ്ങോട്ടു പോന്നതു്?”

വികൎണ്ണൻ:—വിശേഷിച്ചൊന്നുമില്ല. വീട്ടിൽ ഇരുന്നു മടുത്തപ്പോൾ താങ്കളുടെ അടുക്കലേയ്ക്കു വന്നതാണു്.

ഭീഷ്മർ:—ഇന്നു് നഗരത്തിലെ പ്രക്ഷോഭം എങ്ങനെയുണ്ടു്?

വികൎണ്ണൻ:—ഭയങ്കരമാണു്. വേണമെങ്കിൽ എല്ലാം നശിക്കുന്നതിനുള്ള സാഹചര്യമുണ്ടു്. എന്നാൽ പിതാമഹാ! സമുദായം സ്വാഭാവികമായിത്തന്നെ അത്യധികം സമാധാനപ്രിയമാണു്. അതിനും പുറമെ ജ്യേഷ്ഠൻ വളരെ നയജ്ഞനായതുകൊണ്ടു് എല്ലാ കൊടുങ്കാററും എളുപ്പത്തിൽ ശമിച്ചുപോകുന്നു. എനിക്കു് അത്ഭുതം തോന്നുന്നതു് മറെറാന്നിലുമല്ല. അങ്ങയും ദ്രോണാചാര്യനും ഇരിക്കുമ്പോഴാണു് പാഞ്ചാലിയുടെ വസ്ത്രാക്ഷേപം നടന്നതു്.

ഭീഷ്മർ:—ഇതിലൊന്നും ആശ്ചര്യപ്പെടാനില്ല. കുരുകുലത്തിന്റെ നാശം അടുത്തിരിക്കുന്നു. ഇതെല്ലാം അതിന്റെ ലക്ഷണങ്ങളാണു്. നിന്റെ ജ്യേഷ്ഠൻ വംശത്തെ നശിപ്പിക്കാനായിമാത്രം ജനിച്ചതാണു്.

വികൎണ്ണൻ:—പിതാമഹാ! അതെനിക്കും അറിയാം. നാശത്തിന്റെ വക്കത്തെത്തിയാൽമാത്രമേ ഇത്തരം കാര്യങ്ങൾ പ്രവൎത്തിക്കുവാൻ തോന്നുകയുള്ളു. എന്നാൽ അങ്ങു മൂകനായിരുന്നു് ഇതെല്ലാം കണ്ടതെങ്ങനെയാണു്?

ഭീഷ്മർ:—ഞാൻ അവിടെവെച്ചുതന്നെ എതിൎക്കുവാൻ ഭാവിച്ചിരുന്നു.

വികൎണ്ണൻ:—പിതാമഹാ! അതൊരു എതിൎപ്പായിരുന്നുവോ? കേവലം അഭിപ്രായവ്യത്യാസം മാത്രമായിരുന്നു അതു്. അങ്ങു കൗരവവംശസ്ഥാപകനാണു്. മഹത്വമേറിയ ഒരു സ്ഥാനമാണു് അങ്ങയ്ക്കുള്ളതു്. ജ്ഞാനിയും പ്രതിഷ്ഠാവാനും ആണു് അങ്ങു്. അതിനുംപുറ

മെ വയോവൃദ്ധനുമാണു. അതുകൊണ്ട് എന്നെപ്പോലുള്ളവർ പാണ്ഡവരിൽനിന്നു പലതും പ്രതീക്ഷിച്ചിരുന്നു അതു സ്വാഭാവികവുമാണു്.

ഭീഷ്മർ:—ഞാൻ അവസരംകിട്ടുമ്പോഴെല്ലാം നിൻെറ അച്ഛനേയും ജ്യേഷ്ഠനേയും ഉപദേശിക്കാറുണ്ടു. എന്നാൽ അവർ നാശത്തിലേയ്ക്കു കുതികൊള്ളുന്നു. തന്നിമിത്തം ഞാൻ പറയുന്നതൊന്നും അവരുടെ ചെവിയിൽ പോകുന്നില്ല.

വികർണ്ണൻ:—അങ്ങ് ഉപദേശിക്കുന്നതുകൊണ്ടുമാത്രം പോരാ എന്നാണു പറയുന്നതു്.

ഭീഷ്മർ:—പിന്നെ ഞാൻ എന്തുചെയ്യണം?

വികർണ്ണൻ:—പിതാമഹാ! അങ്ങേയ്ക്കു് അതു പറഞ്ഞുതരുന്നതിന് എനിക്ക് അർഹതയില്ല. സത്യവതീമാതാവ് ഒരിക്കൽ അങ്ങയെ പ്രതിജ്ഞാലംഘനം ചെയ്യിക്കുന്നതിനുവേണ്ടി എത്രയധികം പ്രയത്നിച്ചു? എന്നാൽ അങ്ങു ഹിമാലയത്തെപ്പോലെ അചലനായി വർത്തിച്ചു. മറെറാരുതവണ അങ്ങയുടെ ഗുരുവായ പരശുരാമൻ അംബയെ വീണ്ടും സ്വീകരിക്കുവാനും വിവാഹംചെയ്യുവാനും അങ്ങയോടു വളരെ പറഞ്ഞുനോക്കി. ആ സമയത്തും അങ്ങ് തൻെറ നിശ്ചയത്തെ ഇളക്കിയില്ല. മാത്രമല്ല, ഗുരുവിനെതിരായി ആയുധമെടുക്കുകപോലും ചെയ്തു. ഒടുവിൽ അങ്ങയുടെ ആഗ്രഹംതന്നെ ജയിച്ചു. ഈ രണ്ടു കാര്യങ്ങളും ശരിയാണോ?

ഭീഷ്മർ:—അതെ. ശരിയാണു്.

വികർണ്ണൻ:—അപ്പോൾ കൌരവവംശത്തിലെ കുലവധുവിൻെറ വസ്ത്രാക്ഷേപം നടന്ന അവസരത്തിൽ അങ്ങ് ഔചിത്യത്തേയും അനൗചിത്യത്തേയുംകുറിച്ചു ശാസ്ത്രീ

യമായി വ്യാഖ്യാനിക്കുവാൻ ഒരുങ്ങിപ്പുറപ്പെട്ടതു ന്യായമായിരുന്നുവോ? അങ്ങ് ആഗ്രഹിക്കുന്നപക്ഷം ധൃതരാഷ്ട്രമഹാരാജാവിനെ പിടിച്ചുകുലുക്കുവാൻ അങ്ങേയ്ക്കു സാധിക്കും. ശകുനിയമ്മാമന്റെ ചെകിടത്തു രണ്ടു കൊടുത്തു പുറത്താക്കാൻ അങ്ങേയ്ക്കു കഴിയും. ജ്യേഷ്ഠന്റെ ചെവിപിടിച്ച് ഒരു മുക്കിൽ കൊണ്ടുചെന്നിരുത്തുവാൻ അങ്ങേയ്ക്കു പ്രാപ്തിയുണ്ടു്. മാത്രമല്ല, അങ്ങു വിചാരിച്ചാൽ ദുശ്ശാസനനു ദ്രൗപദിയുടെനേർക്കു നോക്കുവാൻപോലും ധൈര്യമുണ്ടാകുമായിരുന്നില്ല.

ഭീഷ്മർ:—അതിന്റെ അർത്ഥം ഞാൻ അങ്ങനെ വിചാരിക്കുകയുണ്ടായില്ല എന്നാണല്ലോ. അതുകൊണ്ടാണു് ഇതെല്ലാം സംഭവിക്കുന്നതു്.

വികർണ്ണൻ:—ഏറെക്കുറെ അതുതന്നെയാണു് വാസ്തവം. ഇത്തരം സംഭവങ്ങളെപ്പററി അങ്ങേയ്ക്കുണ്ടാകേണ്ടിയിരുന്ന ആശങ്ക ഇല്ലാതെയാണു കാണുന്നതു്. ഇത്തരം സന്ദർഭങ്ങളിൽ ജ്യേഷ്ഠനെ അങ്ങു തടുക്കാറുണ്ടെന്നു് എനിക്കറിയാം. എന്നാൽ ആയാൾ ഉറച്ച മനുഷ്യനാണു്. കവിഞ്ഞാൽ പിതാമഹൻ കുറെ ദേഷ്യപ്പെടുകമാത്രമേ ചെയ്യുള്ളൂ എന്നു് ആയാളും കണ്ടിട്ടുണ്ടു്. അങ്ങയുടെ വാക്കുകൾക്കു പിന്നിൽ ശക്തിയുണ്ടെന്നു് ആയാൾ കരുതുന്നില്ല.

ഭീഷ്മർ:—എന്റെ വാക്കുകൾക്കു ശക്തിയുണ്ടാകുന്നതും ഇല്ലാതാക്കുന്നതും ദുര്യോധനന്റെ പ്രവൃത്തികളാണു്.

വികർണ്ണൻ:—യഥാർത്ഥം അതല്ല. അങ്ങു് എത്ര പറഞ്ഞാലും ജ്യേഷ്ഠൻ അതു് അനുസരിക്കാറില്ലെന്നു് എനിക്കറിയാം. അതുകൊണ്ടു്, പിതാമഹൻ എന്റെ സ്വന്തമാണല്ലോ, അദ്ദേഹം എന്തോ പറഞ്ഞോട്ടെ

എന്ന ഒരു മനോഭാവം ആയാളിൽ ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്. അങ്ങയുടെ മൌനാനുവാദത്തിൻെറ അടിസ്ഥാനത്തിലാണ് ജ്യേഷ്ഠനും ആയാളുടെ കൂട്ടുകാരും ന്യത്തംതുള്ളുന്നതു്. അങ്ങയുടെ ഈ മനോഭാവം കണ്ടിട്ട് ജനങ്ങൾക്കും വല്ലരെ ആശ്ചര്യം തോന്നുന്നുണ്ട്.

ഭീഷ്മർ:—വികർണ്ണാ! നീ സഭയിൽനിന്ന് എഴുന്നേററുപോന്നതുപോലെ എനിക്കും പോകാൻ കഴിയുമായിരുന്നു എന്ന് നീ വിചാരിക്കുന്നുണ്ടോ?

വികർണ്ണൻ:—തീർച്ചയായും. അങ്ങയ്ക്കു പോകാമായിരുന്നു. എന്നെപ്പോലുള്ള ഒരാരം ഇറങ്ങിപ്പോന്നാൽ അതു വിഡ്ഢിത്തമാണെന്നു പറഞ്ഞു് പരിഹസിച്ചേക്കാം. എന്നാൽ അങ്ങ് കൌരവകുലത്തിൻെറ സംരക്ഷകനാണ്. അങ്ങ് ഇറങ്ങിപ്പോന്നിരുന്നുവെങ്കിൽ സദസ്സു മുഴുവനും, ജ്യേഷ്ഠൻകൂടിയും വിഷമത്തിലാകുമായിരുന്നു. ഒരുപക്ഷേ, ജ്യേഷ്ഠൻ വന്ന് അങ്ങയുടെ കാൽക്കൽ വീഴുകപോലും ചെയ്യും. എന്നാൽ അങ്ങ് അവിടെത്തന്നെ ഇരുന്നു. അങ്ങു നോക്കിക്കൊണ്ടിരിക്കെ, അങ്ങയെ സാക്ഷിയാക്കിക്കൊണ്ട്, ദുർജ്ജനങ്ങളുടെ ആ സമൂഹം എല്ലാ കളികളും കളിച്ചു.

ഭീഷ്മർ:—മകനേ! നീ പറയുന്നതെല്ലാം എനിക്കു മനസ്സിലാവുന്നുണ്ട്.

വികർണ്ണൻ:—പിതാമഹാ! യുധിഷ്ഠിരമഹാരാജാവ് രാജസൂയയജ്ഞം നടത്തുമ്പോരം ഒന്നാമതായി പൂജിക്കപ്പെടേണ്ട ആരം ആരാണെന്ന പ്രശ്നം ആവിർഭവിച്ചതു് അങ്ങ് ഓർക്കുന്നുണ്ടോ? ആ അവസരത്തിൽ, നമ്മുടെ യുഗത്തിൽ ഏററവും മഹാനായ ആരം ശ്രീകൃഷ്ണനാണെന്നും അതുകൊണ്ട് ഒന്നാമതായി പൂജിക്കേണ്ടതു് അദ്ദേഹത്തെയാണെന്നും അങ്ങ്

അഭിപ്രായപ്പെടുകയുമുണ്ടായി. അതിനെത്തുടൎന്ന് എന്തെല്ലാം ബഹളങ്ങൾ നടന്നു? ശിശുപാലനും കൂട്ടുകാരും എത്രയധികം ക്ഷോഭിച്ചു? ഇതെല്ലാം അങ്ങു മറന്നിട്ടില്ലല്ലോ! അന്ന് അങ്ങയ്ക്കു യാതൊരു ക്ഷോഭവുമുണ്ടായില്ല. ശിശുപാലന്റെ തല വെട്ടി നിലത്തെറിഞ്ഞിട്ടുപോലും അങ്ങ് അചലനായി നിന്നു. അങ്ങനെയുള്ള ഒരു പിതാമഹനാണ് ഇന്നലെ കൌരവസഭയിൽവെച്ച് പാഞ്ചാലിയുടെ വസ്ത്രമഴിക്കുന്നതു കണ്ടുകൊണ്ടുനിന്നതെന്നോൎക്കുമ്പോൾ തീരെ വിശ്വസിക്കുവാൻ സാധിക്കുന്നില്ല.

ഭീഷ്മർ:—മകനേ വികൎണ്ണാ! നിന്റെ വചനങ്ങൾ എന്റെ ഹൃദയത്തിലേയ്ക്കു തുളച്ചുകയറുന്നു! നീ പറയുന്നതുപോലെയെല്ലാം പ്രവൎത്തിക്കണമെന്നു തോന്നുന്നുമുണ്ട്. എന്നാൽ ഞാനുള്ള കാലത്തു ദുൎയ്യോധനൻ മൎയ്യാദപഠിക്കുമെന്ന് വീണ്ടും ആശിച്ചുപോകയാണ്.

വികൎണ്ണൻ:—പിതാമഹാ! അങ്ങയുടെ മനസ്സിന്റെ ഭ്രാന്തി മാത്രമാണതു്. ജ്യേഷ്ഠൻ ഇതെല്ലാം ചെയ്യുന്നതു് അങ്ങയുടെ സഹായത്തോടുകൂടിയാണ്. അതുകൊണ്ടു് ആയാളെ കുറച്ചുകാലത്തേയ്ക്കെങ്കിലും അങ്ങ് ഉപേക്ഷിക്കയാണ് വേണ്ടതു്. അങ്ങനെ ഒന്നു പരീക്ഷിച്ചുനോക്കിക്കൂടെ? എന്നാൽ അങ്ങ് ജ്യേഷ്ഠനെ ഉപേക്ഷിക്കുകയില്ലെന്ന് ആയാൾക്കു നല്ലപോലെ അറിയാം. അതുകൊണ്ടാണ് ഇത്രയധികം കുത്തുന്നതു്.

ഭീഷ്മർ:—ഉപേക്ഷിക്കേണ്ടതാണ്. പക്ഷേ അതിനു മനസ്സ് സമ്മതിക്കുന്നില്ല. ഏതെങ്കിലും പ്രകാരത്തിൽ വംശത്തെ നിലനിൎത്തിക്കൊണ്ടുവന്നാൽ ആന്തരികമായ വഴക്കുകളെല്ലാം കാലക്രമേണ തീൎന്നുപോകുമെ

ന്നാണ് ഞാൻ കരുതുന്നതു്. അതുകൊണ്ടാണ് എല്ലാററിനും കണ്ണുചിമ്മുന്നതു്.

വികണ്ണൻ:—പിതാമഹാ! ജ്യേഷ്ഠൻ അങ്ങയുടെ ഈ മോഹത്തെ നല്ലപോലെ മനസ്സിലാക്കീട്ടുണ്ടു്. അങ്ങ് ഒരിക്കൽ ആയാളെ അനിയന്ത്രിതമായി വിട്ടുനോക്കുക. എന്നാൽ ഇതിനെക്കാറം എത്രയോ അധികം അക്രമങ്ങറം ചെയ്യും.

ഭീഷ്മർ:—വികണ്ണാ! എന്നെപ്പോലെ നീയും ഒരു വൃദ്ധനാവട്ടെ. എന്നിട്ടു സംസാരിക്കാം. എന്നെംകൊണ്ടു് അതു സാദ്ധ്യമല്ല. എന്നെപ്പോലുള്ള ഒരു വൃദ്ധനെക്കുറിച്ചു് ദുര്യോധനൻ എത്രമാത്രം ചിന്തിക്കുന്നുണ്ടെന്നു് നിനക്കറിഞ്ഞുകൂടാ. ദുര്യോധനൻെറ പ്രവൃത്തികൊണ്ടു് എനിക്കു യാതൊരു ദോഷവും ഉണ്ടാകുന്നില്ല. ആ സ്ഥിതിക്കു് ആയാളെ ഉപേക്ഷിക്കുന്നതു ന്യായമാണെന്നു് എനിക്കു തോന്നുന്നില്ല.

വികണ്ണൻ:—പിതാമഹാ! അങ്ങയേയും പ്രജകളേയും സന്തോഷിപ്പിച്ചുകൊണ്ടിരിക്കുന്നതു് ജ്യേഷ്ഠൻ തൻെറ സ്വാത്ഥലാഭത്തിനുവേണ്ടിയാണു്. അങ്ങയേയും പ്രജകളേയും സൂത്രത്തിൽ പ്രസന്നരാക്കി ആര്യാവത്തത്തിലെ ബഹുജനാഭിപ്രായം സമ്പാദിക്കുവാൻ ആയാറം പ്രയത്നിക്കുന്നു. ആ സ്ഥിതിയിൽ ജ്യേഷ്ഠനിൽനിന്നു ലഭിക്കുന്ന സുഖസൌകര്യങ്ങളുടെ വലയിൽപെട്ടു് അങ്ങു് പാണ്ഡവന്മാരോടു് അനീതി പ്രവത്തിച്ചുകൊണ്ടിരിക്കുകയാണു്. ഇതു് അങ്ങു മനസ്സിലാക്കിയാൽ നന്നു്.

ഭീഷ്മർ:—വികണ്ണാ! നീ എന്നോടു് ഒരു ചെറുപ്പക്കാരനെപ്പോലെ ആവേശത്തോടുകൂടി പ്രവത്തിക്കണമെന്നു പറയുന്നു. അതു ശരിയല്ല. ഇപ്പോറം പാണ്ഡവ

ന്മാർ വനത്തിലേയ്ക്കു പോയിരിക്കുകയാണ്. പ
തിമൂന്നുകൊല്ലക്കാലം വേഗത്തിൽ കഴിഞ്ഞുപോകും.
പിന്നീട് പാണ്ഡവന്മാർ മടങ്ങിവന്നാൽ എല്ലാ
വക്കുംകൂടി ഒന്നിച്ചു ജീവിക്കാം.

വികർണ്ണൻ:—അങ്ങ് അങ്ങനെ ആശിക്കുന്നുണ്ടായിരിക്കും.
പക്ഷെ, എനിക്കതിൽ വിശ്വാസമില്ല. പതിമൂന്നു
കൊല്ലമായി മനസ്സിൽ കരുതിവെയ്ക്കുന്ന വിദ്വേഷം
വനവാസംകഴിഞ്ഞു മടങ്ങിയെത്തിയ ഉടനെ ശക്തി
യായി പുറത്തേയ്ക്കു വമിക്കാതിരിക്കയില്ല. അതു്
നമ്മുടെ കുലത്തെ മുഴുവൻ നശിപ്പിക്കുകയുംചെയ്യും.
ഇന്നു് ദ്രോണാചാര്യരും അങ്ങയും ഞങ്ങളെ വിട്ടു
നില്ക്കുകയാണെങ്കിൽ ജ്യേഷ്ഠൻെറ കണ്ണു തുറക്കാതിരി
ക്കുകയില്ല.

ഭീഷ്മർ:—നീ പറയുന്നതിനോടു ഞാൻ യോജിക്കുന്നില്ല.
എന്നോട് എത്രയും മര്യാദയോടുകൂടിയാണു് ദുര്യോ
ധനൻ പെരുമാറുന്നതു്. ആ സ്ഥിതിക്കു് ഞാൻ
അയാളെ എങ്ങനെ വിട്ടുനില്ക്കും?

വികർണ്ണൻ:—പിതാമഹാ! ജ്യേഷ്ഠൻ പ്രദർശിപ്പിക്കുന്ന മര്യാദ
യഥാർത്ഥമായിട്ടുള്ളതാണെന്നു കരുതേണ്ട. അങ്ങ
യേയും ദ്രോണാചാര്യരേയും തൻെറ പക്ഷത്തിൽ
നിലനിർത്തുന്നതിനുവേണ്ടിയുള്ള ഒരു സൂത്രമാണതു്.

ഭീഷ്മർ:—ഒരിക്കലും അല്ല. ദുര്യോധനനു് വളരെ ദോഷ
ങ്ങൾ ഉണ്ടായിരിക്കാം. പക്ഷെ, അയാൾ അത്രമാ
ത്രം ദുഷ്ടനൊന്നുമല്ല. ഈ വംശത്തിൽ അങ്ങനെ
യുള്ള ദുഷ്ടന്മാർ ഒരിക്കലും ഉണ്ടാകുന്നതല്ല. എ
ന്നാൽ വികർണ്ണാ! ഇന്നലെ നടന്ന സംഭവം എന്നെ
ഞെട്ടിച്ചുകളഞ്ഞു. മേലിൽ അങ്ങനെ വല്ലതും നട
ക്കുന്നപക്ഷം ഭീഷ്മൻെറ സഹായമുണ്ടാവുകയില്ല

ന്നു് ഞാൻ ദുര്യോധനനു താക്കീതുകൊടുക്കുവാൻ പോകയാണു്.

വികർണ്ണൻ:—അങ്ങു് എന്തുവേണമെങ്കിലും പറഞ്ഞുകൊള്ളൂ. എന്നാൽ വാർദ്ധക്യം അങ്ങയുടെ വ്യക്തിത്വം നശിപ്പിച്ചിരിക്കുന്നു എന്നാണു് എനിക്കു തോന്നുന്നതു്. അല്ലെങ്കിൽ ഹസ്തിനപുരിയിലെ സിംഹാസനത്തെയും വിവാഹജീവിതത്തിലെ സർവ്വസുഖങ്ങളെയും ചവിട്ടിത്തള്ളിയ ഒരു വ്യക്തിക്കു് ഇന്നു് സ്ഥൂലവും സാമാന്യവുമായ ജീവിതസുഖങ്ങളെ ഉപേക്ഷിക്കുവാൻ സാധിക്കുകയില്ലേ? എന്നാൽ ജ്യേഷ്ഠൻെറ സൂത്രങ്ങൾ അങ്ങയെ വശപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ടു് ചിന്തയിലും വാക്കിലും അങ്ങു് എത്രതന്നെ ആവേശം കാണിച്ചാലും അങ്ങയുടെ നിശ്ചയശക്തി വളരെ ക്ഷീണമായിത്തീർന്നിട്ടുണ്ടു്. അതിനാൽ പ്രായോഗികരംഗത്തിൽ ജ്യേഷ്ഠനെ വിട്ടുനില്ക്കുവാൻ അങ്ങയ്ക്കു് കഴിയുന്നതല്ല. ജ്യേഷ്ഠനു സഹായംനിന്നു് അങ്ങു് വംശത്തെ രക്ഷിക്കുവാൻ ആഗ്രഹിക്കുന്നു. ഇതു് അങ്ങയുടെ ദൌർബ്ബല്യമാണെന്നു് എനിക്കു വ്യക്തമാണു്. ചെറുപ്പക്കാരായ ഞങ്ങൾ വിചാരിക്കുന്നതു് ദുശ്ശാസനൻ ദ്രൌപദിയുടെ വസ്ത്രമഴിച്ചപ്പോൾ അതു കണ്ടുകൊണ്ടുനിന്ന അങ്ങും അതിലൊരു പങ്കാളിയായിത്തീർന്നിട്ടുണ്ടെന്നാണു്. അപ്രകാരം തന്നെ ജ്യേഷ്ഠൻ ചെയ്യുന്ന ഓരോ അധർമ്മത്തിലും അങ്ങയ്ക്കും പങ്കുണ്ടു്. ഇതിൽനിന്നു് അങ്ങു് വിട്ടുനില്ക്കുന്നതു കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ അങ്ങയ്ക്കു് അതു സാദ്ധ്യമല്ലെന്നാണു് ഇപ്പോൾ എനിക്കു തോന്നുന്നതു്.

ഭീഷ്മർ:—ഇങ്ങനെ ഓടിയൊളിക്കുന്നതുകൊണ്ടു് വംശത്തിനു് ക്ഷേമമുണ്ടാവുമെന്നു് ഞാൻ കരുതുന്നില്ല.

വികൎണ്ണൻ:—എനിക്കു തോന്നുന്നതു് അതുകൊണ്ടു ക്ഷേമമുണ്ടാകുമെന്നാണു്. അങ്ങു നല്ലപോലെ ചിന്തിച്ചുനോക്കണം. എന്നെക്കാൾ അധികം ലോകം കണ്ടിട്ടുള്ള ആളാണു് അവിടുന്നു്. അതുകൊണ്ടു് എന്റെ അഭിപ്രായങ്ങൾ അങ്ങയുടെമേൽ വെച്ചുകെട്ടുവാൻ എനിക്കർഹതയില്ല. കൂടുതൽ അനുഭവങ്ങളുംകൊണ്ടു എനിക്കു തെററു പററിട്ടുണ്ടെന്നു് തെളിയുകയാണെങ്കിൽ അതു തിരുത്തുവാനും ഞാൻ ഒരുക്കമാണു്. അപ്പോൾ അങ്ങയോടു് മാപ്പു ചോദിക്കുകയും ചെയ്യാം. എന്നാൽ ഇന്നു് എനിക്കു തോന്നുന്നതു് അങ്ങയോടു പറയുന്നുവെന്നു മാത്രം. ഇതിൽ വല്ല അവിവേകവുമുണ്ടെങ്കിൽ അങ്ങു സദയം പൊറുക്കുക.

ഭീഷ്മർ:—വികൎണ്ണാ! നീ പറയുന്നതിൽ യാതൊരു തെററുമില്ല. അവിവേകമായി നീ ഒന്നുംതന്നെ പറഞ്ഞില്ലല്ലോ! നിന്നെപ്പോലെ സത്യസന്ധനായ ഒരാൾ ഇതിലും കൂടുതൽ കഠോരവാക്കുകൾ പറഞ്ഞാൽ മാത്രമേ വാൎദ്ധക്യം ബാധിച്ച കൎണ്ണങ്ങളിൽ അതു് എളുപ്പത്തിൽ ഇറങ്ങിച്ചെല്ലുകയുള്ളു. ഇന്നു ഞാൻ നിന്റെ അഭിപ്രായങ്ങൾ കേട്ടിട്ടു വളരെ സന്തോഷിക്കുന്നു. നിനക്കു തോന്നുന്ന എല്ലാ അഭിപ്രായങ്ങളും എന്നോടു തുറന്നുപറയണം. ഒട്ടുംതന്നെ മടിക്കേണ്ടതില്ല.

വികൎണ്ണൻ:—പിതാമഹാ! ഇപ്പോൾ എനിക്കു വിടതരിക. ഞാൻ ഇനി മറെറാരു ദിവസം വന്നുകൊള്ളാം.

വികൎണ്ണൻ അവിടെനിന്നു പോയി. ഭീഷ്മർ ചിന്താകുലനായിത്തീരുകയും ചെയ്തു.

# ദുര്യോധനന് ഉപദേശം

ഹസ്തിനപുരിയിലെ സഭാമണ്ഡപം ആളുകളെക്കൊണ്ടു് നിറഞ്ഞിരിയ്ക്കുന്നു. ജനങ്ങൾ ആവേശഭരിതരായി കാണപ്പെട്ടിരുന്നു. ശ്രീകൃഷ്ണന്റെ അനുരഞ്ജനാത്മകമായ സംഭാഷണം കൌരവസഭയെ അല്പസമയത്തേയ്ക്കു് ശാന്തമാക്കിത്തീർത്തു. ശ്രീകൃഷ്ണൻ പറഞ്ഞതിന്റെ സാരാംശം ഗ്രഹിച്ച ഭീഷ്മർ എഴുന്നേററുനിന്നു് ഇങ്ങനെ പറഞ്ഞു:—

"മകനേ! ദുര്യോധനാ! ഇന്നു് ശ്രീകൃഷ്ണനെപ്പോലുള്ള ഒരു മഹാപുരുഷൻ നമ്മുടെ അടുക്കൽ വന്നു് സന്ധിയെപ്പററി സംസാരിക്കുന്നു. കുരുവംശത്തിന്റെ ഒരു വലിയ ഭാഗ്യമായിട്ടാണു് ഞാനിതു കരുതുന്നതു്. ഇവിടെ ക്രടിയ ക്ഷത്രിയവീരന്മാരേ! കുറേ കൊല്ലങ്ങൾക്കുമുമ്പു് രാജസൂയം നടന്ന അവസരത്തിൽ ശിശുപാലനോടു പറഞ്ഞ അതേ വാക്കുകൾതന്നെയാണു് ഇപ്പോൾ നിങ്ങളോടും എനിക്കു പറയുവാനുള്ളതു്. ഈ കൃഷ്ണനും നമ്മെപ്പോലെ രണ്ടു കൈകളും കാലുകളും ഉണ്ടു്. അതുകൊണ്ടു് അദ്ദേഹം ഒരു സാധാരണമനുഷ്യനാണെന്നു് നിങ്ങളാരും ധരിക്കരുതു്. ശ്രീകൃഷ്ണൻ നമ്മുടെ കാലത്തുള്ള യുഗപുരുഷനാണു്. ലോകത്തിൽ അന്ധകാരം വ്യാപിക്കുകയും ജനങ്ങൾ ദുർബ്ബലരും പാമരരും ആയിത്തീർന്നു് ധർമ്മമാർഗ്ഗത്തിൽനിന്നു് വിമുഖരായിരിക്കുകയും ചെയ്യുമ്പോൾ യുഗപുരുഷന്മാർ അവതരിക്കുന്നു. അവർ അന്ധകാരത്തെ അകററി സമുദായത്തെ ധർമ്മമാർഗ്ഗത്തിലൂടെ ആനയിക്കുന്നു. ശ്രീകൃഷ്ണൻ ഇതിനായി ജനിച്ച ഒരാളാണെന്നു് എനിയ്ക്കു വ്യക്തമായി കാണാൻ കഴിയുന്നുണ്ടു്.

"ഇന്നു് ശ്രീകൃഷ്ണൻ പാണ്ഡവന്മാരിൽനിന്നുള്ള സന്ധിസന്ദേശവും വഹിച്ചുകൊണ്ടാണു് ഇവിടെ വന്നിരി

ക്കുന്നതു്. ശ്രീകൃഷ്ണൻനിമിത്തം നിരവധി ദുഷ്ടനിഗ്രഹങ്ങൾ നടന്നിട്ടുണ്ടു്. അദ്ദേഹത്തിന്റെ മാതുലനായ കംസൻപോലും വധിക്കപ്പെട്ടു. ഇതു് നിങ്ങൾക്കെല്ലാവക്കും അറിയാം. അന്തകനെപ്പോലും ഭയമില്ലാത്ത ശിശുപാലന്റെ കഥ നിമിഷനേരംകൊണ്ടു് കഴിഞ്ഞു. ശ്രീകൃഷ്ണന്റെ പ്രതാപംകൊണ്ടാണു് അതെല്ലാം സാധിക്കുന്നതു്. ലോകത്തിലെ രാജാക്കന്മാരെയെല്ലാം തടവുകാരായി പിടിച്ച സ്വശക്തനായ ജരാസന്ധന്റെ അവസാനത്തിനു കാരണവും ഈ കൃഷ്ണൻമാത്രമാണു്. ഇതെല്ലാം അദ്ദേഹം ചെയ്തിട്ടുള്ളതു് ലോകത്തിൽ സമാധാനം സ്ഥാപിക്കുന്നതിനുവേണ്ടി മാത്രമാണു്. അതേ ഉദ്ദേശത്തോടുകൂടിത്തന്നെയാണു് ഇന്നും അദ്ദേഹം ഇങ്ങോട്ടു വന്നിട്ടുള്ളതു്. ഏതെങ്കിലും നിലയിൽ സമാധാനം നിലനിന്നുകാണുവാൻ അദ്ദേഹം ആഗ്രഹിക്കുന്നു.

"ശ്രീകൃഷ്ണൻ തനിയ്ക്കു പറയുവാനുള്ളതെല്ലാം നമ്മുടെ മുമ്പിൽ വച്ചു. ആ സമയത്തു് നിങ്ങളുടെയെല്ലാം മുഖത്തു് സന്ധി ഒഴിച്ചുകൂടാത്തതാണെന്നു തോന്നിപ്പിക്കുന്ന ഒരു ഭാവവിശേഷം ഞാൻ കാണുകയുണ്ടായി. അപ്പോൾ എന്റെ അന്തരാത്മാവിനു് കുറെ സമാധാനം ലഭിക്കുകയും ചെയ്തു. എന്നാൽ അധികം താമസിയാതെ കർണ്ണനും ശകുനിയുംകൂടി ദുര്യോധനന്റെ ചെവിയിൽ എന്തോ മന്ത്രിക്കുന്നതു ഞാൻ കണ്ടു. ദുര്യോധനന്റെ മുഖത്തു വിവിധ ഭാവരസങ്ങൾ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നതും ഞാൻ കാണുകയുണ്ടായി. അതു കണ്ടപ്പോൾ കൌരവന്മാക്കു് അടുത്തൊന്നും നല്ലകാലം വരാൻ സാദ്ധ്യതയില്ലെന്നു് എനിക്കു തോന്നി.

"ദുര്യോധനാ! നിന്നെ ഞാൻ എന്താണു പറയേണ്ടതു്! ഇന്നുവരെ നീ ചെയ്ത അധർമ്മങ്ങൾ മുഴുവൻ ഞാൻ കാണുകയും സഹിക്കുകയും ചെയ്തുകൊണ്ടിരുന്നു. എന്നിട്ടും

നിന്നെ ഞാൻ ഉപേക്ഷിച്ചില്ല. നീ നിൻെറ തെററ മനസ്സിലാക്കുമെന്നും ഇന്നല്ലെങ്കിൽ നാളെ തീച്ചയായും നന്നായിത്തീരുമെന്നും ആണ് ഞാൻ ആശിച്ചിരുന്നത്. ഈ പ്രതീക്ഷകൊണ്ടുമാത്രമായിരുന്നു ഞാൻ നിന്നോട് ഒട്ടിനിന്നിരുന്നത്. എന്നാൽ ഇന്നു നിൻെറ ദുഷ്ടതയുടെ നഗ്നചിത്രം എൻെറ മുമ്പിൽ നില്ക്കുന്നുണ്ട്. അന്യർ എന്നോട് എത്രതന്നെ പറഞ്ഞാലും ഞാനതു വിശ്വസിക്കാറുണ്ടായിരുന്നില്ല. പക്ഷെ, ശ്രീകൃഷ്ണൻതന്നെ ഇവിടെവന്നു നമ്മുടെയെല്ലാവരുടെയും ക്ഷേമത്തിനുവേണ്ടി പ്രയത്നിക്കുമ്പോൾപോലും നീ തീരെ രസമില്ലാതെ പെരുമാറുന്നതു കാണുമ്പോഴാണ് നിൻെറ യഥാർത്ഥരൂപം മനസ്സിലാക്കാൻ എനിക്കു കഴിയുന്നത്.

"ദുര്യോധനാ! ശ്രീകൃഷ്ണൻ നിൻെറ ദുഷ്ടത മനസ്സിലാക്കീട്ടില്ലെന്നു കരുതേണ്ട. ലോകം മുഴുവൻ വ്യാപ്തമായിട്ടുള്ള സംഹാരശക്തിയുടെ ചലനങ്ങളെപ്പററി അദ്ദേഹത്തിനു നല്ലപോലെ അറിയാം. എന്നാലും കൌരവവംശത്തെ വിനാശത്തിൽനിന്നു രക്ഷിക്കുന്നതിനും ക്ഷത്രിയവർഗ്ഗത്തിൻെറ സംഹാരം കൂടാതെകഴിക്കുന്നതിനും അങ്ങനെ നമ്മുടെയും ആര്യാവത്തത്തിൻെറയും ക്ഷേമത്തിനുവേണ്ടി സമാധാനം സ്ഥാപിക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണ് അദ്ദേഹം ഇവിടേയ്ക്കു വന്നിട്ടുള്ളതു്. ശ്രീകൃഷ്ണനു നിൻെറ മനുഷ്യത്വത്തിൽ വിശ്വാസമുണ്ട്. ഗാന്ധാരിയുടെ സത്യത്തേയും കൌരവവംശത്തിൻെറ തപശ്ചര്യയേയും അദ്ദേഹം ബഹുമാനിക്കുന്നുണ്ട്. ശ്രീകൃഷ്ണൻെറ മനോഭാവം ശരിയായിട്ടുള്ളതാണെന്നു നാം നമ്മുടെ പ്രവൃത്തികൊണ്ടു തെളിയിക്കണം. എന്നാൽ മാത്രമേ ലോകസമാധാനം സ്ഥാപിക്കപ്പെടുകയുള്ളു.

"ദുര്യോധനാ! നിൻെറ അച്ഛൻ വിചിത്രവീര്യൻെറ പുത്രനാണ്. അപ്രകാരംതന്നെ പാണ്ഡുവും വിചിത്രവീര്യ

ന്റെ പുത്രനാണ്. സിംഹാസനത്തിന്ന നിന്നെക്കാറം അധികം അവകാശമുള്ളത് യുധിഷ്ഠിരന്നാണ്. എന്നിട്ടും നിരവധി വഞ്ചനകൾചെയ്ത് പാണ്ഡവന്മാൎക്ക സിംഹാസനം നല്കാതെ നീ ഇതുവരെ കഴിച്ചുകൂട്ടി. മാത്രമല്ല, ഇതൊന്നുംതന്നെ ആരും അറിയുകയില്ലെന്ന നീ ഭാവിക്കുകയും ചെയ്യുന്ന. പാണ്ഡവന്മാരെ കൊല്ലുവാൻവേണ്ടി നീ അനേകം ശ്രമങ്ങൾ ചെയ്തു. പക്ഷെ, അവർ മരിച്ചില്ല. അവരെ കഴിയുന്നവിധത്തിലെല്ലാം നീ ദ്രോഹിച്ചു. എന്നാൽ അവർ നിർഭയരായി അതെല്ലാം സഹിച്ചു. അവരുടെ ന്യായമായ അവകാശങ്ങളെ വകവെച്ചുകൊടുക്കുവാൻ ഇന്നെങ്കിലും നീ തയ്യാറാവണം. ഇല്ലെങ്കിൽ ലോകം നിന്നെപ്പററി എന്തു വിധികല്പിക്കുമെന്ന് നിനക്കറിയാമോ?

"ശകുനിയേയും കൎണ്ണനേയും നിനക്ക വളരെ വിശ്വാസമാണ്. ഇന്നുവരെ ശകുനി നിർദ്ദേശിച്ചുതന്ന മാൎഗ്ഗങ്ങളിൽക്കൂടിയാണ നീ നടന്നിട്ടുള്ളത്. എന്നാൽ ഈ ശകുനി എത്രമാത്രം നീചനും പതിതനുമാണെന്ന നിനക്കറിഞ്ഞുകൂടാ. നിന്റെ കൎണ്ണനാകട്ടെ, ഒരു വലിയ കുതാൎക്കികനാണ്. അവന്റെ കുതൎക്കംകൊണ്ട് നിനക്ക യാതൊരു നേട്ടവും ഉണ്ടാകുവാൻപോകുന്നില്ല. ദുര്യോധനാ! രാജകുമാരന്മാരെ കുട്ടിക്കാലംമുതല്ക്കുതന്നെ വഴിതെററിക്കുവാൻവേണ്ടി കുതന്ത്രജ്ഞന്മാരായ ചില ആളുകൾ വന്നുകൂടാറുണ്ട്. പാവങ്ങൾക്ക് യഥാൎത്ഥസംഗതികളൊന്നുംതന്നെ അറിയുകയില്ലല്ലോ. അങ്ങനെ ഒടുവിൽ അവർ വിനാശഗൎത്തത്തിൽ പതിയ്ക്കുന്നു. ദുര്യോധനാ! നിനക്കും അതാണ സംഭവിച്ചത്.

"പിതാമഹനും ആചാര്യനും സഹായത്തിനുണ്ടെന്നും അതുകൊണ്ട് ആരേയും ഭയപ്പെടുവാനില്ലെന്നും നീ ഒരു പക്ഷെ വിചാരിക്കുന്നുണ്ടായിരിക്കാം. എന്നാൽ അതു നിന്റെ തെററിദ്ധാരണയാണ്. വികൎണ്ണൻ പറഞ്ഞത്

ഇപ്പോഴാണ് കൂടുതൽ വ്യക്തമായി മനസ്സിലാക്കുവാൻ എനിക്കു സാധിക്കുന്നതു്. ഞാൻ ഇതുവരെ മൂകനായിരുന്ന് നിൻെറ അധർമ്മങ്ങൾക്കെല്ലാം കൂട്ടുനില്ക്കുകയായിരുന്നു. എന്നാൽ മേലിൽ നിന്നെ ഞാൻ അനുകൂലിക്കുന്നതല്ല. നീയും നിൻെറ ദുർജ്ജനസംഘവുംകൂടി ഒന്ന് യുദ്ധം ചെയ്തുനോക്കുക.

"ദുര്യോധനാ! ഈ യുദ്ധത്തിൽ ഞങ്ങൾ നിനക്കുവേണ്ടി യുദ്ധംചെയ്യുകയാണെങ്കിൽതന്നെ വിജയം കിട്ടുമെന്ന് ആശിക്കേണ്ടതില്ല. ഞങ്ങൾ പഴഞ്ചന്മാരായിപ്പോയി. ഞങ്ങളുടെ വിദ്യകളെല്ലാം പഴകിപ്പോയിരിക്കുന്നു. പഴയകാലത്തെ ആയുധങ്ങളാണ് ഞങ്ങളുടെ കൈയിലുള്ളതു്. ഞങ്ങൾ എത്ര തന്നെ വീരന്മാരായിരുന്നാലും ശരി, വൃദ്ധന്മാരാണ് ഇന്ന്. എല്ലാംകൊണ്ടും യുവത്വമുള്ള അർജ്ജുനനോടാണ് നിനക്കു പോരാടേണ്ടതു്. ആയാളുടെ രഥം വരുണദേവൻെറ ആയുധശാലയിൽ ആധുനികരീതിയിൽ നിർമ്മിക്കപ്പെട്ടതാണു്. ഇക്കാലത്തെ ഏററവും മഹാന്മാരായ ധനുർവ്വിദ്യാവിശാരദന്മാരാണ് ആയാളുടെ ഗുരുനാഥന്മാർ. ആയാളുടെ വില്ലിനോടും ആവനാഴിയോടും കിടപിടിക്കത്തക്ക ആയുധങ്ങൾ ഇന്നു ലോകത്തിൽ എവിടെയുമില്ല. അതിനെല്ലാംപുറമേ അർജ്ജുനൻെറ സാരഥിയായി പ്രവർത്തിക്കുവാൻ പോകുന്നതു് ശ്രീകൃഷ്ണനമാണു്. ദുര്യോധനാ! ഞാനിതെല്ലാം പറയുമ്പോൾ നിൻെറ കൂട്ടുകാർ ചിരിക്കുകയാണു ചെയ്യുന്നതു്. എന്നാൽ ശ്രീകൃഷ്ണൻ സാരഥിയായി പ്രവർത്തിക്കുന്ന ആളെ ജയിക്കുവാൻ ഈ ലോകത്തിൽ ആർക്കുംതന്നെ സാദ്ധ്യമല്ലെന്ന് നല്ലപോലെ ഓർമ്മയിരിക്കട്ടെ.

"അതുകൊണ്ടു് നീ പാണ്ഡവന്മാരുമായി സന്ധിചെയ്യുകയും ശ്രീകൃഷ്ണൻെറ അനുഗ്രഹം വാങ്ങുകയും ചെയ്യണമെന്നാണ് ഞാൻ പറയുന്നതു്. അങ്ങനെ ചെയ്താൽ പാണ്ഡ

വന്മാർ നിന്റെ മിത്രങ്ങളായിത്തീരും. അവരുമായുള്ള മൈത്രി നിന്റെ രാജ്യത്തെ ശോഭായമാനമാക്കിത്തീർക്കും. പാണ്ഡവന്മാരും കൌരവന്മാരും യോജിച്ചുനില്ക്കുകയാണെങ്കിൽ ലോകം മുഴുവൻ നിങ്ങളുടെ മുമ്പിൽ തലകുനിക്കും. ശകുനിയും കർണ്ണനും എന്റെ അഭിപ്രായത്തെ സ്വീകരിക്കണം. നിങ്ങൾ ദുര്യോധനനെ ഉപദേശിച്ചു നന്നാക്കണം. അകാരണമായി വംശത്തെ മുഴുവൻ നശിപ്പിക്കുവാൻ വേണ്ടി എന്തിനാണു നിങ്ങൾ ശ്രമിക്കുന്നതു്?

"ധൃതരാഷ്ട്രമഹാരാജാവേ! താങ്കൾ ഈ വിഷയത്തെപ്പററി ചിന്തിക്കണം. കൌരവവംശത്തെ മുഴുവൻ നശിപ്പിക്കുവാൻവേണ്ടിയാണു് താങ്കളുടെ പുത്രനായ ഈ ദുര്യോധനൻ ഒരുങ്ങിപ്പുറപ്പെട്ടിട്ടുള്ളതു്. ഇവനെ തടയേണ്ടതു് താങ്കളുടെ കടമയാണു്. കൌരവവംശത്തിലെ പ്രധാനിയാണു് താങ്കളിന്നു്. താങ്കൾക്കു് കൌരവന്മാരും പാണ്ഡവന്മാരും ഒരുപോലെയാണു്. പാണ്ഡു വനത്തിൽവെച്ചു മരിച്ചതിനുശേഷം പാണ്ഡവന്മാരുടെ പിതാവു് താങ്കൾ തന്നെയായിരുന്നു. എന്നിട്ടുംകൂടി പാണ്ഡവന്മാരോടു ചെയ്തുവന്ന ഓരോ അനീതിയ്ക്കും താങ്കൾ കൂട്ടുനിന്നു. ഇതിനെ താങ്കൾക്കു് നിഷേധിക്കുക സാദ്ധ്യമല്ല. എന്നാൽ പാണ്ഡവന്മാർക്കു് ഇതെല്ലാം മറക്കുവാനുള്ള തന്റേടമുണ്ടു്. താങ്കൾ ഉദാരമതിയാണെന്നു് ഇന്നെങ്കിലും തെളിയിക്കണം. പാണ്ഡവന്മാരോടു നീതി പ്രവർത്തിക്കണം. ധൃതരാഷ്ട്രമഹാരാജാവേ! സന്ധിചെയ്യാനുള്ള സമയമാണിതു്. ഇന്നു സത്യാവസ്ഥ മനസ്സിലാക്കാതെ യുദ്ധത്തിനു പുറപ്പെടുകയാണെങ്കിൽ താങ്കൾ ഇതുവരെ ചെയ്ത ദുഷ്കർമ്മങ്ങളുടെയെല്ലാം ഫലം അനുഭവിക്കേണ്ടിവരുമെന്നു തീർച്ച. അതു് താങ്കൾക്കു് അസഹനീയമായിത്തോന്നുകയും ചെയ്യും. അപ്പോൾ ഈ വൃദ്ധൻ പറഞ്ഞ ഓരോ വാക്കും താങ്കൾക്കു് ഓർമ്മവരും. ധൃതരാഷ്ട്രോ! ദുര്യോധനനു് വേണ്ടതുപോ

ലെ കാര്യം പറഞ്ഞു മനസ്സിലാക്കണം. അതു് അവൻ സമ്മതിക്കുന്നില്ലെങ്കിൽ ഇന്നുതന്നെ അവനെ ത്യജിയ്ക്കണം. ജനിച്ച ഉടനെ അതു ചെയ്തിരുന്നുവെങ്കിൽ ഇന്നു് ഇങ്ങനെ യൊരു സന്ദർഭം വരുമായിരുന്നില്ല എന്നാൽ അതിന്നു് ഇനിയും സമയമുണ്ടു്. ശന്തനുമഹാരാജാവിനും സത്യവതീമാതാവിനും വംശത്തെ നിലനിർത്തിക്കൊണ്ടുവരുന്ന കാര്യത്തിൽ എത്രമാത്രം ഉൽക്കണ്ഠയുണ്ടായിരുന്നുവെന്നു് അങ്ങൾക്കറിയാം. ആ കൌരവവംശത്തെയാണു് ഇന്നു താങ്കൾ വിനാശത്തിലേയ്ക്കു നയിക്കുന്നതു്.

"ദുര്യോധനാ! പാണ്ഡവന്മാൎക്ക്, അവൎക്കവകാശപ്പെട്ട ഭാഗം കൊടുക്കുക യുദ്ധത്തിന്റെ ഭീകരതയിൽനിന്നു് സ്വവംശത്തെയും മനുഷ്യസമുദായത്തെയും രക്ഷിയ്ക്കുക. ഗാന്ധാരീപുത്രാ! എന്റെ വാക്കു കേട്ട് പാണ്ഡവന്മാരോടു സന്ധിചെയ്യുകയും അങ്ങനെ നിങ്ങൾ നൂറെറാന്നുപേരും അവർ അഞ്ചുപേരുംകൂടി യോജിച്ച ലോകത്തിന്നു് ഒരു മാതൃക കാണിച്ചുകൊടുക്കുകയും ചെയ്യുക."

## സേനാപതിയായ ഭീഷ്മർ

ദുര്യോധനൻ നിരാശനായി പറഞ്ഞു:—"പിതാമഹാ! അങ്ങു് എന്റെ ആശകൾ മുഴുവൻ നിഷ്ഫലമാക്കിത്തീർത്തു. അങ്ങയേയും ദ്രോണാചാര്യനേയും കണ്ടിട്ടാണു് ഞാൻ ഈ യുദ്ധം ആരംഭിച്ചതു്."

ഭീഷ്മർ:— എന്നാൽ ശ്രീകൃഷ്ണൻ വന്ന ദിവസം വിളിച്ചുകൂട്ടിയ സഭയിൽവെച്ചു് ഞാൻ കാര്യങ്ങളെല്ലാം വ്യക്തമാക്കുകയുണ്ടായില്ലേ? നീ വഞ്ചനകളും കുതന്ത്രങ്ങളും പ്രവർത്തിച്ചു യുദ്ധം വിലയ്ക്കുവാങ്ങുകയാണു ചെയ്തതു്. ആ നിലയ്ക്കു് ഞാനുംകൂടി നിന്റെ ഭാഗത്തു

ചേൎന്ന യുദ്ധംചെയ്യണമെന്ന പറയുന്നതു് എന്തു ന്യായമാണു്? ഈ അധൎമ്മയുദ്ധത്തിൽ പങ്കുകൊള്ളു വാൻ ഞാൻ വിചാരിക്കുന്നില്ല.

ദുൎയ്യോധനൻ:—പിതാമഹാ! ഇന്നു് എനിക്കെല്ലാം മനസ്സി ലാക്കുവാൻ കഴിയുന്നുണ്ടു്. ശകുനിയും കൎണ്ണനും വളരെക്കാലമായി, എന്നോടു പറവാൻ തുടങ്ങിയിട്ടു്. പിതാമഹൻ പുറമെയെല്ലാം നിന്റെയാണെന്നു തോന്നാമെങ്കിലും അദ്ദേഹത്തിനു പാണ്ഡവന്മാരോടാണു കൂറുള്ളതു് എന്നു് അവർ എന്നോടു പറയുകയുണ്ടായി. ആസന്നമായ ഘട്ടത്തിൽവെച്ചു് അങ്ങു് എന്നെ ചതിക്കുവാനാണു പോകുന്നതു്. അവരുടെ വാക്കുകൾ ഞാൻ അത്ര കാൎയ്യമായി കരുതിയിരുന്നില്ല. എന്നാൽ ഇന്നു് എന്റെ കണ്ണു തുറന്നു ഇതുവരെ ഞാൻ അങ്ങയ്ക്കുവേണ്ടി ചെയ്തതെല്ലാം പാണ്ഡവന്മാരുടെ ഗുണത്തിനുവേണ്ടിയാണു് ഉപയോഗപ്പെട്ടതു് എന്നു് എനിക്കിപ്പോൾ മനസ്സിലായി.

ഭീഷ്മർ:—ദുൎയ്യോധനാ! ഇങ്ങനെ പറയരുതു്. ഇതുവരെ പാണ്ഡവന്മാരുടെ ഗുണത്തിനുവേണ്ടി ഞാൻ യാതൊന്നും ചെയ്തിട്ടില്ല. ഞാൻ നിനക്കുവേണ്ടിയാണു് പലപ്പോഴും യുദ്ധം ചെയ്തിട്ടുള്ളതു്. നീ പാണ്ഡവന്മാരെ പലപ്പോഴും ദ്രോഹിച്ചിട്ടുണ്ടു്. അപ്പോഴൊന്നുംതന്നെ ഞാൻ നിന്നെവിട്ടു നിന്നിട്ടില്ല.

ദുൎയ്യോധനൻ:—അതു് അങ്ങു് എന്നോടു കാണിച്ച ഒരു വലിയ കൃപയായിരുന്നു. എന്നാൽ ആസന്നമായ ഈ ഘട്ടത്തിൽ അങ്ങു പാണ്ഡവന്മാരുടെ ഭാഗത്തേയ്ക്കു പോകാൻ ഭാവിക്കുകയാണു്. അതുകൊണ്ടാണു് എനിക്കു് ഇങ്ങനെയെല്ലാം തോന്നുന്നതു്.

ഭീഷ്മർ:—ഞാൻ അവരുടെ ഭാഗത്തും ചേരുന്നതല്ല. ജീവിതത്തിലെ ഈ അന്ത്യഘട്ടത്തിൽ ഞാൻ നിങ്ങളുടെ

യുദ്ധം വീക്ഷിച്ചുകൊണ്ടിരിക്കും. ഈശ്വരൻ വിളിച്ചാൽ പോകുകയും ചെയ്യും. വംശം നശിക്കുന്നതു കണ്ടു ജീവിച്ചിരിക്കുന്നതിൽ ഭേദം ആത്മഹത്യ ചെയ്യുകയാണെന്നു ചിലപ്പോൾ തോന്നിപ്പോകുന്നു. എന്നാൽ അങ്ങനെയൊരു മഹാപാപം ചെയ്യുവാൻ മനസ്സുവരുന്നതുമില്ല. ഇതുവരെ കുടുംബത്തെ മുഴുവൻ ഞാനു അത്യന്തം സ്നേഹിച്ചു. അതിനാൽ അതു നശിക്കുന്നതു കാണുവാൻ ഇടവരുത്തരുതേ എന്നു ഒരു പ്രാർത്ഥനമാത്രമാണു എനിക്കുള്ളതു. നീ പോകുക. ഞാൻ പാണ്ഡവന്മാരുടെ ഭാഗത്തു ചേരുന്നതല്ല. ഇതു തീർച്ചയാണു.

ദുര്യോധനൻ:—അതു വേണ്ട. ഇതിനേക്കാൾ ഭേദം അങ്ങു പാണ്ഡവന്മാരുടെ ഭാഗത്തുചേർന്നു യുദ്ധം ചെയ്യുകയാണു. ലോകം അതൊന്നു കാണട്ടെ.

ഭീഷ്മർ:—ദുര്യോധനാ! ഞാൻ പാണ്ഡവന്മാരുടെ ഭാഗത്തു ചേർന്നു യുദ്ധംചെയ്യുകയാണെങ്കിൽ നിൻെറ ഒരു മകൻപോലും അവശേഷിക്കുകയില്ല.

ദുര്യോധനൻ:—മക്കളുടെ കാര്യമവിടെ ഇരിക്കട്ടെ. ഞാൻ വിചാരിക്കുന്നതു് കൌരവന്മാർ ആരുംതന്നെ ബാക്കിയാവുകയില്ലെന്നാണു. എന്നാൽ പിതാമഹാ! അങ്ങയുടെ കൈകൊണ്ടുള്ള മരണം പാവനമാണു. യുദ്ധക്കളത്തിൽവെച്ചു് അങ്ങയുടെ കൈകൊണ്ടു മരിക്കുവാൻ സാധിക്കുകയാണെങ്കിൽ ജീവിതസാഫല്യം വന്നതായി ഞാൻ കരുതും അങ്ങനെയൊരു ഭാഗ്യം എനിക്കു ലഭിക്കുമോ? എന്നാൽ യുദ്ധത്തിനു പോകേണ്ട ആവശ്യംതന്നെയില്ല. ഇതാ എൻെറ വാൾ. ഇതെടുത്തു് അങ്ങയുടെ പരിശുദ്ധമായ ആ കൈകൊണ്ടു് എൻെറ ശിരസ്സുവെട്ടി താഴെയിടണം എന്നാൽ എല്ലാ കുഴപ്പങ്ങളും തീർന്നു. പിന്നീടു് അങ്ങു സന്തോ

ഷപൂർവ്വം പാണ്ഡവന്മാരുമായി സന്ധിചെയ്തുകൊള്ളുക. സന്ധിക്കു തടസ്സമായി നില്ക്കുന്നതു ഞാൻ മാത്രമാണു്. അതിനെ അങ്ങു് ഉടൻ നശിപ്പിക്കുക. അങ്ങനെ വംശരക്ഷചെയ്യുവാനും ക്ഷത്രിയസംഹാരം ഇല്ലാതാക്കുവാനും അങ്ങേയ്ക്കു സാധിക്കും. ഈ വാറും കൊണ്ടു് അങ്ങു് എന്നെ കൊന്നാലും! പിന്നീടു് എന്റെ രക്തംകൊണ്ടു യുധിഷ്ഠിരനു തിലകം തൊടുവിക്കുകയും ആയാളുടെ തലയിൽ കിരീടംവെയ്ക്കുകയും ചെയ്യണം. ഇതാണു് എന്റെ അവസാനത്തെ അഭ്യർത്ഥന.

ഭീഷ്മർ കണ്ണുകളിൽ വെള്ളം നിറച്ചുകൊണ്ടു പറഞ്ഞു:—"മകനേ! എന്റെ കൈ നിന്റെ അകാലമരണത്തിനു് ഇടവരുത്തുകയോ? അതുണ്ടാവുമെന്നു കരുതുന്നുണ്ടോ?"

ദുര്യോധനൻ:—ഇതു് അകാലമരണമാണോ? ഞാൻ നശിക്കുവാൻ പോകയാണെന്നു് അങ്ങുതന്നെയല്ലേ സഭയിൽ പറഞ്ഞതു്? ഞാൻ മരിച്ചാൽ പാണ്ഡവന്മാരോടു് എന്റെ സഹോദരന്മാരെ മുഴുവൻ കൊല്ലുവാൻ അങ്ങു പറയണം. അല്ലെങ്കിൽ അവരെ വനത്തിലേയ്ക്കു് ആട്ടിപ്പായിക്കണം. പാഞ്ചാലിയുടെ മുടി ചുററിപ്പിടിച്ചതു് അങ്ങു കണ്ടിട്ടുണ്ടു്. അതിനു പകരം യുധിഷ്ഠിരനോടു് ഭാനുമതിയുടെ മുടി ചുററിപ്പിടിക്കണമെന്നു് അങ്ങു് ഉപദേശിക്കണം. എന്നാൽ മാത്രമേ എന്റെ ആത്മാവിനു ശാന്തി ലഭിക്കുകയുള്ളൂ.

ദുര്യോധനന്റെ വ്യംഗ്യശരങ്ങൾ ഭീഷ്മന്റെ ഹൃദയത്തിൽ തുളച്ചുകയറി. അദ്ദേഹം അവശനായിത്തീർന്നു. ഭീഷ്മർ പറഞ്ഞു:—"ദുര്യോധനാ! ഇതെല്ലാം പറഞ്ഞു് എന്നെ വെറുതേ വേദനിപ്പിക്കുന്നതെന്തിനാണു്?"

ദുര്യോധനൻ:—അങ്ങയെ നിത്യദുഃഖത്തിലാഴ്ത്തിയ ഞാൻ ഇനി ജീവിച്ചിരിക്കുവാൻ ആഗ്രഹിക്കുന്നില്ല. അങ്ങയ്ക്കു ശാശ്വതസൌഖ്യം നൽകുന്ന യുധിഷ്ഠിരനുവേണ്ടി സ്ഥലം ഒഴിഞ്ഞുകൊടുക്കുവാനാണ് ഞാൻ വിചാരിക്കുന്നതു്.

ഭീഷ്മർ അത്യധികം ദുഃഖിതനായി പറഞ്ഞു:—"ദുര്യോധനാ! ഇത്തരം വാക്കുകൾ പറഞ്ഞു് വൃദ്ധനായ എൻെറ മനസ്സിനെ എന്തിനാണു മുറിപ്പെടുത്തുന്നതു്? നീ ഒന്നാലോചിച്ചുനോക്കണം."

ദുര്യോധനൻ കണ്ണുനീർ വാർത്തുകൊണ്ടു പറഞ്ഞു:—"പിതാമഹാ! എന്താണു് ആലോചിക്കേണ്ടതു്? ഈ യുദ്ധത്തിൽ അങ്ങു് യുദ്ധംചെയ്യാതെ യാതൊന്നുംതന്നെ നടക്കാൻ പോകുന്നില്ല എന്നതാണു പരമാർത്ഥം. അങ്ങയ്ക്കു് ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും അങ്ങു് യുദ്ധംചെയ്യുകതന്നെ വേണം. അതു മാത്രമാണു് എനിക്കു പറയുവാനുള്ളതു്. അങ്ങയെ വിശ്വസിച്ചിട്ടാണു് ഇക്കാണുന്ന പതിനൊന്നു് അക്ഷൌഹിണീസൈന്യം ഒരുങ്ങിനില്ക്കുന്നതു്. ഇവരെല്ലാം എന്നെ കണ്ടിട്ടു വന്നതാണെന്നു് അങ്ങു വിചാരിക്കുന്നുണ്ടോ? കൌരവകുലത്തിലെ വന്ദ്യവയോധികനായ ഭീഷ്മൻെറ നരച്ച മുടി കണ്ടിട്ടാണു് ഇവരെല്ലാവരും വന്നിട്ടുള്ളതു്. അങ്ങയുടെ കൂട്ടുകാരനും വില്ലാളിയുമായ ദ്രോണാചാര്യനെപ്പററിയും അവർക്കറിയാം. അതുകൊണ്ടു് എന്തു തന്നെയായാലും അങ്ങു് യുദ്ധംചെയ്യുകതന്നെ വേണം."

ഭീഷ്മർ:—എനിക്കിഷ്ടമില്ലാതെ ഞാൻ എങ്ങനെയാണു് യുദ്ധംചെയ്യേണ്ടതു്? ഇതിൽ നിൻെറ അധർമ്മം ഞാൻ വ്യക്തമായി കാണുന്നു.

ദുര്യോധനൻ:—ധർമ്മാധർമ്മങ്ങളെ നിർണ്ണയിക്കുന്നതു് യുദ്ധം അവസാനിച്ചതിനു ശേഷമാവാം. അതു ഞാനും

അങ്ങയുംകൂടി തീരുമാനിക്കേണ്ട ഒരു കാര്യമാണു്. ഇപ്പോൾ വില്ലെടുത്തു് ശത്രുക്കളുടെ ഹൃദയത്തെ നടുക്കുന്ന തരത്തിലുള്ള ഒരു ഞെരഞ്ഞാണൊലിയിടുകയാണു് അങ്ങു ചെയ്യേണ്ടതു്.

ഭീഷ്മർ:—ദുര്യോധനാ! യുദ്ധം വിലയ്ക്കുവാങ്ങരുതെന്നു് ഞാൻ ആദ്യമേ നിന്നോടു പറഞ്ഞതാണു്. എന്നാൽ നീ അതു സമ്മതിച്ചില്ല.

ദുര്യോധനൻ:—അന്നത്തെ സഭയിൽവെച്ചു് അങ്ങു പറഞ്ഞതു് ഞാൻ അനുസരിക്കാതിരുന്നതുകൊണ്ടു് അങ്ങയ്ക്കു് എന്നോടു വളരെ നീരസമുണ്ടെന്നു് എനിക്കറിയാം. അതുകൊണ്ടാണു് അങ്ങു് ഒഴിഞ്ഞുമാറുവാൻ ശ്രമിക്കുന്നതു്. എന്നാൽ പിതാമഹാ! ഇപ്രകാരം നമുക്കെങ്ങനെ വിട്ടുപോകാൻ കഴിയും? എന്തുതന്നെയായാലും ഞാൻ അങ്ങയുടെ കുട്ടിയല്ലേ? ഞാൻ വികൃതി കാണിച്ചാലും, അങ്ങയുടെ താടിപിടിച്ചു വലിച്ചാലും, തോന്നിയതെല്ലാം ചെയ്താലും അങ്ങു് അതൊക്കെ സഹിക്കുകതന്നെ വേണം. അങ്ങു പറഞ്ഞതു് ഞാൻ അനുസരിച്ചില്ലെങ്കിൽ എന്റെ ചെള്ളയ്ക്കു രണ്ടു തന്നു് ഒരു ഭാഗത്തു പിടിച്ചിരുത്തുവാൻ അങ്ങയ്ക്കു് അധികാരമുണ്ടു്. പക്ഷേ, എന്നെ ഉപേക്ഷിക്കുവാൻ അങ്ങയ്ക്കു സാദ്ധ്യമല്ല. അതുകൊണ്ടു് അങ്ങു് യുദ്ധത്തിനൊരുങ്ങണം. കൌരവസൈന്യത്തിന്റെ മുഴുവൻ നേതൃത്വവും അങ്ങയുടെ കൈയിലാണു്.

ഭീഷ്മർ:—ദുര്യോധനാ! വൃദ്ധനായ എനിക്കു് ഇത്രയും വലിയൊരു സൈന്യത്തിന്റെ നേതൃത്വം എങ്ങനെയാണു് വഹിക്കുവാൻകഴിയുക?

ദുര്യോധനൻ:—അതിനെപ്പററി ചിന്തിക്കേണ്ടതു് ഞാനാണല്ലോ. ഇത്രയുംകാലം ഞാൻ രാജ്യഭരണംനടത്തി

വരികയാണു്. അതിനാൽ ആരാണു വൃദ്ധൻ, ആരാണു യുവാവു് എന്നെല്ലാം അറിയുവാൻ എനിക്കു സാധിച്ചിട്ടുണ്ടു്. അങ്ങു് സമ്മതംമാത്രം തന്നാൽമതി.

ഭീഷ്മർ:—ദുര്യോധനാ! ഈ യുദ്ധത്തിൽ പങ്കുകൊള്ളുന്നതു ശരിയല്ലെന്നാണു് ഇപ്പോഴും എൻെറ മനസ്സു് എന്നോടു പറയുന്നതു്.

ദുര്യോധനൻ:—ഇന്നു് അങ്ങയുടെ മനസ്സിനു് എന്തോ പററിട്ടുണ്ടു്. ആകട്ടെ, ഇപ്പോൾ ഞാൻ പോകുന്നു. വൈകുന്നേരം പുറപ്പെടണം. ഞാൻ ദ്രോണാചാര്യരെ കാണുന്നുണ്ടു്. അദ്ദേഹത്തോടും അങ്ങു് സേനാപതിയായിരിക്കുവാൻ സമ്മതിച്ചിട്ടുണ്ടെന്നും ഒരുങ്ങിയിരിക്കണമെന്നും പറയാം.

ഭീഷ്മർ:—എൻെറ പേർ എന്തിനാണു പറയുന്നതു്? നീയല്ലേ രാജാവു്? ദുര്യോധനാ! നിന്നോടു ഞാൻ തീരെ തോററുപോയി.

ദുര്യോധനൻ:—പിതാമഹൻ പൌത്രനോടു തോററുപോകുകയാണെങ്കിൽ അതിൽ പിതാമഹന്നു് യാതൊരപമാനവുമില്ല.

ചിരിച്ചുകൊണ്ടു് ഇത്രയും പറഞ്ഞു ദുര്യോധനൻ അവിടെനിന്നു പോയി.

## യുധിഷ്ഠിരനെ അനുഗ്രഹിക്കുന്നു

കുരുക്ഷേത്രത്തിലെ മൈതാനത്തിൽ സൈന്യങ്ങൾ അണിനിരന്നു നില്ക്കുന്നുണ്ടു്. പാണ്ഡവന്മാരുടെയും കൌരവന്മാരുടെയും താവളങ്ങളിൽ മനുഷ്യർ, ആന, കുതിര, ഒട്ടകം എന്നിവ നിറഞ്ഞുകിടക്കുന്നുണ്ടു്. ഭാരതവർഷത്തിലെ

രാജാക്കന്മാരെല്ലാം പിറേറദിവസം പ്രഭാതമാകുന്നതും പ്രതീക്ഷിച്ച് ഇരിപ്പായിരുന്നു. നേരം പ്രഭാതമായാൽ എന്താണു സംഭവിക്കുക എന്നവർ ഉല്ക്കണ്ഠാഭരിതരായി.

സമയം സന്ധ്യയായി. സൂര്യഭഗവാൻ രണ്ടു താവളങ്ങളേയും ദീർഘമായി നിരീക്ഷിച്ച് മറെറാരു ലോകത്തിലേയ്ക്കു മറഞ്ഞു. കൌരവസൈന്യങ്ങൾ മുഴുവൻ യുദ്ധത്തിനു വേണ്ടി ഉഴറുകയായിരുന്നു. കൌരവസൈന്യങ്ങളുടെ മദ്ധ്യത്തിലാണ് ഭീഷ്മപിതാമഹന്റെ കൂടാരം സ്ഥിതിചെയ്യുന്നതു്. അതു വലുതും മോടികൂടിയതുമായിരുന്നു. കൂടാരത്തിന്റെ മദ്ധ്യത്തിലായി എട്ടൊമ്പതുവാര സമചതുരത്തിൽ പണിചെയ്യപ്പെട്ട മുറിയിൽ പിതാമഹൻ കാലുനീട്ടി കിടക്കുകയായിരുന്നു അാ സമയത്തു് ഒരു ഭൃത്യൻ വന്ന് ഇങ്ങനെ പറഞ്ഞു: "പിതാമഹാ! യുധിഷ്ഠിരമഹാരാജാവു് പുറത്തു വന്നുനില്ക്കുന്നു. അദ്ദേഹം അങ്ങയെ കാണണമെന്നു പറയുന്നു."

ഭീഷ്മർ എഴുന്നേററുനിന്നു പറഞ്ഞു:—"യുധിഷ്ഠിരനു് എന്നെ കാണുവാൻ സമ്മതം ചോദിക്കണമോ? ഈ രാത്രി സമയത്തു് എന്തിനാണാവോ ഇങ്ങോട്ടു വന്നതു്." ഇത്രയും പറഞ്ഞുകഴിയുമ്പോഴേയ്ക്കു് യുധിഷ്ഠിരൻ അകത്തേയ്ക്കു കടന്നുവന്നു് അദ്ദേഹത്തിന്റെ കാല്ക്കൽ വീണു.

ഭീഷ്മർ:—യുധിഷ്ഠിരാ! എന്താണു ചെയ്യുന്നതു്?

യുധിഷ്ഠിരൻ:—കേവലം ബാലനായ യുധിഷ്ഠിരൻ പിതാമഹന്റെ കാല്ക്കൽ വീണു വന്ദിക്കുകയാണു്.

ഭീഷ്മർ യുധിഷ്ഠിരന്റെ നെററിയിൽ ചുംബിച്ചുകൊണ്ടു പറഞ്ഞു:—"മകനേ! യുധിഷ്ഠിരാ! എഴുന്നേൽക്കു. ഈ രാത്രിസമയത്തു് എന്തിനിങ്ങോട്ടു വന്നു?"

യുധിഷ്ഠിരൻ ഒരു ഭാഗത്തിരുന്നുകൊണ്ടു പറഞ്ഞു:—"പിതാമഹാ! രാവിലെ യുദ്ധം ആരംഭിക്കുകയാണു്. അതി

നാൽ അങ്ങയെക്കണ്ടു വന്ദിക്കുന്നതിനും അങ്ങയുടെ അനുഗ്രഹം വാങ്ങുന്നതിനുംവേണ്ടിയാണു വന്നതു്."

ഭീഷ്മർ:—എന്റെ അനുഗ്രഹമോ? ഭീഷ്മൻ ഇന്നു് നിസ്തേജനായിത്തീർന്നിരിക്കുകയാണു്. നിനക്കു് ഈശ്വരന്റെ അനുഗ്രഹംതന്നെ ധാരാളമുണ്ടു്. എന്നാലും നീ വന്നതു വളരെ നന്നായി. നീ വന്നിരുന്നില്ലെങ്കിൽ തീർച്ചയായും എനിക്കു സുഖമുണ്ടാകുമായിരുന്നില്ല.

യുധിഷ്ഠിരൻ:—നാളത്തെക്കാര്യം ആർക്കും ഒന്നും പറയുവാൻ സാദ്ധ്യമല്ല. യുദ്ധത്തിൽ എനിക്കു ജീവഹാനി നേരിടുമോ എന്നും നിശ്ചയിച്ചുകൂടാ. അതുകൊണ്ടു് ഇന്നു് അങ്ങയെ കണ്ടു നമസ്കരിക്കണമെന്നു് എനിക്കു തോന്നി. ഇവിടെനിന്നു പോകുമ്പോൾ ദ്രോണാചാര്യരേയും കാണുന്നുണ്ടു്. രാവിലെമുതല്ക്കു് എല്ലാവരും സംഹാരക്രിയയിൽ ഏർപ്പെടുമല്ലോ. ആരെല്ലാം ബാക്കിയാവുമെന്നു പറയുക സാദ്ധ്യമല്ല.

ഭീഷ്മർ:—യുധിഷ്ഠിരാ! ഇങ്ങനെയല്ലാം പറയരുതു്.

യുധിഷ്ഠിരൻ:—പിന്നെ എന്താണു പറയേണ്ടതെന്നു് തോന്നുന്നില്ല. ഇത്രയുംകാലം കാട്ടിൽ അലഞ്ഞുതിരിഞ്ഞുനടന്നു. നാളെ അഞ്ചു സഹോദരന്മാർക്കും കുരുക്ഷേത്രത്തിലെ മൈതാനത്തിൽ നിത്യവിശ്രമം കൊള്ളാം.

ഭീഷ്മർ:—മകനേ! നീ എന്തിനാണിങ്ങനെ ദൈന്യത കാണിക്കുന്നതു്?

യുധിഷ്ഠിരൻ:—ലോകത്തിലെ ക്ഷാത്രതേജസ്സു മുഴുവനും ഭീഷ്മന്റെ മുമ്പിൽ നിഷ്പ്രഭമായിത്തീരുന്നു. എനിക്കതിൽ ഒന്നുംതന്നെ ചെയ്യാൻ വയ്യ. ഞങ്ങൾ അഞ്ചു

സഹോദരന്മാരും അങ്ങയുടെ കൈകൊണ്ടു മരിക്കണ മെന്നുദ്ദേശിച്ചിട്ടാണു വന്നിട്ടുള്ളത്.

ഭീഷ്മർ.—യുധിഷ്ഠിരാ! നിനക്കു തെററിപ്പോയി. യുദ്ധാവസാനത്തിൽ ദുര്യോധനൻ ജയിക്കുമെന്ന് ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ അത് വമ്പിച്ച വിഡ്ഢിത്തമാണ്. യുധിഷ്ഠിരൻതന്നെയായിരിക്കും ഒടുവിൽ ജയിക്കുന്നത്.

യുധിഷ്ഠിരൻ:—പിതാമഹാ! കുട്ടിയാണെന്നു കരുതി അങ്ങ് എന്നെ കളിയാക്കുകയുമൊന്നുമല്ലല്ലൊ.

ഭീഷ്മർ:—യുധിഷ്ഠിരാ! നിന്നെ എനിക്കു കളിയാക്കുവാൻ കഴിയും. എന്നാൽ വിശ്വത്തിന്റെ നിയാമകനെ ത്തയെ ആർക്കുംതന്നെ കളിയാക്കുക സാദ്ധ്യമല്ല. ഇന്ന് ദുര്യോധനൻ, ഞാനും ദ്രോണനുമുണ്ട് എന്ന വിശ്വാസത്തിലാണ് ഞെളിയുന്നത്. എന്നാൽ അർജ്ജുനനോട്ട് ഏററുമുട്ടിയാൽ ഞങ്ങൾ രണ്ടുപേരും ഛിന്നഭിന്നമായിത്തീരുമെന്നു അവനു് അറിഞ്ഞുകൂടാ.

യുധിഷ്ഠിരൻ:—അങ്ങു പറയുന്നത് വിശ്വസിക്കുവാൻ സാധിക്കുന്നില്ല.

ഭീഷ്മർ:—എന്തുകൊണ്ടു സാധിക്കുന്നില്ല? ഞാൻ കളവു പറയുകയാണോ? അർജ്ജുനന്റെ രഥം തെളിക്കുന്ന ആളെപ്പററി നീ ചിന്തിച്ചിട്ടുണ്ടോ? അതിലും വിശേഷിച്ച് അത് അർജ്ജുനന്റെ രഥവും! ഒരു സാധാരണക്കാരന്റെ രഥത്തെ ശ്രീകൃഷ്ണൻ തെളിക്കുകയാണെങ്കിൽപോലും അതിലിരിക്കുന്ന വ്യക്തിയെ തോല്പിക്കുവാൻ ഈ ലോകത്തിൽ ആർക്കും സാദ്ധ്യമല്ല. ഞാനും ദ്രോണനും എത്രതന്നെ ശക്തന്മാരായിരുന്നാലും ശരി, ഞങ്ങളുടെ ശക്തിയെല്ലാം നിമിഷനേരംകൊണ്ട്

ക്ഷീണമായിത്തീരും. എന്നാൽ അർജ്ജുനന്റെ ശക്തിയുംവേട്ടെ, യുദ്ധാവസാനംവരെ നിലനില്ക്കുകയും ചെയ്യും. യുധിഷ്ഠിരാ! നിന്നോട് ഞാനെന്താണു പറയേണ്ടതു്? ഈ യുദ്ധത്തിൽ പങ്കെടുക്കുവാൻതന്നെ എനിക്ക് ഇഷ്ടമുണ്ടായിരുന്നില്ല. എന്നാൽ ദുര്യോധനന്റെ നിർബ്ബന്ധം സഹിക്കാതെവന്നതാണു് ഞാൻ.........

യുധിഷ്ഠിരൻ:—അതുകൊണ്ടാണ് എനിക്കു കൂടുതൽ ഭയമുള്ളതു്. അങ്ങ് മനസ്സുകൊണ്ടു് ഉറപ്പിക്കുകയാണെങ്കിൽ അരദിവസംകൊണ്ടു് ഞങ്ങളെയെല്ലാം നശിപ്പിക്കുവാൻ അങ്ങയ്ക്കു സാധിക്കും.

ഭീഷ്മർ:—ഒരുകാലത്തു് അതെല്ലാം സാധിച്ചിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതി അതല്ല. ഇന്ന് വില്ലും അമ്പും കൈയിലെടുത്താൽ തോന്നുകയായി ഞാൻ അധർമ്മത്തിന്റെ ഭാഗത്താണ് യുദ്ധംചെയ്യുന്നതെന്നു്. തന്നിമിത്തം വില്ലിന്റെ ഞാണ് എത്ര മുറുക്കിയാലും അതു് അയഞ്ഞുപോകുന്നു. യുധിഷ്ഠിരാ! ഒട്ടും വിചാരപ്പെടേണ്ട. വിജയം വരിക്കുക നിങ്ങൾതന്നെ ആയിരിക്കും.

യുധിഷ്ഠിരൻ:—പിതാമഹാ! അർജ്ജുനൻ ഇന്നു രാവിലെ മുതൽ നിരുത്സാഹനായിത്തീർന്നിരിക്കുന്നു. അങ്ങയ്ക്കും ദ്രോണാചാര്യർക്കും എതിരായി യുദ്ധംചെയ്യണമെന്ന ഭാവന ആയാളെ മൂഢനാക്കിത്തീർത്തിരിക്കുന്നു

ഭീഷ്മർ:—യുധിഷ്ഠിരാ! എന്റെനേരേ അസ്ത്രം അയയ്ക്കുന്നതിന് ഒട്ടുംതന്നെ മടിക്കേണ്ടതില്ലെന്ന് അർജ്ജുനനോടു പറയണം. നീ ബുദ്ധിമാനാണു്. അതുകൊണ്ടാണു് നിന്നോടു പറയുന്നതു്. ഞാനും ദ്രോണനും നിസ്തേജരായിത്തീർന്നിട്ടുണ്ടു്. കാലഗതി നോക്കിയാൽ ഞങ്ങൾക്ക് ഇനി അധികകാലം ഇഹലോകവാസ

മില്ലെന്നാണ് എനിക്ക തോന്നുന്നതു്. അർജ്ജുനൻ ആധുനികശക്തിവാഹകനാണ്. അതിനാൽ ആയാളുടെ കൈകൊണ്ടു്, എനിക്ക മരിക്കുവാൻ സാധിച്ചാൽ ഞാൻ അതൊരു ഭാഗ്യമായി കരുതും.

യുധിഷ്ഠിരൻ:—പിതാമഹാ! അങ്ങ് എന്താണു പറയുന്നതു്? അങ്ങയുടെ രഹസ്യം മതി ഞങ്ങളെ മുഴുവൻ നശിപ്പിക്കുവാൻ.

ഭീഷ്മർ:—അതു നിൻെറ തെററിദ്ധാരണയാണ്. ഞങ്ങളുടെയെല്ലാം കാലം അസ്തമിച്ചുകഴിഞ്ഞിരിക്കുന്നു. ഈ യുദ്ധത്തിൽ ഞങ്ങൾക്കെല്ലാം മരിക്കേണ്ടിവരുമെന്നു ഞാൻ എത്രയോമുമ്പ് മനസ്സിലാക്കീട്ടുണ്ടു്. നീ ഒട്ടുംതന്നെ വിചാരപ്പെടരുതു്. കൃഷ്ണനും അർജ്ജുനനും ലോകത്തിൽ ഒരു പുതിയ പ്രകാശം പരത്തുന്നവരാണ്. അവർ പുതിയ യുഗം സൃഷ്ടിക്കും. അവരോടു കിടപിടിക്കുവാൻ ഞങ്ങളാരും പോരാ. ഇതു നീ മനസ്സിലാക്കണം എന്നാൽ നീ പൊയ്ക്കൊള്ളുക. നാളത്തെയുദ്ധം വേണ്ട ഒരുക്കങ്ങൾ ചെയ്യാനുണ്ടാകും. ഒരുകാര്യം ഓർമ്മയിരിക്കട്ടെ, എല്ലാം കൃഷ്ണനേയും അർജ്ജുനനേയും ഏല്പിച്ചാൽമതി. അവരുടെ കൈകളെക്കൊണ്ടാണ് ഞങ്ങൾ എല്ലാവരും കൊല്ലപ്പെടുക. ആ കൈകളായിരിക്കും നവീനയുഗത്തെ നിർമ്മിക്കുന്നതും. പോകൂ, നിനക്കു മംഗളം ഭവിക്കട്ടെ. ഈശ്വരൻ നിന്നെ കാത്തുരക്ഷിക്കട്ടെ.

യുധിഷ്ഠിരൻ വീണ്ടും പിതാമഹൻെറ കാല്ക്കൽ വീഴുകയും പിന്നീട് വിടവാങ്ങി അവിടെനിന്നു പൊകുകയും ചെയ്തു.

# കുരുക്ഷേത്രത്തിലെ
# പത്താമത്തെ ദിവസം

യുദ്ധം ആരംഭിച്ചിട്ട് പത്താമത്തെ ദിവസമായിരുന്നു അന്ന്. കഴിഞ്ഞ ഒമ്പതു ദിവസങ്ങളിൽ എത്രയോ വീരന്മാർ മൃതിയടഞ്ഞു. അവരുടെ മാതാക്കളും സഹോദരിമാരും ഭാര്യമാരും കണ്ണുനീർകൊണ്ട് ഭൂമിയെ നനച്ചിരുന്നു. ഈ ഒമ്പതുദിവസങ്ങൾക്കിടയിൽ മനുഷ്യരുടെ ആർത്തനാദം കൊണ്ട് ഭൂമിയ്ക്കും ആകാശത്തിനുമിടയിൽ നിരവധി വിള്ളലുകൾ സൃഷ്ടിക്കപ്പെട്ടു മാത്രമല്ല, ആര്യാവർത്തത്തിലെ ക്ഷത്രിയന്മാരൽ പകുതി നശിച്ചുപോകുകയുംചെയ്തു.

ഒമ്പതുദിവസത്തെ ഘോരമായ യുദ്ധത്തിനുശേഷവും ജയം ആർക്കാണെന്നു മുൻകൂട്ടി പറയുവാൻ സാധിച്ചിരുന്നില്ല. ദുര്യോധനൻ ജയിക്കുമെന്നോ യുധിഷ്ഠിരൻ ജയിക്കുമെന്നോ പ്രതിവചിക്കുക സാദ്ധ്യമല്ലാതായിരുന്നു. രണ്ടു ഭാഗത്തുനിന്നും തുല്യശക്തിയോടെ കമ്പവലി നടക്കുകയാണ്. ഫലമെന്തെന്ന് അറിയുവാൻ കാത്തിരിക്കുകതന്നെ വേണം.

പത്താംദിവസത്തെ പ്രഭാതം ഒരു പുതിയ സന്ദേശവുമായിട്ടാണു വന്നുചേർന്നത്: ദുര്യോധനൻ പരിഭ്രമിച്ചുവശായി. പിതാമഹൻ വിചാരിക്കുകയാണെങ്കിൽ അര ദിവസംകൊണ്ട് പാണ്ഡവസൈന്യത്തെ മുഴുവൻ സംഹരിക്കുവാൻ കഴിയുമെന്ന് ആയാൾ ധരിച്ചുവെച്ചിരുന്നു. എന്നാൽ ആദ്യംമുതല്ക്കേ അദ്ദേഹം മനസ്സിരുത്തി യുദ്ധം ചെയ്യുന്നില്ല എന്ന ശങ്ക ആയാൾക്ക് ബലമായി ഉണ്ടായിരുന്നു. ഭീഷ്മർ പാണ്ഡവസൈന്യത്തിനു വമ്പിച്ച നാശമുണ്ടാക്കുകയും ശ്രീകൃഷ്ണനുപോലും തന്റെ പ്രതിജ്ഞയ്ക്കെതിരായി ആയുധമെടുക്കേണ്ടിവരികയുംചെയ്തു. എന്നി

ട്ടും ദുര്യോധനൻെറ ദുശ്ശങ്ക നീങ്ങിയില്ല. അതിനാൽ ആയാം പിതാമഹൻ പാണ്ഡവന്മാരോട് പക്ഷപാതം കാണിക്കുന്നുണ്ടെന്നും മററും പറഞ്ഞു് അദ്ദേഹത്തിൻെറ മനസ്സിനെ കഠിനമായി വ്രണപ്പെടുത്തി. അങ്ങനെ അന്നത്തെ ദിവസം വ്രണിതചിത്തനായ ഭീഷ്മർ കൌരവസൈന്യത്തിൻെറ അണിയിൽ വന്നുനിന്നു് യുദ്ധംചെയ്യുവാൻ ആരംഭിച്ചു.

ഗംഗാമാതാവിൻെറ പുത്രനാണു ഭീഷ്മർ. ഗംഗയുടെ മടിത്തട്ടിൽ കളിച്ചുവളൎന്നുകൊണ്ടാണു് അദ്ദേഹം ധനുൎവ്വിദ്യ അഭ്യസിച്ചതു്. പരശുരാമനാണു് അദ്ദേഹത്തിൻെറ ഗുരു. കുടുംബജീവിതക്ലേശങ്ങളിൽനിന്നു് സ്വച്ഛാമുക്തനായി ജീവിച്ചതുകൊണ്ടു് നിസ്സാരകാൎയ്യങ്ങൾക്കുവേണ്ടി അദ്ദേഹം തൻെറ ശക്തിയെ വ്യയംചെയ്തിരുന്നില്ല. കൌരവവംശത്തെ നിലനിൎത്തിക്കൊണ്ടുവരണമെന്ന ഉദ്ദേശത്തോടുകൂടിയാണു് വാൎദ്ധക്യകാലത്തുപോലും ആയുധമെടുക്കുവാൻ അദ്ദേഹം തയ്യാറായതു്. പാണ്ഡവസൈന്യത്തിൽ അൎജ്ജുനനൊഴിച്ചു് മററാൎക്കുംതന്നെ അദ്ദേഹത്തോടെതിരിടുവാൻ കഴിഞ്ഞിരുന്നില്ല. ആ ഭീഷ്മർ സൈന്യത്തിൻെറ മുമ്പിൽ വന്നുനിന്നു് ഇങ്ങനെ വെല്ലുവിളിച്ചു:—"അൎജ്ജുനാ! മുമ്പിലേയ്ക്കു വരിക. വില്ലും അമ്പുമെടുത്തു് ഒരുങ്ങിക്കൊള്ളുക."

ഭീഷ്മൻെറ വെല്ലുവിളി കേട്ട ഉടനെ അൎജ്ജുനൻ മുമ്പിലേയ്ക്കു ചാടി. വൎഷകാലത്തിലെ മേഘങ്ങളുടെ ഗൎജ്ജനം കേട്ടിട്ടു തുള്ളിച്ചാടുന്ന സിംഹക്കുട്ടിയെപ്പോലെ അൎജ്ജുനൻെറ ഹൃദയം ആവേശഭരിതമായി. അദ്ദേഹത്തിൻെറ കൈകൾ ഗാണ്ഡീവത്തെ സ്പൎശിച്ചു. ശരീരമാകെ കോരിത്തരിച്ചു! കണ്ണുകൾ ഭീഷ്മനെ കാണുവാൻ ഉഴറിത്തുടങ്ങി. അദ്ദേഹം പറഞ്ഞു:—"കൃഷ്ണാ! ഭീഷ്മരെവിടെയാണു്? എന്നെ അദ്ദേഹത്തിൻെറ മുമ്പിലേയ്ക്കു കൊണ്ടുപോകൂ."

രഥത്തിലെ കുതിരകളുടെ കടിഞ്ഞാൺ പിടിച്ചുകൊണ്ടു് ശ്രീകൃഷ്ണൻ പറഞ്ഞു:—"അജ്ജുനാ! പിതാമഹനെ കണ്ടുവോ? ഇന്നു ഭീഷ്മനിൽ ഒരസാധാരണത്വം കാണുന്നുണ്ടല്ലോ. ദിനംപ്രതി ആദ്യത്തിൽ മുമ്പിൽ വന്നു് നീ കാല്ക്കലേയ്ക്കു് അയയ്ക്കുന്ന അസ്ത്രങ്ങളെ തലയിൽ എടുത്തുവെച്ചു് നിന്നെ അനുഗ്രഹിക്കാറുണ്ടു്. എന്നിട്ടാണു് യുദ്ധം തുടങ്ങാറുള്ളതു്. എന്നാൽ ഇന്നു് അതൊന്നും ചെയ്യാതെ നേരിട്ടുവന്നു യുദ്ധത്തിനു് ആഹ്വാനം നല്കുകയാണു് ഉണ്ടായതു്. അതുകൊണ്ടു ഇന്നു് എന്തോ ഒരു പുതുമയുണ്ടു്."

ഇത്രയും പറഞ്ഞു കൃഷ്ണൻ രഥത്തെ അങ്ങോട്ടേയ്ക്കു് ആനയിച്ചു. അപ്പോഴേയ്ക്കും പാണ്ഡവസൈന്യത്തിലെ യോദ്ധാക്കളും ആനകളും കുതിരകളും രഥങ്ങളുമെല്ലാം തുരുതുരെ നിലംപതിച്ചുകൊണ്ടിരിക്കുന്നതായി കാണപ്പെട്ടു. ഗ്രീഷ്മകാലത്തെ കഠിനമായ ആതപമേററു് ഉണങ്ങിക്കിടക്കുന്ന ഒരു കാട്ടിനു് അഗ്നിബാധയേല്ക്കുമ്പോൾ അതിലുള്ള വൃക്ഷങ്ങളും പുല്ലുകളും മററും കത്തിനശിക്കുന്നതു് എങ്ങനെയോ അപ്രകാരമായിരുന്നു പാണ്ഡവസൈന്യത്തിലെ ഭടന്മാക്കു നാശം സംഭവിച്ചുകൊണ്ടിരുന്നതു്. പ്രസ്തുത സംഹാരകൃത്യം അതേനിലയിൽ തുടരുന്നപക്ഷം വൈകുന്നേരമാവുമ്പോഴേയ്ക്കു് പാണ്ഡവസൈന്യം നാമാവശേഷമായിത്തീരുമെന്നു് യുധിഷ്ഠിരനു തോന്നി.

പെട്ടെന്നു ഭീഷ്മർ പറയുന്നതായി കേട്ടു:—"അജ്ജുനാ! ഞാൻ ഇവിടെയാണു്. ഇങ്ങോട്ടു വാ. എൻെറ ശരീരത്തിൽ നാലുഭാഗത്തുനിന്നും അസ്ത്രങ്ങൾ വന്നുകൊള്ളുന്നുണ്ടു്. പക്ഷേ, നിൻെറ അമ്പുകൾ കൊള്ളുവാൻ ഒരു പ്രത്യേകസുഖമുണ്ടു്."

അതിന്നിടയിൽ കൃഷ്ണൻ അജ്ജുനൻെറ രഥത്തെ ഭീഷ്മൻെറ നേരെമുമ്പിൽ കൊണ്ടുചെന്നു നിത്തി. അജ്ജുനൻ ഗാണ്ഡീവമെടുത്തു ചെറുഞാണൊലിയിട്ടു് അസ്ത്രങ്ങൾ

അയയ്ക്കുവാൻ തുടങ്ങി. ഉടൻതന്നെ ഭീഷ്മർ അർജ്ജുനന്റെമേൽ അസ്ത്രങ്ങൾ വർഷിച്ചു. ഭീഷ്മർതന്നെയാണോ അതു്, അഥവാ അന്തകനാണോ എന്നു് അർജ്ജുനനു് ആശങ്കയുണ്ടായി. പിന്നീടു ക്രുദ്ധമൂർത്ത ശരങ്ങൾ വർഷിക്കുവാൻ തുടങ്ങി. ഭീഷ്മന്റെ ശരീരം മുഴുവനും മുറിപ്പെട്ടു.

എന്നിട്ടും അർജ്ജുനന്റെ കൈയ്ക്കു് വേഗതയില്ലാതിരിക്കുന്നതു കണ്ടിട്ടു് ശ്രീകൃഷ്ണൻ പറഞ്ഞു:—"അർജ്ജുനാ! നിന്റെ കൈ ഇങ്ങനെ തളർന്നാൽ അതുകൊണ്ടു് എങ്ങനെയാണു ഹസ്തിനപുരിയുടെ ഭരണം നടത്തുവാൻ സാധിക്കുക? നിന്റെ പിതാമഹൻ രണ്ടുതവണയായി എന്നെക്കൊണ്ടു പ്രതിജ്ഞാഭംഗം ചെയ്യിക്കുന്നു. എനിക്കു സുദർശനചക്രം എടുക്കേണ്ടതായുംകൂടി വന്നു. ഇന്നു വളരെ സൂക്ഷിക്കണം. ഇല്ലെങ്കിൽ സൈന്യങ്ങൾ മുഴുവൻ നശിക്കും."

അർജ്ജുനൻ:—കൃഷ്ണാ! ഞാൻ വളരെ പണിപ്പെട്ടുനോക്കുന്നുണ്ടു്. എന്നാൽ ഭീഷ്മരെ കാണുമ്പോഴേയ്ക്കു് കൈ കുഴഞ്ഞുപോകുകയാണു്. കാരണമെന്തെന്നു് അറിയുന്നില്ല.

ശ്രീകൃഷ്ണൻ:—അർജ്ജുനാ! ഇതുകൊണ്ടൊന്നും കാര്യം നടക്കുവാൻ പോകുന്നില്ല. ശിഖണ്ഡിയുണ്ടു് ഇവിടെ. ആയാൾ ഒരു ഭാഗത്തു് തന്റെ രഥം കൊണ്ടുചെന്നു നിർത്തി ഭീഷ്മന്റെ നേരെ അസ്ത്രങ്ങൾ അയയ്ക്കട്ടെ. മറുഭാഗത്തുനിന്നു് നീയും ആക്രമിക്കണം. അങ്ങനെ രണ്ടാളുംകൂടി ശക്തിയായ ഒരാക്രമണം ആരംഭിച്ചാൽ മാത്രമേ ഭീഷ്മരെ വധിക്കുവാൻ കഴിയുകയുള്ളു.

അർജ്ജുനനും ശിഖണ്ഡിയുംകൂടി ഭീഷ്മന്റെ നേർക്കു് ശരവർഷം ചൊരിയുവാൻ തുടങ്ങി. ഇതു കണ്ടപ്പോൾ ഭീഷ്മർ പരിഭ്രമമായി. അദ്ദേഹം ഇങ്ങനെ പറഞ്ഞു:—"അർജ്ജുനൻ ശിഖണ്ഡി അയയ്ക്കുന്ന അസ്ത്രങ്ങളും ഗാണ്ഡീ

വത്തിൽനിന്നു വരുന്ന അസ്ത്രങ്ങളും തിരിച്ചറിയുവാൻ എനിക്കു നല്ലപോലെ സാധിക്കുമെന്നു് നീ മനസ്സിലാക്കണം. പാവപ്പെട്ട ഈ ശിഖണ്ഡി എന്തു വിചാരിച്ചായിരിക്കണം എൻെറ നേക്കു് അസ്ത്രമയയ്ക്കുന്നതു് എന്നു നീ ആലോചിച്ചുനോക്കുക. വണ്ടിയുടെ ചുവട്ടിൽക്കൂടി നടക്കുന്ന നായ് വിചാരിക്കുന്നതു് താനാണു വണ്ടിവലിക്കുന്നതു് എന്നാണു്. എന്നാൽ ശിഖണ്ഡിയാണല്ലോ ഇതു്. ഇന്നു് ഇവൻ പുരുഷനാണു്. ഒരുകാലത്തു് സ്ത്രീയായിരുന്നു. അവനോടു യുദ്ധം ചെയ്യുകയില്ലെന്നാണു് ഞാൻ പ്രതിജ്ഞ ചെയ്തിട്ടുള്ളതു്. എന്നാൽ അർജ്ജുനാ! അവൻെറ പിന്നിൽനിന്നു നീ അയയ്ക്കുന്ന അമ്പുകൾ എൻെറ ദേഹത്തെ തുളയ്ക്കുന്നു. അതിൻെറ മാധുര്യം തികച്ചും ഞാൻ അനുഭവിക്കുന്നുണ്ടു്. അതുകൊണ്ടു് ഒട്ടുംതന്നെ മടിക്കേണ്ട. അസ്ത്രങ്ങൾ അയച്ചുകൊള്ളുക. ഇന്നു് എൻെറ അവസാനദിവസമാണു്. എൻെറ ആത്മാവു് ഈ കൂടുവിട്ടു പോകുവാൻവേണ്ടി പിടഞ്ഞുകൊണ്ടിരിക്കുന്നു."

ഇത്രയും പറഞ്ഞു് ഭീഷ്മർ ആയുധംവെച്ചു രഥത്തിൽ ഇരുന്നു. അദ്ദേഹം അർജ്ജുനൻെറ ശരങ്ങൾ ഏല്ക്കുവാൻ തുടങ്ങി. അർജ്ജുനൻ ശരവർഷം നിർത്തിയില്ല. സൂര്യൻ അസ്തമിച്ചപ്പോഴേയ്ക്കും ഭീഷ്മൻെറ ശരീരത്തിൽ കഠിനമായ മുറിവുകൾ നിറയുകയും അദ്ദേഹം രഥത്തിൽനിന്നു് താഴോട്ടു വീഴുകയും ചെയ്തു

ഭീഷ്മർ നിലംപതിച്ച വർത്തമാനം രണ്ടു സൈന്യങ്ങളുടെ ഇടയിലും അതിവേഗം വ്യാപിച്ചു. അങ്ങനെ യുദ്ധം നിലയ്ക്കുകയും ചെയ്തു. അർജ്ജുനൻ, കൃഷ്ണൻ, യുധിഷ്ഠിരൻ, ദ്രോണർ, ദുര്യോധനൻ, ഭീമൻ, കൃപാചാര്യൻ എന്നിവരെല്ലാം അദ്ദേഹത്തിൻെറ ചുറവും വന്നുനിന്നു. ദുഃഖിതനായ അർജ്ജുനൻ അല്പം അകലെയായി വിട്ടുനില്ക്കുകയായിരുന്നു. ഭീഷ്മർ തലയുയർത്തി ആയാളുടെ നേക്കു നോക്കിപ്പറഞ്ഞു:—

"മകനേ അർജ്ജുനാ! ദുഃഖിക്കേണ്ട ആവശ്യമില്ല. യുവാക്കന്മാരുടെ കൈകൊണ്ടു മരിക്കുവാൻ അല്പം ചില വൃദ്ധന്മാർക്കു മാത്രമേ ഭാഗ്യമുണ്ടാവുകയുള്ളു. എന്റെ ജീവിതം ഇന്നു സഫലമായി."

അർജ്ജുനൻ:—പിതാമഹാ! അങ്ങയുടെ മടിത്തട്ടിൽ കിടന്നാണ് ഞാൻ കളിച്ചുവളർന്നതു്. ആ അങ്ങയെ ഞാൻ ഇന്ന് എന്റെ കൈകൊണ്ടു വധിച്ചു.

ഭീഷ്മർ ശാന്തനായി പറഞ്ഞു:—"അർജ്ജുനാ! നിനക്കു തെററിപ്പോയി. മടിയിൽ കിടത്തി കളിപ്പിച്ചിട്ടുണ്ടെന്ന കാരണവുംപറഞ്ഞു് വൃദ്ധന്മാരായ ഞങ്ങൾ യുവാക്കളായ നിങ്ങളുടെ മാർഗ്ഗത്തിനു വിഘ്നമുണ്ടാക്കുകയാണെങ്കിൽ, അതിനെ തട്ടിത്തകർത്തു് മുന്നോട്ടു പോകുവാൻ നിങ്ങൾക്കു തികച്ചും അധികാരമുണ്ടു്. അതുകൊണ്ടു് എന്നെപ്പോലുള്ള ഒരു വൃദ്ധനോടു് നിനക്കു സഹാനുഭൂതിയല്ല ഉണ്ടാകേണ്ടതു്. സമുദായത്തിന്റെ ക്ഷേമത്തിനുവേണ്ടി എന്റെ ശരീരത്തെ ചുട്ടു ഭസ്മമാക്കിക്കളയുകയാണു ചെയ്യേണ്ടതു്. നാളെ നീയും വൃദ്ധനാവും. അന്നത്തെ യുവാക്കൾ പുതിയ സംസ്കാരത്തിന്റെ വെളിച്ചത്തിൽ നിന്നെയും പിടിച്ചു പുറംതള്ളും. മനുഷ്യസമുദായത്തിന്റെ ക്ഷേമത്തിനു് ഏററവും പററിയ മാർഗ്ഗമാണിതു്. എന്നെപ്പോലുള്ള വൃദ്ധന്മാർ അവസാനനിമിഷംവരെ മാർഗ്ഗതടസ്സമുണ്ടാക്കിക്കൊണ്ടിരിക്കുകയാണെങ്കിൽ അവരെ പിടിച്ചു് ദൂരെ മാററിക്കളയുന്നതാണു് ശരിയായ ധർമ്മം."

അർജ്ജുനൻ:—പിതാമഹാ! അങ്ങ് ഞങ്ങളുടെ വംശത്തിന്റെ നെടുംതൂണാണു്.

ഭീഷ്മർ:—ഒരു തൂണു് ദ്രവിച്ചുനശിക്കുകയാണെങ്കിൽ തൽസ്ഥാനത്തു് പുതിയ മറെറാരു തൂണു് സ്ഥാപിക്കണം. അർജ്ജുനാ! നീ അയയ്ക്കുന്ന അസ്ത്രങ്ങൾ സസന്തോഷം

ഏററവുകൊണ്ടാണ് ഇന്നു ഞാൻ നിലംപതിച്ചിട്ടുള്ളതു്. അതിനാൽ എന്നെപ്പോലെ ഭാഗ്യവാനായി ആരുംതന്നെയില്ല. എനിക്കു കലശലായ വേദന തോന്നുന്നു. നിങ്ങളെല്ലാം മാറിനില്ക്കണം. ദുര്യോധനൻ എവിടെ?

ദുര്യോധനൻ:—ഇതാ ഇവിടെത്തന്നെയുണ്ടു്. അങ്ങയെ താവളത്തിലേയ്ക്കു് എടുത്തുകൊണ്ടുപോയി ശരീരത്തിൽ തറച്ച അസ്ത്രങ്ങളെല്ലാം പറിച്ചെടുക്കുവാൻ വേണ്ട ഏല്പാടുകൾ ഞാൻ ചെയ്തിട്ടുണ്ടു്.

ഭീഷ്മർ:—ദുര്യോധനാ! അതിൻെറയൊന്നും ആവശ്യമില്ല. ഭീഷ്മനെക്കുറിച്ചു് ഇനി ചിന്തിച്ചിട്ടു കാര്യമില്ല. ഇന്നു ഞാൻ മരിക്കുന്നതല്ല. സൂര്യൻെറ ഗതി മാറുന്നതുവരെ ഈ ശരശയ്യയിൽ ഞാൻ കിടക്കും.

ദുര്യോധനൻ:—ശരശയ്യയിലോ?

ഭീഷ്മർ:—അതെ. കുരുക്ഷേത്രത്തിൻെറ ഒരു മൂലയിൽ കിടന്നുകൊണ്ടു് സ്വന്തം വംശം മുഴുവനും നശിക്കുന്നതായ കാഴ്ച എൻെറ കണ്ണുകൾകൊണ്ടു ഞാൻ കാണും. അപ്പോൾ മാത്രമേ ഞാൻ ചെയ്ത അബദ്ധങ്ങൾക്കെല്ലാമുള്ള പ്രായശ്ചിത്തമാവുകയുള്ളു.

ദുര്യോധനൻ:—എന്നാൽ ഇങ്ങനെ കിടക്കുകയാണെങ്കിൽ എത്രമാത്രം വേദന അനുഭവിക്കണം!

ഭീഷ്മർ കണ്ണുകളുയർത്തി ദുര്യോധനനെ നോക്കിക്കൊണ്ടു പറഞ്ഞു:—"മനുഷ്യൻ ജനിച്ചതുമുതല്ക്കു് ശരശയ്യയിലാണു കിടന്നുറങ്ങിവരുന്നതു്. ജീവിതത്തിൽ ഇതേവരെ അനുഭവിച്ച ശരശയ്യയെക്കാൾ ഈ ശരശയ്യ കൂടുതൽ ക്ലേശകരമായിട്ടുള്ളതാണെന്നു നീ കരുതുന്നുണ്ടോ? അങ്ങനെ കരുതുന്നുണ്ടെങ്കിൽ നിനക്കു തെററിപ്പോയി. ദിനംപ്രതി ഹൃദയത്തിൽ തുളഞ്ഞുകയറുന്ന ശരങ്ങളുടെ

കുത കണക്ക് മനുഷ്യൻ തയ്യാറാകുകയാണെങ്കിൽ അതി നോട്ട കിടപിടിക്കുവാൻ ഈ ബാണങ്ങൾക്കു ശക്തിയി ല്ലെന്നു് കാണാൻ കഴിയും. പക്ഷേ, മറവിക്കാരനായ സാധുമനുഷ്യൻ എല്ലാ ദുഃഖങ്ങളേയും എളുപ്പത്തിൽ മറക്കു കയും സുഖം ലഭിച്ചു ഉടനെ ജീവിക്കുവാൻ ആശവെച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. ദുര്യോധനാ! യുധിഷ്ഠിരനെ വിടെ?

യുധിഷ്ഠിരൻ:—പിതാമഹാ! എന്തുവേണം?

ഭീഷ്മർ:—യുദ്ധം കഴിഞ്ഞ ഉടനെ നീ എന്റെ അടു ക്കലേയ്ക്കു വരണം. ഗംഗാമാതാവ് ആത്യ സംസ്കാ രത്തിന്റെ മാഹാത്മ്യം എനിക്കുപദേശിച്ചുതന്നി ട്ടുണ്ട്. അതുകൂടി നിന്നെ അറിയിച്ചതിനുശേഷമേ എന്റെ ആത്മാവ് അനശ്വരതയിൽ ലയിക്കുക യുള്ളൂ. ഇനി നിങ്ങൾക്കെല്ലാവക്കും പോകാം. യുദ്ധം ചെയ്ത് ബലാബലം പരീക്ഷിച്ചുനോക്കുവിൻ. ഒടു വിൽ ബാക്കിയാവുന്നവർ എന്റെ അടുത്തു വന്നാൽ മതി.

ഇത്രയും പറഞ്ഞു് ഭീഷ്മർ മൗനമവലംബിച്ചു. അ വിടെയുണ്ടായിരുന്നവരെല്ലാം തിരിച്ചുപോകുകയുംചെയ്തു.

## ശരശയ്യയിൽ

മഹാഭാരതയുദ്ധം അവസാനിച്ചു. നിറഞ്ഞ സഭയിൽ വെച്ചു് പാഞ്ചാലിയുടെ വസ്ത്രമഴിച്ച ദുശ്ശാസനൻ ഒടുവിൽ മരണവക്ത്രത്തിൽ ചെന്നുപതിച്ചു. സൂതപുത്രനായ കർണ്ണൻ ഭൂമിയിൽ അഴുണ്ടുപോയ രഥചക്രം മേല്പോട്ടു പൊ ക്കുവാൻ ശ്രമിച്ചുകൊണ്ടു് കാലയവനികയ്ക്കുള്ളിൽ തിരോ

ധാനംചെയ്തു. ആര്യാവർത്തത്തിലെ മാറിമറിഞ്ഞ നിരവധി നാഗരികതപങ്ങൾക്കു സാക്ഷ്യംവഹിച്ചിരുന്ന പിതാമഹൻ ശരശയ്യയിൽ ഉറങ്ങി. അശ്വത്ഥാമാവിൻെറ യോഗ്യനായ പിതാവ് ദ്രോണാചാര്യർ ആയുധമുപേക്ഷിച്ച് രഥത്തിൽ ഇരിക്കുകയും ശത്രുവിൻെറ ഖഡ്ഗപാതത്തെ സഹർഷം സ്വാഗതംചെയ്യുകയുംചെയ്തു. സിന്ധുരാജനായ ജയദ്രഥൻെറ ശിരസ്സ് ആയാളുടെ പിതാവിൻെറ മടിയിൽ ചെന്നുവീഴുകയുണ്ടായി. വീരനായ അഭിമന്യു കൗരവസൈന്യത്തെ കലശലായി ശ്വാസംമുട്ടിച്ചുവെങ്കിലും ഒടുവിൽ ആറു മഹാരഥന്മാർ ഒന്നിച്ചാക്രമിക്കുകയാൽ മൃതിയടഞ്ഞു പോയി. ശല്യൻ, ശകുനി, വികർണ്ണൻ എന്നിവരും യുദ്ധത്തിൽ മരിച്ചുപോയി. നിരവധി ആശകൾ സഫലമാവുമെന്നാഗ്രഹിച്ചിരുന്ന ധൃഷ്ടദ്യുമ്നൻെറ 'നാളെ' ഒരിക്കലും ഉദയംചെയ്തില്ല. ഈ യുദ്ധത്തിനു മുഴുവൻ കാരണഭൂതനായ ദുര്യോധനൻ സമന്തപഞ്ചകത്തിൽ അന്ത്യശ്വാസംവലിച്ചു കാലഗതിയടഞ്ഞു. ബാക്കിയുണ്ടായിരുന്നതു് പഞ്ചപാണ്ഡവന്മാരും കൃഷ്ണനും അശ്വത്ഥാമാവും കൃപാചാര്യനും കുന്തിയും ഗാന്ധാരിയും, ഈ നാടകത്തിൻെറയെല്ലാം കളിവിളക്കു സൂത്രധാരനും അന്ധനുമായ ധൃതരാഷ്ട്രനും മാത്രമായിരുന്നു.

പതിനെട്ട് അക്ഷൌഹിണീസൈന്യത്തിൻെറ ശവങ്ങളുടെ മുകളിൽക്കൂടി തൻെറ രഥം തെളിച്ചുകൊണ്ടുപോയിട്ടാണു യുധിഷ്ഠിരൻ ഹസ്തിനപുരിയിലെ ചക്രവർത്തിയായിത്തീർന്നതു്. ഹസ്തിനപുരിയിൽ എത്തിയ യുധിഷ്ഠിരൻ ഗാന്ധാരിയുടെ അശ്രുക്കൾ തുടച്ചു. കൗരവസ്ത്രീകളുടെയും മററനേകം വീരാംഗനകളുടെയും മനസ്സിനെ സമാധാനിപ്പിക്കുവാൻ അദ്ദേഹം ശ്രമിച്ചു. സ്വന്തം ഹൃദയവും അദ്ദേഹം ശാന്തമാക്കിത്തീർത്തു.

ഒരുദിവസം യുധിഷ്ഠിരൻ നാലു സഹോദരന്മാരോടും ദ്രൗപദിയോടുംകൂടി പിതാമഹൻെറ അടുക്കലേയ്ക്കു പോയി. പിതാമഹൻ ശരശയ്യയിൽ കിടക്കുകയാണ്. എല്ലാവരും അദ്ദേഹത്തെ നമസ്കരിച്ചതിനുശേഷം അടുത്തുചെന്നിരുന്നു.

പിതാമഹൻ യുധിഷ്ഠിരനെ കണ്ടിട്ട് ഇങ്ങനെ ചോദിച്ചു:—"യുധിഷ്ഠിരാ! എല്ലാവർക്കും ക്ഷേമംതന്നെയല്ലേ? ഹസ്തിനപുരിയിലെ സിംഹാസനത്തിൽ മുള്ളുകൾ അവശേഷിച്ചിട്ടില്ലല്ലോ."

യുധിഷ്ഠിരൻ:—അങ്ങയോടു ഞാനെന്താണു പറയേണ്ടതു്? രാജാക്കന്മാരുടെ സിംഹാസനങ്ങൾ പുറമേയ്ക്കു വളരെ മൃദുലമായി തോന്നും. അതുകൊണ്ട് ജനങ്ങൾ സ്വാഭാവികമായി കരുതുന്നതു് അവ വളരെ മാർദ്ദവമേറിയതാണെന്നാണു്. പക്ഷേ, സിംഹാസനത്തിന്മേൽ ഇരിക്കുന്ന ഒരാൾക്കുമാത്രമേ പുറമേ കാണുന്ന പട്ടിൻെറ അടിയിൽ തുന്നിപ്പിടിപ്പിച്ചിട്ടുള്ള മുള്ളുകളെപ്പററി അറിയുകയുള്ളു.

പിതാമഹൻ:—ഇത്ര കുറച്ചു ദിവസംകൊണ്ടുതന്നെ ഇങ്ങനെ ഒരഭിപ്രായമാണോ നിനക്കുണ്ടായതു്?

യുധിഷ്ഠിരൻ:—ആദ്യത്തെ ദിവസംമുതൽക്കുതന്നെ എനിക്ക് ഈ അഭിപ്രായം ഉണ്ടായിട്ടുണ്ട്. പിതാമഹാ! ക്ഷമിക്കണം. ഈ രാജസുഖങ്ങളെല്ലാം ഉപേക്ഷിച്ച് എവിടേയ്ക്കെങ്കിലും പോയാൽകൊള്ളാമെന്നുകൂടി എനിയ്ക്കു തോന്നിത്തുടങ്ങിയിരിക്കുന്നു.

പിതാമഹൻ:—യുധിഷ്ഠിരാ! അസംബന്ധം പറയാതിരിക്കു. എവിടേയ്ക്കാണു് ഓടിപ്പോകുന്നതു്? പതിനെട്ട് അക്ഷൗഹിണിസൈന്യത്തെ നശിപ്പിച്ചതു് ഒടുവിൽ ഓടിപ്പോകുവാൻവേണ്ടിയായിരുന്നുവോ? നിനക്ക് എങ്ങനെയാണു് ഓടിപ്പോകണമെന്നു പറയുവാൻ

തോന്നിയത്? ഈ സംഹാരമെല്ലാം നടന്നത് എന്തിനുവേണ്ടിയായിരുന്നുവോ അത് നല്ലവണ്ണം അനുഭവിക്കുക. ഹസ്തിനപുരിയിലെ പ്രജകളെ സംരക്ഷിച്ചുവരികയാണ് ഇനി നീ ചെയ്യേണ്ടതു്.

യുധിഷ്ഠിരൻ:—പിതാമഹാ! സമുദായത്തിൻെറ ഹൃദയത്തിന്മേൽ ഒരു വലിയ ഭാരം കയററിവെച്ചതുപോലെയാണു ഇന്നു് തോന്നുന്നതു്.

പിതാമഹൻ:—നീ പറഞ്ഞതു ശരിയാണു്. യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ ജനഹൃദയങ്ങളിൽ ഒരുതരം ഉന്മാദം വ്യാപിച്ചിരുന്നു തൽഫലമായിട്ടാണു് ഇന്നു സർവ്വത്ര മൂഢമതിത്വം കാണപ്പെടുന്നതു്. അതു് തികച്ചും സ്വാഭാവികവുമാണു്. നിങ്ങൾ എല്ലാവരും ജനങ്ങളിൽ ധർമ്മയുദ്ധത്തിൻെറ ലഹരി കയററിവിട്ടു. അതുകൊണ്ടു് ഇന്നു കാണപ്പെടുന്ന മൂഢത്വത്തേയും നിങ്ങൾതന്നെ സഹിക്കണം.

യുധിഷ്ഠിരൻ:—ഇന്നു് സമുദായത്തിൽ സർവ്വത്ര ദീനത, വ്യഗ്രത, അജ്ഞാനം മുതലായ ദോഷങ്ങൾ വളരെ അധികം കാണുവാൻ എനിക്കു സാധിക്കുന്നുണ്ടു്. മുമ്പു് ഇത്രയധികമുണ്ടായിരുന്നില്ല. എവിടെ നോക്കിയാലും ശൂന്യതയും നിശ്ചലത്വവുമല്ലാതെ വേറെയൊന്നും കാണുന്നില്ല എന്നുള്ളതാണു് ആശ്ചര്യകരമായിരിക്കുന്നതു്.

പിതാമഹൻ:—യുധിഷ്ഠിരാ! കേൾക്കുക. പാണ്ഡവന്മാരായ നിങ്ങൾ കിട്ടിയ സന്ദർഭങ്ങളിലെല്ലാം ദുര്യോധനനെ നിന്ദിച്ചിട്ടുണ്ടു്. അതിനു് യാതൊരു കുറവും വരുത്തീട്ടില്ല.

യുധിഷ്ഠിരൻ:—പിതാമഹാ! ഞാൻ നിന്ദിച്ചിട്ടുണ്ടെന്നാണോ പറയുന്നതു്?

പിതാമഹൻ:—നീയല്ലെങ്കിൽ നിൻെറ സഹോദരന്മാർ നിൎദ്ദിച്ചിട്ടുണ്ടായിരിക്കും. ഇന്നു് ഹസ്തിനപുരി നിങ്ങൾക്കു കിട്ടീട്ടുണ്ടു്. അതുകൊണ്ടു് ദുൎയ്യോധനനിൽ നിങ്ങൾ കണ്ടിരുന്ന ദോഷങ്ങൾ നിങ്ങളെ ബാധിക്കാതെ സൂക്ഷിക്കേണ്ടതു് അത്യാവശ്യമാണു്.

യുധിഷ്ഠിരൻ:— ഞങ്ങളെ സംബന്ധിച്ചേടത്തോളം ഒരു വലിയ പരീക്ഷണമാണ.തു്. അതിൽ വിജയിക്കുക തന്നെ വേണം.

പിതാമഹൻ:—മനുഷ്യനെ മാററുരച്ചുനോക്കുന്നതു് ഇങ്ങനെയുള്ള ഘട്ടങ്ങളിലാണു്. മററുള്ളവരുടെ ദോഷങ്ങളെ കണ്ടുപിടിച്ചു് അവയെ വളരെ വലുതാക്കിക്കാണിക്കുന്ന ആളുകൾ അതേ സ്ഥിതിയിൽ എത്തിച്ചേരുകയാണെങ്കിൽ കൂടുതൽ കൊള്ളരുതാത്തവരും നീചന്മാരും ആയിത്തീരുന്നതായിട്ടാണു് ഞാൻ അധികവും കണ്ടിട്ടുള്ളതു്. അതുകൊണ്ടു വളരെ വിഷമംപിടിച്ച ഈ പരീക്ഷണം അതിജീവിക്കുവാൻ നിങ്ങൾക്കു കഴിയണം. അങ്ങനെ കഴിഞ്ഞില്ലെങ്കിൽ ജനങ്ങൾക്കു നിങ്ങളിൽ വിശ്വാസമുണ്ടാവുകയില്ല. ദുൎയ്യോധനൻെറ അധൎമ്മരാജ്യവും നിങ്ങളുടെ ധൎമ്മരാജ്യവും തമ്മിലുള്ള വ്യത്യാസം ജനങ്ങൾക്കു വ്യക്തമായി അറിയുവാൻ കഴിയണം. എന്നാൽമാത്രമേ ഇതുകൊണ്ടെല്ലാം ഫലമുണ്ടാവുകയുള്ളൂ.

യുധിഷ്ഠിരൻ:—പിതാമഹാ! അങ്ങു പറയുന്നതു് യഥാൎത്ഥമാണു്. ഏതു നിലയ്ക്കും ജനങ്ങളിൽ അങ്ങനെയൊരു വിശ്വാസം ഉണ്ടാക്കേണ്ടതു് എൻെറ ചുമതലയാണു്. എന്നാൽ സമുദായത്തിലെങ്ങും ഒരു ശൂന്യത കളിയാടുന്നതായി ഞാൻ കാണുന്നു. അതുകൊണ്ടു് എൻെറ മാൎഗ്ഗമേതെന്നു് എനിക്കു വ്യക്തമാകുന്നില്ല.

പിതാമഹൻ:—ശൂന്യത തികച്ചും ഉണ്ട്. കുരുക്ഷേത്രത്തിലെ മൈതാനത്തിൽ ഭീഷ്മൻ മാത്രമാണ് ശരശയനം ചെയ്യുന്നതു് എന്നു നീ ധരിക്കേണ്ട. ഈ യുദ്ധക്കളത്തിൽ പതിനെട്ട് അക്ഷൌഹിണീസൈന്യങ്ങൾ മാത്രമാണ് മരിച്ചുകിടക്കുന്നതു് എന്നും നീ വിചാരിക്കേണ്ട. യഥാൎത്ഥത്തിൽ സമുദായത്തിൻെറ സംസ്കാരം മുഴുവനും ഇന്നു ശരശയനംചെയ്യുകയാണ്. ഇവിടെ മരിച്ചുകിടക്കുന്ന പതിനെട്ട് അക്ഷൌഹിണീസൈന്യത്തോടൊപ്പം ആൎയ്യസംസ്കാരവും മരിച്ചുകിടക്കുകയാണ്. ഇനി സമുദായത്തെ പുനൎന്നിൎമ്മാണം ചെയ്യേണ്ടതു് നിൻെറ കൈകളാണ്. പാണ്ഡവന്മാരായ നിങ്ങൾ പകുതി പ്രവൃത്തി മാത്രമേ ചെയ്തിട്ടുള്ളു. നിങ്ങൾ എന്നെ പരാജയപ്പെടുത്തി, ദ്രോണരെ ജയിച്ചു, കൌരവന്മാരെയെല്ലാം വധിച്ചു. ഇതു് വിധ്വംസകപ്രവൎത്തനം മാത്രമേ ആയുള്ളു. എന്നാൽ നിൎമ്മാണാത്മകമായ പ്രവൎത്തനങ്ങൾ ചെയ്യാനിരിക്കുന്നതേയുള്ളു. അങ്ങനെ നവഭാരതത്തെ സൃഷ്ടിക്കുക എന്നതാണ് നിങ്ങളുടെ പരമമായ കൎത്തവ്യം.

യുധിഷ്ഠിരൻ:—മഹത്തായ ആ പ്രവൃത്തി എങ്ങനെ നിൎവ്വഹിക്കാം?

ഭീഷ്മർ:—അതു ചെയ്യേണ്ടതു നീയാണ്. ഞാൻ പോകയായി. എൻെറ ജ്ഞാനം മുഴുവൻ ഞാൻ നിന്നെ ഏല്പിക്കുന്നു. നിൻെറ അനുജനായ ഈ അൎജ്ജുനനാണ് നവീനസമുദായത്തിൻെറ സ്രഷ്ടാവു്. അതിൽ ശ്രീകൃഷ്ണന്നു് ഒരു മഹത്തായ പങ്കുണ്ട്. യുഗപുരുഷനായ ശ്രീകൃഷ്ണൻ നവീനഭാരതം സൃഷ്ടിക്കുവാൻവേണ്ടി മാത്രമാണ് അവതരിച്ചിട്ടുള്ളതു്. അതുകൊണ്ടു നിനക്കു് ഒട്ടുംതന്നെ പരിഭ്രമം വേണ്ട. ഇന്നു ശൂന്യവും തരിശുമായിക്കിടക്കുന്ന സ്ഥലത്തെല്ലാം നാളെ

പുതിയ അങ്കുരങ്ങൾ പൊട്ടിമുളയ്ക്കുന്നതു കാണാം. അങ്ങനെ സർവ്വത്ര പച്ചപിടിക്കും. ഇന്ന് അന്ധകാരവും അവ്യവസ്ഥയും കാണപ്പെടുന്നടത്തെല്ലാം പുതിയ പ്രകാശം തട്ടുമ്പോൾ സുവ്യവസ്ഥ തനിയെ വന്നുകൊള്ളും. പ്രസ്തുത പ്രകാശം നൽകലാണ് നിന്റെ പ്രവൃത്തി. യുധിഷ്ഠിരാ! പുരാതനവും ജീർണ്ണവുമായ സമുദായത്തെ തള്ളിമാററുന്നവർക്കെല്ലാം തന്നെ നവീനസമുദായത്തെ സൃഷ്ടിക്കേണ്ടതായ ചുമതലയുണ്ടെന്നു നീ വിസ്മരിക്കരുത്.

യുധിഷ്ഠിരൻ:—പിതാമഹാ! അങ്ങു പറയുന്നതെല്ലാം ഞാൻ നല്ലപോലെ ഗ്രഹിക്കുന്നുണ്ട്. എന്നാൽ ഈ പ്രവൃത്തികളെല്ലാം എനിക്കു തനിയേ എങ്ങനെ ചെയ്തു തീർക്കുവാൻ സാധിക്കും എന്നുള്ളതാണ് പ്രശ്നം.

ഭീഷ്മർ:—എന്തിനു തനിയേ ചെയ്യുന്നു? നിന്റെ സഹോദരന്മാർ ഉണ്ടല്ലോ! പോരാത്തതു് പാഞ്ചാലിയും ഉണ്ട്, ദേവീ പാഞ്ചാലീ!

ദ്രൗപദി മുമ്പോട്ടു വന്നു പറഞ്ഞു:—"പിതാമഹാ, ആജ്ഞാപിച്ചാലും!"

ഭീഷ്മർ:—പാണ്ഡവന്മാർ മഹാഭാരതം പൂർത്തിയാക്കി. എന്നാൽ സമുദായത്തിൽ ജീവനെ പുനഃപ്രതിഷ്ഠിക്കുക എന്ന കൂടുതൽ ക്ലേശകരമായ ഒരു മഹാഭാരമാണ് ഇനി പൂർത്തിയാക്കുവാനുള്ളതു്. അതിന്നു് യുധിഷ്ഠിരന്നു് നിന്റെ സഹായം ആവശ്യമാണ്.

ദ്രൗപദി:—പിതാമഹാ! അബലകളായ ഞങ്ങൾക്ക് എന്തുചെയ്യാൻ കഴിയും?

ഭീഷ്മർ:—അബലയോ? ദ്രൗപദി അബലയാണോ? പാഞ്ചാലീ! ഈ യുദ്ധം ജയിച്ചതു് പാണ്ഡവന്മാരുടെ സാമർത്ഥ്യംകൊണ്ടുമാത്രമാണെന്നാണോ നീ കരുതുന്നതു്?

ദ്രൗപദി:—ഞാൻ അങ്ങനെയാണ് കരുതുന്നതു്.

പിതാമഹൻ:—എന്നാൽ അതു നിന്റെ തെററിദ്ധാരണയാണു്. അർജ്ജുനന്റെ ബാണങ്ങൾക്കു മൂർച്ചയും ഭീമന്റെ ഗദയ്ക്കു വേഗതയും നല്കുന്നതു് നീയാണെന്ന വസ്തുത മറന്നുപോയോ? ദ്രുപദപുത്രി! പിന്നിൽനിന്നുകൊണ്ടു് പാണ്ഡവന്മാരുടെ ക്രോധാഗ്നിയിൽ നെയ്യ് ഒഴിച്ചുകൊടുക്കുവാൻ നീ ഇല്ലായിരുന്നുവെങ്കിൽ പ്രസ്തുത അഗ്നി എത്രയോ മുമ്പു് കെട്ടുപോകുമായിരുന്നു. നിന്നെ അബലയെന്നു് ആർ വിളിക്കും?

ദ്രൗപദി:—സമുദായം മുഴുവനും അങ്ങനെയാണു് വിളിക്കുന്നതു്.

ഭീഷ്മർ:—സമുദായത്തിനു ബുദ്ധിയുണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു്. പാഞ്ചാലീ! പുതിയ ഒരു യുഗം സൃഷ്ടിക്കുന്നതിന്നു് നിന്റെ ശക്തി കൂടിയേ കഴിയൂ. നവീനയുഗത്തിന്റെ ഭാഗ്യാതിരേകം നിന്റെ മഹത്തായ സംഭാവനയെ ആശ്രയിച്ചു സ്ഥിതിചെയ്യുന്നു. വരാൻപോകുന്ന ഭാരതത്തിൽ സ്ത്രീപുരുഷബന്ധം ഇന്നു കാണപ്പെടുന്നതിൽനിന്നു് വളരെ വ്യത്യസ്തമായ ഒരു രീതിയിലായിരിക്കും നിലകൊള്ളുക. മനുഷ്യന്റെ ജീവിതത്തിന്നു് ആകപ്പാടെ മാററം സംഭവിക്കും. അതുകൊണ്ടു് രാജ്യപുനർന്നിർമ്മാണത്തിൽ നീ യുധിഷ്ഠിരമഹാരാജാവിനെ സഹായിക്കണം. അങ്ങനെ ഈശ്വരസൃഷ്ടിയിൽ സ്ത്രീജീവിതം പുരുഷജീവിതത്തെ അപേക്ഷിച്ചു് കൂടുതൽ ആദരണീയമാണെന്നു തെളിയിക്കുകയും വേണം.

ദ്രൗപദി:—അങ്ങു പറയുന്നതുപോലെ ചെയ്യാം. അങ്ങേയ്ക്കു വല്ലാതെ ശ്വാസംമുട്ടുന്നുണ്ടു്. അതുകൊണ്ടു് കുറച്ചു നേരം സംസാരിക്കാതെ കിടക്കണം.

ഭീഷ്മർ:—ഒരുകാര്യവുംകൂടി പറയാനുണ്ടു്. അർജ്ജുനാ!

അർജ്ജുനൻ:—പിതാമഹാ, കല്പിച്ചാലും!

ഭീഷ്മർ:—ജീവിതത്തിൻെറ അവസാനത്തെ പടിയിൽ നില്ക്കുന്ന ഞാൻ എന്താണു് കല്പിയ്ക്കേണ്ടതു്? അർജ്ജുനാ! രാവിലെ പുതിയ സൂര്യൻ ഉദിക്കുന്നതാണു്. ആ സൂര്യൻെറ കിരണങ്ങളെ ഏല്ക്കുവാൻപോകുന്ന ആൾ നീയാണു്. ഞാൻ പോകുന്നു. പുതിയ പ്രകാശം പരക്കുമ്പോൾ എനിക്കിവിടെ കിടക്കുക സാദ്ധ്യമല്ല. മകനേ! ജ്യേഷ്ഠനെ സഹായിക്കണം. ഇന്നു ഞാൻ പോകുന്നതു് പുതിയ പ്രകാശത്തെയും കണ്ടുകൊണ്ടാണു്. അങ്ങനെ നിങ്ങളെല്ലാവരും പോകുന്നതു് പുതിയ പ്രകാശത്തിൻെറ കിരണങ്ങൾ കണ്ടുകൊണ്ടായിരിക്കണം.

യുധിഷ്ഠിരൻ:—പിതാമഹാ! അങ്ങു പോകുകതന്നെയാണോ? ഇവിടെയുള്ള ബന്ധങ്ങളെല്ലാം അവസാനിച്ചുവോ?

ഭീഷ്മർ:—യുധിഷ്ഠിരാ! നീ എന്താണു് പറയുന്നതു്? മനുഷ്യർ തമ്മിലുള്ള ബന്ധങ്ങളെല്ലാം ഇപ്രകാരംതന്നെയല്ലേ? പതിനെട്ടു് അക്ഷൌഹിണീസൈന്യം പോയിക്കഴിഞ്ഞു. അതിലുംമീതെയാണോ എൻെറ പ്രയാണം? പോകുവിൻ. സുഖമായി രാജ്യഭരണം നടത്തുവിൻ. ധർമ്മദീപത്തെ നിരന്തരം പ്രദീപ്തമാക്കിക്കൊണ്ടിരിക്കുവിൻ.

ഇത്രയും പറഞ്ഞുകൊണ്ടു് ഭീഷ്മർ കണ്ണുകളടച്ചു.

ഗംഗാദേവിയുടെ പുത്രനും ആര്യസംസ്കാരത്തിൻെറ പ്രതിനിധിയും കുരുകുലത്തിൻെറ ആധാരസ്തംഭവും അച്ഛൻെറ സുഖത്തിനുവേണ്ടി സ്വന്തം സുഖവും വൈഭവങ്ങളും തൃണവൽഗണിച്ച മഹാനും ധനുർവിദ്യയിൽ അദ്വിതീയനും ആയ ഭീഷ്മർ ശരശയ്യയിൽ കിടന്നുകൊണ്ടു് എന്നെന്നേയ്ക്കുമായി തൻെറ കണ്ണുകൾ അടച്ചു. അല്പസമയത്തിനു ശേഷം പൂർവ്വദിശയിൽ നവീനദിവസത്തിൻെറ നവപ്രഭാതം പ്രത്യക്ഷമായി.

—സമാപ്തം—

**KOTTAYAM PUBLIC LIBRARY**

**KOTTAYAM**

Cl. No. 200.2 Acc. No. 11385

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of 20 Ps. per day will be charged

൨൦൦.൨

11385

കുമാരൻ നായർ. പി. കെ
ത്രിച്ചൂർ

KOTTAYAM PUBLIC LIBRARY

Call No. 200.2 Acc. No. 11385

Author കുമാരൻ നായർ. പി.എം

Title [illegible]